# റിപ്പോർട്ട്

# കോട്ടയം, കാസർഗോഡ് ജില്ലകളിലെ മുനിസിപ്പാലിറ്റികളെ സംബന്ധിച്ചത്

## കോട്ടയം നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് നടപ്പാക്കുന്നതിലെ കാലതാമസം**

നഗരസഭയുടെയും, തിരുവനന്തപുരം സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കിന്റെയും സംയുക്താഭിമുഖ്യത്തിൽ കോട്ടയം മുനിസിപ്പൽ റസ്റ്റ് ഹൗസിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി നാളിതുവരെ 24,18,106 രൂപ ചെലവഴിച്ചിട്ടുണ്ട്. 50 ലക്ഷം രൂപ മതിപ്പ് ചെലവ് പ്രതീക്ഷിച്ച് 1999-ൽ പൂർത്തിയാക്കുവാൻ ഉദ്ദേശിച്ച പദ്ധതി നാളിതുവരെയായിട്ടും പൂർത്തിയാക്കിയിട്ടില്ല. കമ്പ്യൂട്ടർ യൂണിറ്റുകൾ തുടങ്ങുന്നതിന് യോഗ്യരായവരെ കണ്ടെത്തുന്നതിന് നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. പദ്ധതി നടത്തിപ്പിനായി തിരുവനന്തപുരം ടെക്നോളജി പാർക്കിന് നൽകിയ 15 ലക്ഷം രൂപയിൽ 12,99,532 രൂപ ചെലവും 2,00,468 രൂപ ബാലൻസും കാണിക്കുന്ന ഒരു സ്റ്റേറ്റ്മെന്റ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ചെലവിന്റെ വ്യക്തമായ രേഖകൾ ഹാജരാക്കിയിട്ടില്ല. ബാക്കി നിൽക്കുന്ന തുക തിരികെ ഈടാക്കുവാനുള്ള നടപടി കഴിവതുംവേഗം സ്വീകരിക്കേണ്ടതും പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ച തുക പാഴായി പോകാതിരിക്കാൻ പദ്ധതി പൂർത്തിയാക്കുന്നതിന് സത്വര നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03-ലെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 7.II.1.(i)]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് ത.സ്വ.ഭ. വകുപ്പിൽ നിന്നും 15-4-2008-ലെ 21107/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

1. "ടി പദ്ധതി 1998-99 വർഷത്തിൽ ആരംഭിച്ചിട്ടുള്ളതാണ്. പദ്ധതി നടത്തിപ്പിനായി തിരുവനന്തപുരം സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കിനു 15 ലക്ഷം രൂപ നൽകിയിരുന്നു. ടി പദ്ധതിയുടെ ലക്ഷ്യം ഐ.റ്റി. വ്യവസായം പ്രോൽസാഹിപ്പിച്ച് തൊഴിലവസരം സൃഷ്ടിക്കുക എന്നതാണ്. ആയതനുസരിച്ച് പത്രപരസ്യം ചെയ്ത് വ്യവസായ സംരംഭകരുടെ യോഗം വിളിച്ചു കൂട്ടി സ്ക്വയർ ഫീറ്റിന് 10 രൂപ നിരക്കാണ് കൗൺസിൽ തീരുമാനിച്ചത്. പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് 22-8-2003 തീയതിയോടുകൂടി ഈ സ്ഥലം ഏറ്റെടുക്കുന്നതിന് 6 പ്രാവശ്യം പത്രപരസ്യം നൽകിയിരുന്നുവെങ്കിലും ആവശ്യക്കാർ ഏറ്റെടുക്കാൻ തയ്യാറാകാത്ത സാഹചര്യം പരിഗണിച്ച് 28-10-2003-ലെ 8-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം ടി പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിക്കുകയും ആയതിലേക്ക് സർക്കാരിലേക്ക് അപേക്ഷിക്കുകയും ചെയ്തു. ആയതു പ്രകാരം 31-7-2004-ലെ 78348/ഡിപി3/04/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവുമൂലം ഈ പദ്ധതി ഉപേക്ഷിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുള്ളതാണ്. സോഫ്റ്റ്‌വെയർ പാർക്കിന് നൽകിയ 15 ലക്ഷം രൂപയിൽ 8,73,780 രൂപ ഉപയോഗിച്ച് പ്രവർത്തനങ്ങൾ നടത്തിയത് കഴിച്ച് ബാക്കി 6,26,220 രൂപ

നഗരസഭയ്ക്ക് 252233/8-2-2007 നമ്പർ ഡിഡി പ്രകാരം തിരിച്ചു നൽകിയിട്ടുള്ളതാണ്. അതോടൊപ്പം ആയതിന്റെ യൂട്ടിലൈസേഷൻ റിപ്പോർട്ടും ഹാജരാക്കിയിട്ടുള്ളതാണ്. എന്നാൽ ഈ റിപ്പോർട്ട് പ്രകാരം സ്ഥാപിച്ചതായി കാണിച്ചിട്ടുള്ള ചില ഇനങ്ങൾ വാസ്തവത്തിൽ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ അവ കുറവ് ചെയ്ത് വിനിയോഗ പത്രം നൽകുന്നതിനും അധിക തുക തിരികെ നൽകുന്നതിനും ജി. 12-14925/97/6-2-2008 നമ്പർ കത്ത് മുഖാന്തിരം ടി ആളുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള 24,18,106 രൂപയിൽ സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് ഓഫ് ഇൻഡ്യ (എസ്.റ്റി.പി.ഐ.) യ്ക്ക് നൽകിയ 15 ലക്ഷം രൂപ കഴിച്ച് ബാക്കി 9,18,106 രൂപയുടെ ചെലവു വിവരം ചുവടെ ചേർക്കുന്നു. ജനറേറ്റർ 3,20,000 രൂപ, ഇ.പി.എ.ബി.എക്സ്. 67,469 രൂപ ഫോട്ടോകോപ്പിയർ 1,07,827 രൂപ, മെയിന്റനൻസ് വർക്ക് 4,12,550 രൂപ,-പത്ര പരസ്യം 10,260 രൂപ. ടി പദ്ധതി ഉപേക്ഷിച്ച സാഹചര്യത്തിൽ 22-9-2004-ലെ 15-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം പദ്ധതി ആവശ്യത്തിലേക്കായി വാങ്ങിയ ജനറേറ്റർ ക്രിമിറ്റോറിയത്തിലും, ഫോട്ടോകോപ്പിയർ നഗരസഭയിലെ ആവശ്യത്തിലേക്കും ഉപയോഗിക്കുന്നതിനായി തീരുമാനിക്കുകയും ചെയ്തു. എന്നാൽ ജനറേറ്റർ ക്രിമിറ്റോറിയത്തിൽ ഉപയോഗിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ 15-10-2007-ലെ 1-ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം നഗരസഭയിലുള്ള അകൂസ്റ്റിക്ക് സംവിധാനത്തോടു കൂടിയ 32 കെവിഎ ഡീസൽ ജനറേറ്റർ ക്രിമിറ്റോറിയത്തിൽ മാറ്റി സ്ഥാപിക്കുന്നതിനും 62.5 കെവിഎ ഡീസൽ ജനറേറ്റർ നഗരസഭയിൽ എത്തിച്ച് പുതിയ അകൂസ്റ്റിക്ക് സംവിധാനത്തോടുകൂടി ഇൻസ്റ്റാൾ ചെയ്ത് എൻ.ഒ.സി. വാങ്ങുന്നതുൾപ്പെടെയുള്ള ചെലവിന് ഭരണാനുമതി നൽകിയിട്ടുള്ളതാണ്. ആയതിന്റെ നടപടികൾ തുടർന്നു വരികയാണ്.

3. കാലപ്പഴക്കത്താൽ മോശമായിരുന്ന റസ്റ്റ്ഹൗസിന്റെ ചുവരുകളും തറകളും നന്നാക്കുന്നതിനും മേൽക്കൂരയിലെ ചോർച്ച ഒഴിവാക്കുന്നതിനും മെയിന്റനൻസ് വർക്കു നടത്തിയതിനാൽ കെട്ടിടത്തെ സംരക്ഷിക്കുന്നതിന് സഹായകമായിട്ടുള്ളതാണ്. ഇതു വഴി മെയിന്റനൻസ് വർക്കിനായി നഗരസഭ ചിലവഴിച്ച തുക നഷ്ടമായതായി കണക്കാക്കേണ്ടതില്ല. റസ്റ്റ്ഹൗസിന്റെ മുറികൾ കൗൺസിൽ തീരുമാനപ്രകാരം ലേലം ചെയ്തു നൽകുന്ന നടപടികൾ സ്വീകരിച്ചുവരുന്നു."

4. കോട്ടയം നഗരസഭ 1998-99 വർഷത്തിൽ ആവിഷ്ക്കരിച്ച സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് 11-6-2008-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ആരാഞ്ഞു. പ്രോജക്ട് നടപ്പിലാക്കിയിട്ടില്ലെന്നും 31-7-2004-ലെ ഗവൺമെന്റ് ഉത്തരവ് പ്രകാരം പദ്ധതി ഉപേക്ഷിക്കാൻ ഗവൺമെന്റിന്റെ അനുമതി ലഭിച്ചിട്ടുണ്ടെന്നും കോട്ടയം മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

5. പ്രസ്തുത പ്രോജക്ട് പ്രായോഗികമാണോയെന്നത് സംബന്ധിച്ച് ആരംഭ സമയത്ത് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് ഐ.ടി. സംരംഭകരുമായും തിരുവനന്തപുരം ടെക്നോപാർക്കിലെ ഉദ്യോഗസ്ഥരുമായും ചർച്ച ചെയ്ത് പ്രോജക്ട് പ്രായോഗികമാണെന്നും ലക്ഷ്യപ്രാപ്തി കൈവരിക്കുമെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് നഗരസഭാ കൗൺസിൽ ഈ പദ്ധതി നടപ്പാക്കാൻ തീരുമാനമെടുത്തത് എന്നും മുൻ കോട്ടയം മുനിസിപ്പൽ സെക്രട്ടറിയായിരുന്ന ശ്രീമതി ആനി സ്റ്റീഫൻ സമിതിയെ ധരിപ്പിച്ചു.

6. 50 ലക്ഷം രൂപ മതിപ്പു ചെലവ് പ്രതീക്ഷിച്ചിരുന്ന സോഫ്റ്റ്വെയർ ടെക്നോളജി പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച 24,18,106 രൂപയുടെ വിശദാംശങ്ങൾ സമിതി ആരാഞ്ഞു. പദ്ധതിച്ചെലവുകൾക്കായി 15 ലക്ഷം രൂപ സോഫ്റ്റ്വെയർ ടെക്നോളജി പാർക്ക് ഓഫ് ഇന്ത്യ (എസ്.ടി.പി.ഐ.) എന്ന സ്ഥാപനത്തിനു നൽകിയെന്നും ബിൽഡിംഗ് മെയിന്റനൻസിനും ജനറേറ്റർ വാങ്ങുന്നതിനുമായി 9,18,106 രൂപ മുനിസിപ്പാലിറ്റി ചെലവഴിച്ചിട്ടുണ്ടെന്നും ഇപ്രകാരം ആകെ 24,18,106 രൂപ ഈ പ്രോജക്ടിനായി ചെലവഴിച്ചുവെന്നും നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു. എസ്.റ്റി.പി.ഐ.യ്ക്കു നൽകിയ 15 ലക്ഷം രൂപയിൽ 8,73,780 രൂപയുടെ പ്രവർത്തനങ്ങൾ മാത്രമേ അവർ നടത്തിയുള്ളൂ എന്നും അതിന്റെ ബാക്കി തുകയായ 6,26,220 രൂപ അവർ നഗരസഭയിൽ തിരിച്ചടച്ചിട്ടുണ്ടെന്നും ശ്രീമതി ആനി സ്റ്റീഫൻ സമിതിയെ അറിയിച്ചു. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വിശദമായി പഠിച്ച് ഡി.പി.സി. അംഗീകരിച്ചതിനു ശേഷമാണ് പ്രസ്തുത പ്രോജക്ട് ആരംഭിച്ചതെന്നും മുൻ മുനിസിപ്പൽ സെക്രട്ടറി കൂട്ടിച്ചേർത്തു.

7. പ്രോജക്ട് നടപ്പാക്കേണ്ടെന്നുള്ള നഗരസഭാ തീരുമാനം 2004-ൽ സർക്കാർ അംഗീകരിച്ചെങ്കിലും എസ്.റ്റി.പി.ഐ.യുടെ കൈവശം ബാക്കി നിന്ന 6,26,220 രൂപ പലിശ പോലും ഈടാക്കാതെ 2007-ൽ മാത്രമാണ് കോട്ടയം നഗരസഭ തിരികെ വാങ്ങിയത് എന്ന വസ്തുത സമിതി ചൂണ്ടിക്കാട്ടി.

8. 2004-ൽ പ്രസ്തുത പ്രോജക്ട് ഉപേക്ഷിക്കുവാനുണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് സമിതി ആരാഞ്ഞതിന് 1998-ലെ ഒരു പ്രോജക്ടായിരുന്നു ഇതെന്നും അന്ന് ജനകീയാസൂത്രണ പദ്ധതി പ്രകാരമുള്ള നടപടിക്രമങ്ങളെല്ലാം പൂർത്തീകരിച്ചാണ് വർക്ക് ആരംഭിച്ചതെന്നും സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. പദ്ധതി നടപ്പാക്കുന്നതിലുണ്ടായ കാലതാമസംമൂലം ടെക്നോളജി പാർക്കിന്റെ പ്രസക്തി നഷ്ടപ്പെടുകയും ചെയ്തു. 8 പ്രാവശ്യം പത്രപ്പരസ്യം നൽകിയിട്ടും പ്രോജക്ട് ഏറ്റെടുക്കാൻ ആരും മുന്നോട്ടു വരികയുണ്ടായില്ല എന്നും ഈ സാഹചര്യത്തിൽ പദ്ധതിയുടെ സാധ്യത സംബന്ധിച്ച് ഒരിക്കൽ കൂടി വിശദമായി പഠിച്ച് റിപ്പോർട്ട് തയ്യാറാക്കി കൗൺസിലിന്റെ സബ് കമ്മിറ്റിക്ക് സമർപ്പിക്കുകയും അവരുടെ പരിശോധനയ്ക്കുശേഷം കൗൺസിലും പരിഗണിച്ച് ശുപാർശ ചെയ്തതിനെ തുടർന്നാണ് പ്രോജക്ട് ഉപേക്ഷിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചതെന്ന് കോട്ടയം നഗരസഭാ സെക്രട്ടറി അറിയിച്ചു.

9. തുടർന്ന് പദ്ധതി നടത്തിപ്പിനായി എസ്.റ്റി.പി.ഐ.യ്ക്ക് നൽകിയ തുക മടക്കി നൽകുന്നതിന് ആവശ്യപ്പെട്ട് പല പ്രാവശ്യം കത്ത് നൽകിയതിന്റെ ഫലമായാണ് 2007-ൽ അവർ കണക്കും യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ബാക്കി പണവും തിരികെ നൽകാൻ തയ്യാറായതെന്നും ഇത് സംബന്ധിക്കുന്ന രേഖകളെല്ലാം ഫയലിലുണ്ടെന്നും 2003-04-ലെ കാലഘട്ടത്തിൽ സെക്രട്ടറിയായിരുന്ന ശ്രീ. കെ. സി. ജോസഫ് സമിതിയെ അറിയിച്ചു.

10. പദ്ധതിക്കുവേണ്ടി സർക്കാർ ഫണ്ട് വിനിയോഗിച്ച് നഗരസഭ അറ്റകുറ്റപ്പണി നടത്തി സജ്ജമാക്കിയ 22 മുറികൾ മൂന്നരവർഷക്കാലം അടച്ചിട്ടിരുന്നതിനുശേഷം മാത്രമാണ് ലേലം ചെയ്യാൻ നഗരസഭ നടപടി സ്വീകരിച്ചതെന്ന് സമിതി

മനസ്സിലാക്കി. സോഫ്റ്റ്വെയർ പാർക്ക് ഉപേക്ഷിച്ച സാഹചര്യത്തിൽ അതിനായി സജ്ജീകരിച്ച മുറികൾ ആദ്യം സർക്കാർ വകുപ്പ് വാടകയ്ക്ക് ഏറ്റെടുക്കാൻ തയ്യാറാവുകയും ഇതിനായി അവരുമായി എഴുത്തുകുത്തുകൾ നടത്തുകയും ചെയ്തിരുന്നു. എന്നാൽ ഈ ഉദ്യമം പ്രാവർത്തികമാകാത്ത സാഹചര്യത്തിൽ കുടുംബ കോടതി കെട്ടിടം മുഴുവൻ ഏറ്റെടുക്കാൻ തയ്യാറാണെന്ന് കാണിച്ച് കത്ത് നൽകിയെന്നും അതും ഫലവത്താകാതെ വന്നതിനാൽ പിന്നീട് മുറികൾ ഒറ്റയ്ക്കൊറ്റയ്ക്ക് വാടകയ്ക്ക് കൊടുക്കാൻ തീരുമാനമെടുക്കുകയും ഇതിനായി കമ്മിറ്റി കൂടി വാടക തീരുമാനിക്കുകയും ചെയ്തതായി ശ്രീ. കെ. സി. ജോസഫ് സമിതിയെ അറിയിച്ചു.

11. എസ്.റ്റി.പി.ഐ.യുടെ ഫണ്ട് യൂട്ടിലൈസേഷൻ റിപ്പോർട്ടിലെ ഗ്രൂപ്പ് 'എ' യിൽ 7,47,623 രൂപയുടെ ചെലവിനത്തിൽ കാണിച്ചിരിക്കുന്ന പല സാധനങ്ങളും റെസ്റ്റ് ഹൗസിൽ സ്ഥാപിച്ചിട്ടുള്ളതായോ, നഗരസഭയിൽ ഏൽപ്പിച്ചിട്ടുളളതായോ കാണുന്നില്ലെന്ന് മുനിസിപ്പൽ കൗൺസിൽ എസ്.റ്റി.പി.ഐ. ഡയറക്ടർക്ക് 6-2-2008-ൽ അയച്ചിരിക്കുന്ന കത്തിൽ സൂചിപ്പിച്ചിരിക്കുന്നതിൽ ദുരൂഹതയുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ എസ്.റ്റി.പി.ഐ.യുടെ മറുപടി എന്തായിരുന്നു എന്ന് സമിതി ആരാഞ്ഞതിന് 26-2-2008-ൽ എസ്.റ്റി.പി.ഐ. നൽകിയ മറുപടിയിൽ പ്രസ്തുത സാധനങ്ങൾ എസ്.റ്റി.പി.ഐ.യുടെ കസ്റ്റഡിയിൽ തന്നെ ഉണ്ടെന്നും മുനിസിപ്പാലിറ്റിക്ക് അത് തിരികെ ലഭ്യമാക്കാമെന്നും അറിയിച്ചിട്ടുളളതായി ശ്രീ. കെ. സി. ജോസഫ് സമിതിയെ അറിയിച്ചു.

12. സപ്ലൈ ചെയ്ത സാധനങ്ങളുടെ ചെലവ് കാണിച്ച് ബാക്കി വന്ന തുക മുൻസിപ്പാലിറ്റിക്ക് 2007-ൽ കൈമാറിയശേഷം 2008-ൽ ചെലവിനത്തിൽ കാണിച്ചിരിക്കുന്ന സാധനങ്ങൾ തങ്ങളുടെ പക്കൽ തന്നെയുണ്ടെന്ന് എസ്.റ്റി.പി.ഐ. അറിയിച്ചിട്ടും പ്രസ്തുത സാധനങ്ങൾ തിരിച്ചു വാങ്ങുകയോ കണക്ക് സെറ്റിൽ ചെയ്യാതിരിക്കുകയോ ചെയ്തത് മുനിസിപ്പാലിറ്റിയുടെ ഭാഗത്തു നിന്നും വന്ന അക്ഷന്തവ്യമായ തെറ്റാണെന്ന് സമിതി വിലയിരുത്തി. പദ്ധതിക്കായി വാങ്ങിയത് ഇലക്ട്രോണിക്സ് സാധനങ്ങളാകയാൽ അവ കാലഹരണപ്പെട്ടു പോയിരിക്കാമെന്നും സമിതി അഭിപ്രായപ്പെട്ടു.

പദ്ധതി ഉപേക്ഷിച്ച സാഹചര്യത്തിൽ കണക്റ്റഡ് ലോഡ് കൂടുതൽ ആവശ്യമില്ലാത്തതിനാൽ ട്രാൻസ്ഫോർമറിന്റെ ആവശ്യമില്ലെന്നും അതിനായി ഇലക്ട്രിസിറ്റി ബോർഡിന് ഡെപ്പോസിറ്റ് നൽകിയ 4.75 ലക്ഷം രൂപ തിരികെ വാങ്ങാവുന്നതാണെന്നും ഇനി ട്രാൻസ്ഫോർമറിന്റെ ആവശ്യമില്ലാത്തതിനാൽ ആ വിവരം ഇലക്ട്രിസിറ്റി ബോർഡിനെ അറിയിച്ച് വൈദ്യുതി ബന്ധം വിച്ഛേദിച്ചില്ലെങ്കിൽ കണക്റ്റഡ് ലോഡിനായി ബോർഡിൽ അടച്ചുകൊണ്ടിരിക്കുന്ന തുക മുനിസിപ്പാലിറ്റിയുടെ നഷ്ടക്കണക്കിൽ ഉൾപ്പെടുമെന്നും സമിതി ചൂണ്ടിക്കാട്ടി.

13. മുൻകൂർ നൽകിയ 15 ലക്ഷം രൂപയിൽ 6,26,220 രൂപയുടെ കണക്ക് സെറ്റിൽ ചെയ്തിരുന്നോ എന്നും 2004-ൽ പ്രോജക്ട് ഉപേക്ഷിക്കുന്ന സമയത്ത് എന്തെല്ലാം സാധനങ്ങൾ മുനിസിപ്പാലിറ്റിയുടെ കൈവശം ഉണ്ട് എന്നുള്ള കണക്കെടുപ്പ് നടത്തിയിരുന്നോ എന്നും സമിതി ആരാഞ്ഞതിന്, 2007 വർഷത്തിലാണ് ബാലൻസ് തുക എസ്.റ്റി.പി.ഐ. തിരികെ നൽകിയതെന്നും അന്നത്തെ പ്രോജക്ടിന്റെ പൊസിഷൻ വച്ച് ഫൈനൽ റിപ്പോർട്ട് 28-10-2003-ൽ സർക്കാരിലേക്ക് അയയ്ക്കുകയാണ് ഉണ്ടായതെന്നും മുൻ സെക്രട്ടറി ശ്രീ. കെ. സി. ജോസഫ് സമിതിയെ അറിയിച്ചു.

14. എന്നാൽ 28-10-2003-ൽ സർക്കാരിലേക്ക് അയച്ച കത്തിൽ മുറികൾ ആരും വാടകയ്ക്ക് എടുക്കുന്നില്ലെന്നും, അതിനാൽ മുറികൾ വേറെ ആവശ്യത്തിനു നൽകണ മെന്നും മാത്രമാണ് പറഞ്ഞിട്ടുള്ളതെന്നും, എസ്.റ്റി.പി.ഐ.-യിൽ നിന്നും വാങ്ങിയ സാധനങ്ങൾ എല്ലാം മുനിസിപ്പാലിറ്റിയിൽ ലഭിച്ചിട്ടുണ്ടോ എന്നു പോലും പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടില്ലായെന്നും സമിതി ചൂണ്ടിക്കാട്ടി.

15. 2004 ജൂലൈ മാസത്തിൽ സർക്കാർ ഉത്തരവ് വന്നശേഷം മുറികൾ വാടകയ്ക്ക് കൊടുക്കാൻ തീരുമാനിക്കുകയും വാടക നിജപ്പെടുത്തുകയും ചെയ്ത തായി മുൻ സെക്രട്ടറി ശ്രീ. കെ. സി. ജോസഫ് കൂട്ടിച്ചേർത്തു.

എസ്.റ്റി.പി.ഐ.യുമായി മുനിസിപ്പാലിറ്റിക്ക് രേഖാമൂലമുള്ള കരാർ ഉണ്ടായി രുന്നോ എന്നും, കരാറിൽ സാധനങ്ങൾ വിതരണം ചെയ്യേണ്ട രീതിയെക്കുറിച്ചോ, പെയ്മെന്റിനെ സംബന്ധിച്ചോ, മുൻകൂർ തുക നൽകുന്നത് സംബന്ധിച്ചോ എന്തെങ്കിലും വ്യവസ്ഥകൾ ഉണ്ടായിരുന്നോ എന്നും സമിതി ആരാഞ്ഞതിന് രേഖാമൂലമുള്ള കരാർ ഉണ്ടെന്നും മുനിസിപ്പാലിറ്റിയും എസ്.റ്റി.പി.ഐ യും കരാറിൽ ഒപ്പുവച്ചിട്ടുണ്ടെന്നും കരാറിൽ 28 വ്യവസ്ഥകൾ ഉണ്ടെന്നും മുൻ കോട്ടയം മുനിസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

16. 28 വ്യവസ്ഥകളിൽ ഏതിലെങ്കിലും ഒന്നിൽ മുടക്കം വന്നാൽ എങ്ങനെ തുക തിരിച്ച് നൽകണമെന്നോ കരാറുകാരനിൽ ആരെങ്കിലും ഏകപക്ഷീയമായി തക്കതായ കാരണമില്ലാതെ കരാറിൽ നിന്നും പിൻമാറിയാൽ അതിന് നഷ്ടപരിഹാരം നൽകേണ്ടി വരുന്നതിനെക്കുറിച്ചോ വ്യക്തമാക്കുന്നുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് മുനിസിപ്പാലിറ്റിയുടെ ഭാഗത്തു നിന്നും വ്യക്തമായ മറുപടി ലഭിക്കുകയുണ്ടായില്ല.

17. 1999 വർഷത്തിൽ 15 ലക്ഷം രൂപ മുൻകൂറായി എസ്.റ്റി.പി.ഐ.യ്ക്ക് നൽകുകയുണ്ടായെങ്കിലും 9 വർഷങ്ങൾക്കുശേഷം പോലും പ്രസ്തുത സാധനങ്ങൾ എസ്.റ്റി.പി.ഐ. മുനിസിപ്പാലിറ്റിക്ക് കൈമാറാത്തതിൽ സമിതി കടുത്ത അമർഷവും അസംതൃപ്തിയും രേഖപ്പെടുത്തി.

മുനിസിപ്പാലിറ്റി എസ്.റ്റി.പി.ഐ. യുമായി ഏർപ്പെട്ട കരാറിന്റെ പകർപ്പ് ഉൾപ്പെടെ ഇതു സംബന്ധിച്ച് മുഴുവൻ ഫയലുകളും രേഖകളും സമിതി മുമ്പാകെ ഹാജരാക്കാൻ സമിതി കോട്ടയം മുനിസിപ്പൽ സെക്രട്ടറിയോട് നിർദ്ദേശിച്ചു.

18. സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് കോട്ടയം നഗരസഭ ഹാജരാക്കിയ ഫയലുകളും കരാർ രേഖകളും സമിതി പരിശോ ധിക്കുകയുണ്ടായി. പരിശോധനയിൽ ബോധ്യപ്പെട്ട വസ്തുതകൾ ചുവടെ ചേർക്കുന്നു :

100% കയറ്റുമതി ലക്ഷ്യമാക്കിക്കൊണ്ട് 30 ലക്ഷം രൂപാ ചെലവിൽ ഒരു സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിന് കോട്ടയം നഗരസഭ ജനകീയാസൂത്രണ പദ്ധതിയിൽ ഒരു പ്രോജക്ട് തയ്യാറാക്കിയിരുന്നു. 1998-99, 1999-2000 എന്നീ വർഷങ്ങളിലെ പദ്ധതി രേഖകളിൽ ഇതിനായി യഥാക്രമം 30 ലക്ഷം രൂപയും, 15 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. ഇതിൽ ആദ്യ വർഷത്തെ ചെലവായ 30 ലക്ഷം രൂപയിൽ 15 ലക്ഷം കോട്ടയം നഗരസഭയുടെ പദ്ധതി വിഹിതത്തിൽ നിന്നും 15 ലക്ഷം സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് ഓഫ് ഇന്ത്യ, ധനകാര്യസ്ഥാ പനങ്ങൾ, എം.പി. ഫണ്ട് എന്നിവയിൽ നിന്നും കണ്ടെത്തുന്നതിനായിരുന്നു

പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിൽ കോട്ടയം നഗരസഭ സാങ്കേതിക പങ്കാളിയായി തെരഞ്ഞെടുത്തത് കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന രജിസ്റ്റേർഡ് സൊസൈറ്റിയായ സോഫ്റ്റ് വെയർ ടെക്നോളജി പാർക്കിനെ (എസ്.റ്റി.പി.ഐ.) ആയിരുന്നു. പ്രസ്തുത പദ്ധതിക്ക് 29-10-1998-ൽ ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും 15-3-99-ൽ തിരുവനന്തപുരത്തെ സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കുമായി കോട്ടയം നഗരസഭ പദ്ധതി നടത്തിപ്പിനായി കരാറിൽ ഒപ്പുവയ്ക്കുകയും ചെയ്തു. കരാറനുസരിച്ചുള്ള പാർക്ക് സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം, കെട്ടിടം, വൈദ്യുതി, വെള്ളം മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നൽകേണ്ടത് നഗരസഭയുടെ ചുമതലയും സാങ്കേതിക സൗകര്യങ്ങൾ നൽകേണ്ടത് എസ്.റ്റി.പി.ഐ യുടെ ചുമതലയും ആയിരുന്നു. കരാർ ഒപ്പുവച്ച അന്നു തന്നെ 15 ലക്ഷം രൂപ നഗരസഭ എസ്.റ്റി.പി.ഐ. യ്ക്ക് കൈമാറി.

19. നഗരസഭയുടെ സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് എന്ന 1998-99-ലെ 13-ാം നമ്പർ പ്രോജക്ട് പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള പണികൾ 1998-99 (സാമ്പത്തിക വർഷം) അവസാനം ആരംഭിക്കുകയും 2002-ൽ പൂർത്തീകരിക്കുകയും ചെയ്തു. അതനുസരിച്ച് സോഫ്റ്റ്‌വെയർ പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിച്ച കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികളും തൊഴിൽ സംരംഭകർക്ക് നൽകാൻ ഉദ്ദേശിച്ച മുറികളും തയ്യാറാക്കുകയും ചെയ്തു. എസ്.റ്റി.പി.ഐ.യുടെ ഓഫീസ് പ്രസ്തുത കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു. സിറോക്സ് ഡി.ജി. സെറ്റ്, ഇ.പി.എ.ബി.എക്സ്. എന്നിവ വാങ്ങുകയും തൊഴിൽ സംരംഭകരിൽ നിന്നും പത്രപരസ്യങ്ങളിൽ കൂടി അപേക്ഷകൾ സ്വീകരിക്കുകയും അവരുമായുള്ള ഒരു മുഖാമുഖം നടത്തുകയും ചെയ്തു. 2002-03 വരെ ഈ പദ്ധതിക്കായി ചെലവഴിച്ച തുകയുടെ വിവരം താഴെ പറയും പ്രകാരം ആണ്.

| വർഷം | ചെലവഴിച്ച തുക |
|---|---|
| 1998-99 | 15 ലക്ഷം രൂപ (എസ്.റ്റി.പി.ഐ) തിരുവനന്തപുരത്തിന് നൽകിയ അഡ്വാൻസ് |
| 1999-2000 | 2,05,419 രൂപ |
| 2000-2001 | 3,99,501 ,, |
| 2001-2002 | 6,34,733 ,, |
| 2002-2003 | 4,35,860 ,, |
| ആകെ | 31,75,513 ,, |

11,360 രൂപ കൂടി പരസ്യക്കൂലി ഇനത്തിൽ നൽകി. അങ്ങനെ ഈ പ്രോജക്ടിന് ചെലവഴിച്ച ആകെ തുക 31,86,873 രൂപയാണ്.

20. പാർക്കിന്റെ സ്ഥാപനത്തോടനുബന്ധിച്ച് അവശേഷിക്കുന്ന പണികൾ- ഡി.ജി.സെറ്റ് സ്ഥാപിക്കൽ, കെ.എസ്.ഇ.ബി. യുടെ ട്രാൻസ്ഫോമർ സ്ഥാപിച്ച് വൈദ്യുതി ബന്ധം സ്ഥാപിക്കൽ, ഇ.പി.ബി.എക്സ്. സിസ്റ്റത്തിന് കേബ്ലിംഗ് ജോലികൾ എന്നിവയായിരുന്നു. ഇതിനായി 9 ലക്ഷം രൂപ കൂടി അധികമായി ആവശ്യമായിരുന്നു.

21. മുറികൾ വാടകയ്ക്ക് നൽകുന്നതിനു വേണ്ടി സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കിൽ സ്ഥലം ആവശ്യപ്പെട്ട് അപേക്ഷ സമർപ്പിച്ചിരുന്ന അപേക്ഷകർക്ക് പല പ്രാവശ്യം കത്തുകൾ അയയ്ക്കുകയും നേരിട്ട് ബന്ധപ്പെടുകയും ചെയ്തു. കൂടാതെ പത്രപരസ്യം വഴി മുറികൾ ഏറ്റെടുക്കുന്നതിന് താൽപ്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും ചെയ്തു. എന്നിട്ടും ആരും മുറികൾ ഏറ്റെടുക്കാൻ താൽപ്പര്യപ്പെട്ടു മുന്നോട്ടു വരാത്ത സാഹചര്യത്തിൽ നഗരസഭയുടെ 1998-99 വർഷത്തെ 13-ാം നമ്പർ പ്രോജക്ട് ആയ 'സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക്' പദ്ധതി ഉപേക്ഷിക്കുന്നതിനും ഈ പദ്ധതിക്കായി സജ്ജമാക്കിയ മുറികൾ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനായുള്ള അനുമതി നൽകുന്നതിനും ഗവൺമെന്റിനോട് ആവശ്യപ്പെട്ടു കൊണ്ട് കോട്ടയം നഗരസഭ വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 22-9-2003-ൽ 2-ാം നമ്പർ തീരുമാനവും നഗരസഭാ കൗൺസിൽ 28-10-2003-ൽ 8-ാം നമ്പർ തീരുമാനവും കൈക്കൊള്ളുകയുണ്ടായി. ഇതനുസരിച്ച് (ഡി.പി.) വകുപ്പ് നമ്പർ 18348/ഡി.പി.-3/04/തസ്വഭവ. കത്തു പ്രകാരം ഗവൺമെന്റ് അനുമതി നൽകുകയും ചെയ്തു.

1. സോഫ്റ്റ് വെയർ ടെക്നോളജി പാർക്ക് പ്രോജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളതുപോലെ ഇതിനുള്ള ചെലവ് എസ്.റ്റി.പി.ഐ.യിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ, എം. പി. ഫണ്ടിൽ നിന്നോ ലഭിക്കുകയില്ല.

2. ഈ പദ്ധതിയുടെ നോൺ ഗ്രാന്റ് ഇൻ എയിഡ് കമ്പോണന്റ് 50%-ൽ അധികം അധികരിച്ചുവെങ്കിലും എം.എൽ.ഇ.സി യുടെയോ 15-2-1999-ലെ ഗവൺമെന്റ് ഓർഡർ നമ്പർ 5/99/പ്ലാനിംഗ് പ്രകാരം ജില്ലാ പ്ലാനിംഗ് സമിതിയുടെയോ മുൻകൂർ അനുവാദം വാങ്ങിയിട്ടില്ല.

3. സോഫ്റ്റ് വെയർ ടെക്നോളജി പാർക്കിന്റെ പണി 1998-99 സാമ്പത്തിക വർഷം ആരംഭിച്ചുവെങ്കിലും 2002-03 വരെ ഇത് പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ല. 2002-03 വരെയുള്ള 31,86,873 രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്.

4. 15-3-1999-ൽ തിരുവനന്തപുരം സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് ഓഫ് ഇൻഡ്യയ്ക്ക് 15 ലക്ഷം രൂപ പദ്ധതി നടത്തിപ്പിനായി നൽകിയെങ്കിലും 24-11-2005-ലെ കത്ത് (2-1-2006-ൽ മാത്രമാണ് ഇതയച്ചതായി കാണുന്നത്) പ്രകാരമാണ് കോട്ടയം നഗരസഭ പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ എസ്.റ്റി.പി.ഐ.യുടെ പക്കൽ നിന്ന് ആവശ്യപ്പെടുകയുണ്ടായത്. 2007 ഫെബ്രുവരി 12-ാം തീയതിയിലെ കത്തു പ്രകാരമാണ് അതിന്റെ വിനിയോഗം സംബന്ധിച്ച വിശദവിവരം എസ്.റ്റി.പി.ഐ. കോട്ടയം നഗരസഭയെ അറിയിക്കുന്നത്. മേൽ സൂചിപ്പിച്ച കത്ത് പ്രകാരം 8,73,780 രൂപ ചെലവായതും 6,26,220 രൂപ അവരുടെ പക്കൽ ബാക്കി നിൽപ്പുണ്ട് എന്നും ആയത് 8-2-2007-ലെ ഡ്രാഫ്റ്റ് പ്രകാരം തിരികെ അയയ്ക്കുന്നതായും എസ്.റ്റി.പി.ഐ. അറിയിച്ചു. എന്നാൽ 15-5-2001-ലെ കത്തിൽ 15 ലക്ഷം രൂപ നൽകിയതിൽ 12,99,532 രൂപ ചെലവഴിച്ചതായി എസ്.ടി.പി.ഐ വിനിയോഗ സാക്ഷ്യപത്രം കോട്ടയം നഗരസഭയ്ക്ക്

അയച്ചിരുന്നു. ഈ സാഹചര്യത്തിൽ 12-2-2007-ൽ 8,73,780 രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂവെന്ന് റിപ്പോർട്ട് ചെയ്തതിൽ നിന്നും 15-5-2001-ലെ വിനിയോഗ സാക്ഷ്യപത്രം വസ്തുതാപരമായി ശരിയല്ല.

5. ടെക്നോളജി പാർക്കിനു വേണ്ടി സ്ഥാപിച്ചതായി എസ്.റ്റി.പി.ഐ. പറഞ്ഞിരിക്കുന്ന 6,93,600 രൂപ വിലപിടിപ്പുള്ള പല വസ്തുക്കളും റസ്റ്റ് ഹൗസിൽ കണ്ടെത്തുവാൻ സാധിച്ചിട്ടില്ലെന്നും ആയതിനാൽ ടി വസ്തുക്കളുടെ ചെലവ് അംഗീകരിക്കുവാൻ കഴിയുകയില്ല എന്നറിയിച്ചു കൊണ്ട് 6-2-2008-ൽ നഗരസഭാ സെക്രട്ടറി സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് ഓഫ് ഇൻഡ്യ തിരുവനന്തപുരത്തിന് കത്തയയ്ക്കുകയുണ്ടായി. ഇതിന് മറുപടിയായി 26-2-2008-ൽ മേൽപ്പടി വസ്തുക്കൾ കോട്ടയം മുനിസിപ്പാലിറ്റിയുടെ സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കിനു വേണ്ടി മാത്രം വാങ്ങിയത് ആകയാലും മേൽപ്പറഞ്ഞ സാധനങ്ങൾ പാർക്കിൽ സ്ഥാപിക്കുവാൻ സാധിക്കാത്തത് എസ്.റ്റി.പിഐ. യുടെ കുറ്റം കൊണ്ടല്ലാത്തതിനാലും ആയതിന്റെ വിലയായ 6,93,600 രൂപ നൽകുവാൻ സാധിക്കുകയില്ലെന്ന് എസ്.റ്റി.പി.ഐ. തിരുവനന്തപുരം മറുപടി നൽകി. നഗരസഭയ്ക്ക് താൽപ്പര്യമുണ്ടെങ്കിൽ എസ്.റ്റി.പി.ഐ.യുടെ കൈവശമുള്ള മേൽപ്പടി വസ്തുക്കൾ നഗരസഭയ്ക്ക് തിരികെ നൽകാമെന്ന് അവർ മറുപടി നൽകി.

6. സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കിനായി വാങ്ങിയ ജനറേറ്റർ നഗരസഭ ക്രിമിറ്റോറിയത്തിൽ ഉപയോഗിക്കുന്നതിന് 22-9-2004-ൽ നഗരസഭാ കൗൺസിൽ തീരുമാനിച്ചെങ്കിലും ക്രിമിറ്റോറിയത്തിന് അത് അനുയോജ്യമല്ലെന്നു കണ്ടെത്താൻ 15-10-2007 വരെ സമയം വേണ്ടി വന്നു.

7. 15-10-2007-ൽ പദ്ധതിയ്ക്ക് വേണ്ടി വാങ്ങിയ ജനറേറ്റർ നഗരസഭയിലും നഗരസഭയിലെ ജനറേറ്റർ ക്രിമിറ്റോറിയത്തിലും മാറ്റി സ്ഥാപിക്കുവാൻ തീരുമാനിച്ചുവെങ്കിലും 2008 ജൂൺ 11 വരെ ആയത് (സമിതി യോഗ തീയതി) മാറ്റി സ്ഥാപിച്ചിട്ടില്ല.

8. പദ്ധതി ഉപേക്ഷിച്ചതിനാൽ 22 മുറികളും ലേലം ചെയ്തു കൊടുക്കുന്നതിന് 22-9-2004-ൽ കൗൺസിൽ തീരുമാനം എടുക്കുകയും 19-8-2004-ൽ നഗരസഭാ സെക്രട്ടറി ലേലം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും റവന്യൂ ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടും ലേലം നടന്നിട്ടില്ല.

9. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനു വേണ്ട 4,35,860 രൂപ കെ.എസ്.ഇ.ബി. യിൽ ഡെപ്പോസിറ്റായി നൽകിയത് 2004-ൽ പദ്ധതി ഉപേക്ഷിച്ചിട്ടും മടക്കി വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

10. പദ്ധതിക്കായി വാങ്ങുകയും പദ്ധതി ഉപേക്ഷിച്ചതിനാൽ ഉപയോഗപ്പെടുത്തുവാൻ സാധിക്കാതെ വന്നതുമായ ഇ.പി.എ.ബി.എക്സ്. പോലുള്ള സാധനങ്ങൾ ലേലം ചെയ്തു വിൽക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടില്ല.

11. തിരുവനന്തപുരം സോഫ്റ്റ്‌വെയർ ടെക്നോപാർക്കിന്റെ കൈവശമുള്ള സാമഗ്രികൾ എന്തു ചെയ്യണമെന്നതിനെ സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല.

22. പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച് നഗരസഭ സ്വീകരിച്ച തുടർ ന്യൂനതാ പരിഹാര നടപടികൾ പരിശോധിച്ച് 4-8-2008-ലെ എൽ.എഫ്. 13457/ സ്പെഷ്യൽ.സെൽ ജി1/08/നമ്പർ കത്ത് മുഖേന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"എസ്.റ്റി.പി.ഐ.യക്ക് നഗരസഭ നൽകിയിരുന്ന തുക ഉപയോഗിച്ചു വാങ്ങിയ 7,47,623 രൂപയുടെ ഉപകരണങ്ങളിൽ 2 ടൺ എ.സി.+യു.പി.എസ്സും [1കെ.വി.+5 കെ.വി. (ഓരോന്നുവീതം) രൂപ 74,751] നഗരസഭാ ഗസ്റ്റ് ഹൗസിൽ സ്ഥാപിച്ചിട്ടു ണ്ടെന്ന് 31-3-2001-ലെ വിനിയോഗ പത്രത്തിൽ പരാമർശിച്ചു കാണുന്നു. എന്നാൽ നഗരസഭയുടെ ന്യൂനതാ പരിഹാര പത്രികയിൽ ഇതിനെ കുറിച്ച് പരാമർശമില്ല. 6-2-2008-ൽ എസ്.റ്റി.പി.ഐ.യ്ക്ക് നഗരസഭ നൽകിയ കത്തിൽ മുകളിൽ പരാമർശിച്ച രണ്ട് യു.പി.എസ്സിന്റെ വിലയായ 35,260 രൂപ ഉൾപ്പെടെ 6,93,600 രൂപാ മടക്കി നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുന്നതിൽ നിന്നും യുപി.എസ്സുകൾ ഇൻസ്റ്റാൾ ചെയ്തി ട്ടില്ലെന്ന് അനുമാനിക്കുന്നു. എസ്.റ്റി.പി.ഐ.യുടെ 31-3-2001-ലെ വിനിയോഗ സാക്ഷ്യപത്രത്തിൽ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെന്നു രേഖപ്പെടുത്തിയിരിക്കുകയും 6-2-2008-ലെ നഗരസഭയുടെ കത്തിൽ യു. പി.എസ്സുകളുടെ വില ഉൾപ്പെടെ തിരികെ നൽകണമെന്ന് ആവശ്യപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നതിൽ ഏതാണ് ശരി യായ വസ്തുത എന്ന് തിട്ടപ്പെടുത്താനുതകുന്ന രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. 6-2-2008-ലെ കത്തിന് 26-2-2008-ൽ നൽകിയ മറുപടിയിൽ 1999-2000-ൽ വാങ്ങിയ ഉപകരണങ്ങളുടെ വില മടക്കി നൽകാനാവില്ലെന്നും താൽപ്പര്യമുള്ളപക്ഷം ഉപകരണങ്ങൾ മടക്കി നൽകാമെന്നും എസ്.റ്റി.പി.ഐ. അറിയിച്ചു കാണുന്നു. 21-5-2008-ൽ സെക്രട്ടറി മുനിസിപ്പൽ എഞ്ചിനീയർക്കു നൽകിയ കുറിപ്പിൽ ഗുണ പരിശോധന നടത്തി ഉപകരണങ്ങൾ എസ്.റ്റി.പി.ഐ.യിൽ നിന്നും ഏറ്റെടുക്കുന്നതിന് ഒരു എഞ്ചിനീയറെ ചുമതലപ്പെടുത്താൻ നിർദ്ദേശിച്ചു കാണുന്നെങ്കിലും തുടർ നടപടികൾ സ്വീകരിച്ചു കാണുന്നില്ല."

## നിഗമനങ്ങൾ/ശുപാർശകൾ

23. **സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് പദ്ധതിയുടെ സാദ്ധ്യതാ പഠനത്തിൽ മുനിസിപ്പാലിറ്റിക്ക് വന്ന പിഴവാണ് പദ്ധതി പരാജയപ്പെടാനുള്ള സുപ്രധാന കാരണമെന്ന് സമിതി വിലയിരുത്തുന്നു. സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്കിന്റെ പണി 1998-99 സാമ്പത്തിക വർഷം ആരംഭിക്കുകയും 2002-03 വരെ 31,86,773 രൂപ ചെലവാക്കുകയും ചെയ്തിട്ടും പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചി ട്ടില്ല. പദ്ധതി സംബന്ധിച്ച ഫയലുകൾ വിശദമായി പരിശോധിച്ചതിൽ നഗരസഭ യുടെ ഭാഗത്ത് അക്ഷന്തവ്യമായ കൃത്യവിലോപവും അനാസ്ഥയും ഉണ്ടായതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി യുടെ താഴെ പറയുന്ന ശുപാർശകളിന്മേൽ അടിയന്തിര നടപടി സ്വീകരിച്ച് 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.**

1. **S.T.P.I. ക്ക് നൽകിയ 15 ലക്ഷം രൂപയിൽ 6,26,220 രൂപ 8-2-2007-ൽ തിരികെ നൽകിയതായി അറിയിച്ചിട്ടുണ്ട്. ബാക്കി 8,73,780 രൂപയിൽ അവർ വാങ്ങി നഗരസഭയ്ക്ക് കൈമാറിയിട്ടുള്ള ഉപകരണങ്ങളുടെ വില കിഴിച്ചുള്ള തുക അടിയന്തിരമായി തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുക.**

2. **പദ്ധതിക്കു വേണ്ടി വാങ്ങിയ ജനറേറ്റർ നഗരസഭയിലും നഗരസഭയിലെ ജനറേറ്റർ ക്രിമറ്റോറിയത്തിലും മാറ്റി സ്ഥാപിക്കുക എന്ന 15-10-2007-ലെ തീരുമാനം അടിയന്തിരമായി പ്രാവർത്തികമാക്കുക.**

3. **പദ്ധതി ഉപേക്ഷിച്ചതിനാൽ 22 മുറികളും ലേലം ചെയ്തു കൊടുക്കുന്നതിന് 22-9-2004-ൽ കൗൺസിൽ തീരുമാനിച്ച് 3 വർഷങ്ങൾക്കുശേഷവും ലേലം നടത്താതിരുന്നതിനുത്തരവാദികളായ മുൻ അസിസ്റ്റന്റ് ജില്ലാ വ്യവസായ വികസന ഓഫീസർമാർ ശ്രീമതി ജാൻസി ഇ. എം., ശ്രീ. എം. വി. മാണി എന്നിവർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനോടൊപ്പം മുറികൾ ലേലം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുക.**

4. **പദ്ധതി ഉപേക്ഷിച്ച സാഹചര്യത്തിൽ കണക്റ്റഡ് ലോഡ് കൂടുതൽ ആവശ്യമില്ലാത്തതിനാൽ കൂടിയ കണക്ടഡ് ലോഡിനായി ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റു ചെയത 4.35 ലക്ഷം രൂപ തിരികെ വാങ്ങുന്നതിനുവേണ്ട നടപടി സ്വീകരിച്ചു റിപ്പോർട്ട് ചെയ്യുക.**

5. **S.T.P.I-യിൽ നിന്നും ലഭിക്കാനുള്ള ഉപകരണങ്ങളും നഗരസഭ നേരിട്ട് വാങ്ങിയതുമായ ഉപകരണങ്ങളിൽ നഗരസഭയ്ക്ക് നേരിട്ട് ഉപയോഗിക്കാൻ കഴിയാത്തവയുമായവ ലേലം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകുക.**

ഓഡിറ്റ് ഖണ്ഡിക

**കറവപ്പശു വളർത്തൽ പദ്ധതി—കൃത്രിമരേഖകൾ തയ്യാറാക്കി ധനസഹായവും നൽകിയതു സംബന്ധിച്ച്**

1998-1999 വർഷത്തിലെ ജനകീയാസൂത്രണ പദ്ധതിയിലെ 10-ാം നമ്പർ പ്രൊജക്ടായ കറവപശു വളർത്തൽ പദ്ധതി നടപ്പിലാക്കുന്നതിന് നഗരസഭയുടെ പ്ലാൻ ഫണ്ടിൽ നിന്നും 1999-2000 വർഷത്തിൽ 4,000 രൂപ നിരക്കിൽ 100 പേർക്കും 6,000 രൂപ നിരക്കിൽ 68 പേർക്കുമായി ആകെ 8,08,000 രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. വിശദമായ പരിശോധനയിൽ കൃത്രിമരേഖകൾ ചമച്ച്, പദ്ധതി രേഖയിലെ നിബന്ധനകൾ അനുസരിച്ച് കറവപ്പശുക്കളെ വാങ്ങാതെതന്നെ ധനസഹായം നൽകിയിട്ടുണ്ടെന്ന് ആഡിറ്റിൽ അനുമാനിക്കുന്നു. പശുക്കളെ പരസ്പരം വാങ്ങിയതായും വിറ്റതായുമുള്ള കൃത്രിമ രേഖകൾ ഉണ്ടാക്കിയാണ് പല വ്യക്തികളും ധനസഹായം കൈപ്പറ്റിയിരിക്കുന്നത്. കൂടാതെ സ്വന്തം വീട്ടിലെ പശുവിനെ മരുമകളിൽ നിന്ന് വാങ്ങിയതായി രേഖ ഉണ്ടാക്കിയും രണ്ടു കുടുംബത്തിലെ അംഗങ്ങൾ പരസ്പരം വിലച്ചീട്ടു നൽകി ധനസഹായം കൈപ്പറ്റിയതായും കാണുന്നു. ഇവയ്ക്കെല്ലാറ്റിനും പുറമേ വനിതകൾക്കായി നടപ്പിലാക്കിയ ടി പദ്ധതിയിൽ പുരുഷൻമാരും ധനസഹായം പറ്റിയതായി കാണുന്നു. മുനിസിപ്പൽ പ്രദേശത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുകയും പാവപ്പെട്ട സ്ത്രീകൾക്ക് തൊഴിലവസരം സൃഷ്ടിക്കുകയും ചെയ്യുക എന്നുള്ള പദ്ധതിയുടെ ലക്ഷ്യത്തെ തുരങ്കം വയ്ക്കുന്ന ഇത്തരം പ്രവണതകൾ അവസാനിപ്പിക്കേണ്ടതാണ്. ടി വിഷയത്തെപ്പറ്റി വിശദമായി അന്വേഷിക്കേണ്ടതും കുറ്റക്കാർക്കെതിരെ യുക്തമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 ലെ സമാഹൃതറിപ്പോർട്ട് ഖണ്ഡിക 7.II.1(ii)]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും 15-4-2008-ലെ 21107/AB1/08/തസ്വഭവ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

24. "ഈ പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്ററിനറി സർജനാണ്. ടി പദ്ധതിയുടെ കാലയളവിൽ വെറ്ററിനറി സർജനായിരുന്നത് ഡോ. സന്തോഷ്കുമാറാണ്. വാർഡുസഭ തിരഞ്ഞെടുത്തതും, കൗൺസിൽ അംഗീകരിച്ചതുമായ ഗുണഭോക്തൃ ലിസ്റ്റാണ് നഗരസഭയിൽ നിന്നു നിർവ്വഹണ ഉദ്യോഗസ്ഥനു കൈമാറിയിട്ടുള്ളത്. ഗുണഭോക്താക്കളെ തിരഞ്ഞെടുത്തതിൽ യാതൊരു അപാകതയും ഓഡിറ്റിൽ ചൂണ്ടി കാണിച്ചിട്ടില്ല. അപേക്ഷകൾ പരിശോധിച്ചതിൽ സജിമോൻ എന്ന പുരുഷനു ധന സഹായം നൽകിയെന്ന ഏകതടസ്സം ഒഴികെ ഓഡിറ്റിൽ ഉന്നയിച്ചിട്ടുള്ള മറ്റു തടസ്സങ്ങളെല്ലാം പദ്ധതി നടപ്പാക്കിയതിന്റെ അപാകതയാണെന്നു കരുതുന്നു. അറുപത്തഞ്ചു വയസ്സായ അമ്മയും, മകനും മാത്രമടങ്ങുന്ന കുടുംബത്തിൽ പ്രായമായ മാതാവിനു വേണ്ടിയാണ് മകന്റെ പേരിൽ ആനുകൂല്യം നൽകിയത് എന്നു കാണുന്നു.

25. എന്നാൽ സാങ്കേതികത ഉന്നയിച്ചു നിർവ്വഹണ ഉദ്യോഗസ്ഥനെ ടി തടസ്സത്തിൽ നിന്നും ഒഴിവാക്കി നഗരസഭാ സെക്രട്ടറിയെ ഉത്തരവാദിയായ ഉദ്യോഗസ്ഥനായി ഉൾപ്പെടുത്തിയതായി കാണിച്ചിരിക്കുന്നു. എന്നാൽ ഓഡിറ്റ് ചൂണ്ടി കാണിച്ചിട്ടുള്ള വീഴ്ചകൾ പദ്ധതി നിർവ്വഹണത്തിലെ വീഴ്ച്ചകളാണ്. അതിൽ നിർവ്വഹണ ഉദ്യോഗസ്ഥനാണു ഉത്തരവാദി. അതിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനു ടി പദ്ധതി സംബന്ധിച്ച തടസ്സത്തിന് വിശദീകരണം നൽകുന്നതിനു നഗരസഭ നൽകിയ നോട്ടീസിനു ടിയാൻ സമർപ്പിച്ച വിശദീകരണത്തിൽ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

26. പദ്ധതിപ്രകാരം മുനിസിപ്പൽ അതിർത്തിയിൽ നിന്നും പശുവിനെ വാങ്ങരുതെന്നു നിബന്ധന ഒന്നുമില്ല. പശുക്കളെ തിരഞ്ഞെടുക്കുന്നതും വാങ്ങുന്നതും ഗുണഭോക്താക്കൾ അടങ്ങുന്ന സംഘാടക സമിതിയാണ് ട്രഷറി നിയന്ത്രണമുണ്ടായിരുന്ന സമയമായതിനാൽ പശു ഉടമസ്ഥൻ ട്രഷറിചെക്ക് കൈപ്പറ്റി പശുവിനെ കൈമാറാൻ തയ്യാറാകാതിരുന്നതിനാൽ ഗുണഭോക്താക്കൾ സ്വന്തം കൈയിൽ നിന്നും, കടം വാങ്ങിയും പശുക്കളെ വാങ്ങിയിട്ടുണ്ട്.

27. അത്തരം സാഹചര്യങ്ങളിൽ ഗുണഭോക്താവ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ചെക്ക് ഗുണഭോക്താവിനു വിശ്വസ്തരായ ചിലർക്ക് നൽകിയിട്ടുള്ളതാണ്. ഇതെല്ലാം തന്നെ ജനകീയാസൂത്രണ സമിതിയുടെയും, സംഘാടക സമിതിയുടേയും അനുവാദത്തോടു കൂടിയാണു നൽകിയത്. ഇത്തരത്തിലാണ് ലതസാജൻ, ചെല്ലമ്മ, രാജമ്മ, ലളിത എന്നിവർക്ക് ചെക്ക് നൽകിയിട്ടുള്ളത്. നൂറ്റി അറുപത്തെട്ടു പശുക്കളെ കണ്ടെത്തേണ്ടതിനാൽ ബ്രോക്കർമാർ ഇടപെടുകയും അവർ പശുക്കളെ വിലപറഞ്ഞു നിർത്തുകയും അങ്ങനെ ഒരാളിൽ നിന്നു തന്നെ പല ഗുണഭോക്താക്കൾ പശുവിനെ വാങ്ങുകയും ചെയ്തിട്ടുണ്ട്. വിലചീട്ടിൽ എത്ര രൂപ രേഖപ്പെടുത്തിയിരുന്നാലും പദ്ധതി ആനുകൂല്യ തുകയായ 4,000 രൂപ മാത്രമേ നഗരസഭ നൽകിയിട്ടുള്ളൂ. വിലചീട്ടിൽ ഒരു പക്ഷേ വിലകൂടുതൽ കാണുന്നുണ്ടെങ്കിൽ ആയതു ക്രമക്കേട് അല്ലാത്തതാണ്.

28. ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുള്ള എല്ലാ ഗുണഭോക്താക്കളും, പശുവിനെ വാങ്ങുകയും മാതൃകാപരമായി പശുക്കളെ വളർത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിനുശേഷം ഗുണഭോക്താക്കളുടെ പശുക്കളുടെ ആരോഗ്യപരമായ കാര്യങ്ങൾ നോക്കുന്നതിനു വെറ്ററിനറി സർജൻ സന്ദർശനം നടത്തിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം മുനിസിപ്പൽ പ്രദേശത്ത് പശുക്കളുടെ എണ്ണം വർദ്ധിക്കുകയും പാലുൽപാദനം വർദ്ധിക്കുകയും ചെയ്തതായി മൃഗസംരക്ഷണ വകുപ്പിന്റെ 20 ഇന പരിപാടിയിൽ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്."

29. സ്ത്രീകൾക്ക് കറവപ്പശുവിനെ നൽകാനുള്ള പദ്ധതിയിൽ പുരുഷൻമാർക്കും പശുവിനെ നൽകിയതിന്റെ സാംഗത്യമെന്താണെന്ന് 11-6-2008-ലെ തെളിവെടുപ്പ് യോഗത്തിൽ വ്യക്തമായ മറുപടി നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കു കഴിഞ്ഞില്ല. ഗുണഭോക്തൃ ലിസ്റ്റ് സംബന്ധിച്ച് സമിതിയുടെ ചോദ്യത്തിന് ഗ്രാമസഭ തയ്യാറാക്കി നൽകുന്ന ലിസ്റ്റിന്റെ കരട് പ്രസിദ്ധീകരിച്ച് തടസ്സവാദമുണ്ടെങ്കിൽ അതും പരിഗണിച്ചശേഷം മുനിസിപ്പൽ കൗൺസിൽ അംഗീകരിച്ച് ഇംപ്ലിമെന്റിംഗ് ഓഫീസർക്ക് നൽകുമെന്ന് മുൻസെക്രട്ടറി ശ്രീമതി ആനിസ്റ്റീഫൻ മറുപടി നൽകി.

30. പ്രസ്തുത ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതിൽ വളരെയധികം ക്രമക്കേടുകൾ കടന്നുകൂടിയിട്ടുണ്ടെന്നും ലിസ്റ്റ് വിശ്വാസയോഗ്യമല്ലെന്നും 7-ാം വാർഡിൽ നിന്നും തെരഞ്ഞെടുക്കാത്ത ആളുകളുടെ പേരുകളും ഉൾപ്പെടുത്തി അന്തിമ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നതു കൊണ്ട് നിർവ്വഹണോദ്യോഗസ്ഥൻ അല്ല മറിച്ച് മുനിസിപ്പൽ സെക്രട്ടറിയാണ് ഉത്തരവാദിയെന്നും സമിതി വിലയിരുത്തി.

31. സമിതി മുമ്പാകെ ഹാജരാക്കപ്പെട്ടിരിക്കുന്ന മൂന്ന് വാർഡു സഭകളിലെ മിനിറ്റ്സിലും ഇല്ലാത്ത ആളുകളുടെ പേര് അന്തിമ ലിസ്റ്റിലുൾപ്പെടുത്തി നിർവ്വഹണോദ്യോഗസ്ഥൻ തുക നൽകണമെന്ന് പറഞ്ഞ സെക്രട്ടറി ഇക്കാര്യത്തിൽ ഉത്തരവാദിയാണെന്നും ലിസ്റ്റിൽ എന്തെങ്കിലും ക്രമക്കേടുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അത് ചൂണ്ടിക്കാട്ടേണ്ടിയിരുന്നത് അന്നത്തെ സെക്രട്ടറിയായിരുന്നെന്നും 20,21 നമ്പരുകളിലായി 'തങ്കമ്മ വാസു' വിന്റെ പേര് രണ്ടുപ്രാവശ്യം വന്നിട്ടും അത് ഇരട്ടിപ്പാണെന്ന് പറയാത്ത സെക്രട്ടറിക്ക് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിയാൻ പറ്റില്ലായെന്നും സമിതി ചൂണ്ടിക്കാട്ടി.

32. മുനിസിപ്പാലിറ്റിയിൽ ജനകീയാസൂത്രണത്തിനു വേണ്ടി രൂപം കൊടുത്തിട്ടുള്ള സെല്ലിൽ ഒരു കൗൺസിലറും മുനിസിപ്പാലിറ്റിയിലെ രണ്ടു സ്റ്റാഫുമുണ്ടെന്നും ജനകീയാസൂത്രണ വാർഡ് കമ്മിറ്റി കൂടുമ്പോൾ എല്ലാ സ്ഥലത്തും സെക്രട്ടറിക്ക് ചെന്നെത്താൻ കഴിയാത്തതിനാൽ അതിനായി ഓരോ സ്റ്റാഫിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും അവർ കൊണ്ടു വരുന്ന ലിസ്റ്റുകളെല്ലാം കൂടി ജനകീയാസൂത്രണ സെല്ലിൽ വച്ച് ഏകോപിപ്പിച്ചാണ് ലിസ്റ്റ് തയ്യാറാക്കുന്നതെന്നും ലിസ്റ്റിന്റെ കരട് ഒബ്ജക്ഷനു വേണ്ടി പരസ്യപ്പെടുത്തുന്ന സമയത്ത് മാത്രമേ സെക്രട്ടറി കാണുകയുള്ളൂവെന്നും ഇക്കാര്യത്തിൽ കൗൺസിലിന്റെ തീരുമാനം ഏകകണ്ഠമായിരുന്നുവെന്നും പ്രസ്തുത പദ്ധതി സമയത്തെ നഗരസഭ സെക്രട്ടറിയായിരുന്ന ശ്രീമതി. ആനി സ്റ്റീഫൻ സമിതി മുമ്പാകെ മൊഴി നൽകി.

സ്ത്രീകൾക്കു മാത്രമായുള്ള പ്രസ്തുത പദ്ധതിയിൽ 'ചാക്കോ ജോൺ' എന്ന പുരുഷന്റെ പേര് കടന്നുകൂടിയത് എങ്ങനെയെന്നുള്ള സമിതിയുടെ ചോദ്യത്തിന് മറുപടി ലഭിച്ചില്ല.

33. പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച ലോക്കൽഫണ്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കിയ 4-8-2008 -ലെ LF 13457/Spl.Cell G1/08 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ വിവരം ചുവടെ ചേർക്കുന്നു.

ഓഡിറ്റ് ഖണ്ഡിക നഗരസഭാ കൗൺസിൽ ചർച്ചയ്ക്ക് വിധേയമാക്കിയതോ അപാകതകൾ പരിഹരിക്കുന്നതിന് തുടർ നടപടികൾ എന്തെങ്കിലും സ്വീകരിച്ചതായോ തെളിയിക്കുന്ന യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ല.

## നിഗമനങ്ങൾ/ശുപാർശകൾ

34. **മുനിസിപ്പൽ പ്രദേശത്ത് കറവപ്പശു വളർത്തൽ പ്രോത്സാഹിപ്പിക്കുകയും നിർദ്ധനരായ സ്ത്രീകൾക്ക് തൊഴിലവസരം സൃഷ്ടിക്കുകയും ചെയ്യുക എന്ന സദുദ്ദേശ്യത്തോടെ രൂപം നൽകിയ പദ്ധതിക്കുവേണ്ടി വിശ്വാസയോഗ്യമല്ലാത്ത ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത് സെക്രട്ടറി ആണെന്നിരിക്കെ ബന്ധപ്പെട്ട സെക്രട്ടറിയും, വാർഡ് സഭയുടെ മിനിറ്റ്സിൽ രേഖപ്പെടുത്താത്ത വ്യക്തികളുടെ പേരുകൾ കൂടി അന്തിമ ലിസ്റ്റിൽ ഉൾപ്പെടുത്തിയ കൗൺസിൽ അംഗങ്ങളും നഗരസഭ, പഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾക്ക് വാർഡുസഭകളിലൂടെ തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് മാത്രമേ അംഗീകരിക്കുവാൻ അധികാരമുള്ളൂ എന്ന് വ്യക്തമാക്കുന്ന 220/9 ത.സ്വ.ഭ.വ. നമ്പർ dtd. 2-10-97 സർക്കാർ ഉത്തരവിനു വിരുദ്ധമായാണ് പ്രവർത്തിച്ചിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അന്നത്തെ സെക്രട്ടറിയിൽനിന്നും ചെയർമാനിൽനിന്നും കൗൺസിൽ അംഗങ്ങളിൽ നിന്നും തുല്യമായി അനർഹർക്ക് ആനുകൂല്യം നൽകിയ ഇനത്തിൽ നഗരസഭയ്ക്ക് ഉണ്ടായ നഷ്ടം ഈടാക്കാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കാലിത്തൊഴുത്തു നിർമ്മാണം പദ്ധതിരേഖയിലെ വ്യവസ്ഥകളുടെ ലംഘനം സംബന്ധിച്ച്**

നഗരപ്രദേശത്ത് കന്നുകാലിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ദുർബല വിഭാഗങ്ങളിൽപ്പെട്ട ക്ഷീരകർഷകർക്ക് കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്ത ഈ പദ്ധതിപ്രകാരം ആകെ 1,28,000 രൂപ 1999-2000 വർഷത്തിൽ ചെലവഴിക്കുകയുണ്ടായി. അഞ്ചുസെന്റ് സ്ഥലമെങ്കിലും സ്വന്തം പേരിലോ, ഭർത്താവിന്റെ പേരിലോ ഉള്ള കുടുംബനാഥകളായ വനിതകളായിരിക്കണം ഗുണഭോക്താക്കൾ എന്നും അവരുടെ സാമ്പത്തിക പിന്നോക്കാവസ്ഥ കൂടി പരിഗണിക്കണമെന്നുള്ള പദ്ധതിരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഭർത്താവിന്റെ പേരിലോ, സ്വന്തം പേരിലോ സ്ഥലമുണ്ടെന്ന് രേഖകൾ ഹാജരാക്കാത്തവർക്കും, സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർക്കും പുരുഷൻമാർക്കും ധനസഹായം

നൽകിയതായി കാണുന്നു. മാതൃകാ കാലിത്തൊഴുത്ത് ഉണ്ടെന്നുള്ള കൗൺസിലർമാരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കറവപശുവിനെ വാങ്ങാൻ ധനസഹായം പറ്റിയ ഗുണഭോക്താക്കൾക്കു തന്നെ വീണ്ടും കാലിത്തൊഴുത്ത് നിർമ്മിക്കുവാൻ ധനസഹായം നൽകിയതായും ആഡിറ്റിൽ കണ്ടെത്തി. 80 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ടെങ്കിലും 12 പേർ മാത്രമേ പണി പൂർത്തീകരിച്ചതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളൂ. ബാക്കി 68 പേർക്ക് നൽകിയ തുക കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിന് വിനിയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ടി സാഹചര്യത്തിൽ പദ്ധതി നടത്തിപ്പ് ക്രമവിരുദ്ധമായതിനാൽ 1,28,000 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നം. 7.II.1 (iii).]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 15-4-2008-ലെ 21107/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു:

35. "ടി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്ററിനറി സർജനാണ് (ഡോ. സന്തോഷ്കുമാർ, ഡോ. സാബു സി. ഐസക്ക്) ബി.പി.എൽ. കുടുംബത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യം വിതരണം ചെയ്യുന്നതിന് വിഭാവനം ചെയ്തിരുന്ന ടി പദ്ധതിയിൽ 80 ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം നൽകിയിട്ടുള്ളത്. കൗൺസിലറോ, പദ്ധതി നടത്തിപ്പിന്റെ കൺവീനറോ ധനസഹായ തുകയുടെ പണി പൂർത്തീകരിച്ചതായി സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനു പുറപ്പെടുവിച്ചിട്ടുള്ള ജനറൽ ഗൈഡ്‌ലൈൻസ് അനുസരിച്ചാണ് ഈ പദ്ധതിക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റ് വാർഡു സഭയും കൗൺസിലും അംഗീകരിച്ചിട്ടുള്ളതാണ്. ഗുണഭോക്താക്കളുടെ സാമ്പത്തികനില തിട്ടപ്പെടുത്തിയിരിക്കുന്നത് റേഷൻ കാർഡിലെ വരുമാനമനുസരിച്ചാണ്. ഗുണഭോക്താവിന്റെ സ്വന്തം പേരിലല്ലാതെ ഭർത്താവോ, ഭർത്താവിന്റെ അച്ഛനോ, ഒരു വീട്ടിൽ കഴിഞ്ഞുവന്നിട്ടുള്ളവർക്കോ ഭർത്താവിന്റെ അച്ഛന്റെ പേരിൽ സ്ഥലമുണ്ടെങ്കിൽ ആനുകൂല്യം നൽകിയിട്ടുണ്ട്. വനിതകൾക്കുവേണ്ടിയുള്ള പദ്ധതിയാണെങ്കിലും ഐസക്ക് ചാക്കോ എന്നയാളിനു ആനുകൂല്യം നൽകിയതായി കാണുന്നു. ഇത് സംബന്ധിച്ച് അപേക്ഷ പരിശോധിച്ചതിൽ ഐസക്ക് ചാക്കോയുടെ ഭാര്യയുടെയും മക്കളുടേയും മരുമക്കളുടേയും പേരുകൾ അപേക്ഷയിൽ കാണുന്നുണ്ട്. ഗൃഹനാഥനെന്ന നിലയിൽ ആണ് ടിയാന് ആനുകൂല്യം നൽകിയതെന്ന് അനുമാനിക്കുന്നു.

36. ഓഡിറ്റിൽ പശുവളർത്തലിനും, മാതൃകാ കാലിത്തൊഴുത്തിനും ധനസഹായം കൈപ്പറ്റിയതായി പറഞ്ഞിട്ടുള്ള ഇന്ദിരാ സാബു എന്നയാളിന് 15-3-2000 ലാണ് കാലിത്തൊഴുത്ത് നിർമ്മാണത്തിന് ധനസഹായം നൽകിയത്. ഇത് 1999-2000 വർഷ പദ്ധതിപ്രകാരമാണ്. അതിനുശേഷം 6-6-2000-ൽ മൂന്നുമാസത്തിനു ശേഷമാണ് കറവപശുവിന് ധനസഹായം നൽകിയത്. ഇത് 2000-2001 വർഷ പദ്ധതി പ്രകാരമാണ്. ഒരാളു തന്നെ കാലിത്തൊഴുത്ത് നിർമ്മാണത്തിനും കറവപ്പശു വളർത്തലിനും ആനുകൂല്യം വാങ്ങുന്നതിൽ അപാകതയില്ല. ഒരു ജനകീയ പദ്ധതി നടപ്പിലാക്കുന്ന സമയത്ത്

അതിന്റെ ഉദ്ദേശലക്ഷ്യം കൈവരിക്കുന്നതിനുതകുന്ന രീതിയിൽ പദ്ധതി വിപുലീകരിക്കുന്നതിന് നടത്തിപ്പുകാർക്ക് സ്വാതന്ത്ര്യം ഉണ്ടെന്ന് ബോധിപ്പിക്കുന്നു. ശ്രീമതി ചെല്ലമ്മയ്ക്ക് ആദ്യം കറവപ്പശു വളർത്തലിനും പിന്നീട് കാലിത്തൊഴുത്തില്ലായെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ രണ്ടുമാസത്തിനുശേഷം കാലിത്തൊഴുത്തിനും ആനുകൂല്യം നൽകിയതായി കാണുന്നു.

37. കാലിത്തൊഴുത്തുള്ളതായി കൗൺസിലർമാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് പലതും താൽക്കാലിക ഷെഡ്ഡുകൾ മാത്രമാണ്. ഓഡിറ്റ് പരാമർശത്തിലെ വൽസമ്മ ഇടവന്തല കറവപ്പശു വളർത്തുന്നതിനു ആനുകൂല്യം വാങ്ങിച്ചതിനുശേഷം ഒരു വർഷത്തിനു ശേഷമാണ് കാലിത്തൊഴുത്തു നിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയത്. നിലവിലുണ്ടായിരുന്ന കാലിത്തൊഴുത്ത് ഉപയോഗശൂന്യമായതിനുശേഷമായിരിക്കും വീണ്ടും ധനസഹായം കൈപ്പറ്റിയതെന്നും അനുമാനിക്കുന്നു. ഫയലിലെ റിപ്പോർട്ടു പ്രകാരം 1,600 രൂപ കൈപ്പറ്റി കാലിത്തൊഴുത്ത് നിർമ്മിച്ചതായി കാണുന്നു. 28-4-2000 ലാണ് വാർഡ് കൗൺസിലർ കന്നുകാലിക്കൂട് ഉണ്ട് എന്ന് കത്തു നൽകിയത്. 14-3-2000-ലാണ് ചെക്കു നൽകിയിരിക്കുന്നത്. കാലിത്തൊഴുത്ത് നിർമ്മാണം പൂർത്തിയായി എന്നർത്ഥത്തിലാണ് കത്തു നൽകിയത് എന്നു കരുതുന്നു. ഓഡിറ്റ് പരാമർശത്തിൽ പറഞ്ഞിട്ടുള്ള ജാനകി, വല്യമൂപ്പതു എന്നയാളിനു പശു ഉണ്ടെന്നാണ് ടിയാൻ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ കാണുന്നത്. വാർഡു കൗൺസിലർ ടിയാന് ആടുകളാണ് ഉള്ളതെന്നു റിപ്പോർട്ടു ചെയ്തിരിക്കുന്നത്. ടിയാന് നാല് കറവപ്പശുക്കൾ ഉണ്ടായിരുന്നതായും, അതിനെ ചികിത്സിച്ചു വരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥൻ കൂടിയായ വെറ്ററിനറി സർജനാണെന്നും അദ്ദേഹം രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. കൗൺസിലർക്ക് എഴുതിയതിൽ പിശക് പറ്റിയതാകാം എന്ന് അനുമാനിക്കുന്നു.

38. ഓഡിറ്റ് പരാമർശത്തിലെ ശ്രീ. കരുണാകരൻ ഇ.ഡി. പോസ്റ്റുമാൻ താൽക്കാലിക ജീവനക്കാരൻ മാത്രമാണ്. ടിയാന്റെ റേഷൻ കാർഡു പ്രകാരമുള്ള വാർഷിക വരുമാനം 10800(12*900) രൂപയാണ്. ആയതിനാൽ ടിയാന്റെ ഭാര്യയായ ശാന്തി കരുണാകരൻ ദാരിദ്ര്യ രേഖയ്ക്ക് താഴെ വരുന്ന ഗുണഭോക്താവാണ്. റേഷൻ കാർഡിൽ ടിയാൻ ഇ.ഡി. പോസ്റ്റുമാനാണെന്ന് രേഖപ്പെടുത്തിയിട്ടില്ല.''

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയെ കുറിച്ചുള്ള വിശദീകരണം 11-6-2008-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ആരായുകയുണ്ടായി.

39. വാർഡു സഭയാണ് ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കുന്നതെന്നും അതിനായി ഒരു പ്രത്യേക സെല്ലിന് രൂപം കൊടുത്തിരുന്നുവെന്നും അവരെ വിശ്വസിച്ച് നടപടികൾ സ്വീകരിക്കുന്ന സെക്രട്ടറിമാർക്ക് ലിസ്റ്റിലുള്ള ഗുണഭോക്താക്കളുടെയെല്ലാം വിശദവിവരങ്ങൾ നേരിട്ട് പരിശോധിക്കുക പ്രായോഗികമല്ലെന്നും ആയതിനാൽ ഇത്തരം ക്രമക്കേടുകൾക്ക് സെക്രട്ടറിമാരെ ഉത്തരവാദിയാക്കരുതെന്നും മുൻ കോട്ടയം മുനിസിപ്പൽ സെക്രട്ടറി ശ്രീമതി ആനി സ്റ്റീഫൻ സമിതിയോട് അഭ്യർത്ഥിച്ചു.

40. സ്ത്രീകൾക്കായുള്ള പദ്ധതിയുടെ ഗുണഭോക്തൃ ലിസ്റ്റിൽ പുരുഷന്മാരെ ഉൾപ്പെടുത്തിയത് ചൂണ്ടിക്കാട്ടേണ്ടിയിരുന്നത് സെക്രട്ടറിയായിരുന്നില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത ഓഡിറ്റ് പരാമർശത്തെ സംബന്ധിച്ച കേസ്സിൽ ഒരമ്മയും മകനും മാത്രമുള്ള ഒരു വീട്ടിൽ പ്രായമായ ഒരു അമ്മയ്ക്ക് പശുവിനെ

വളർത്താൻ പറ്റാത്തതുകൊണ്ടാണ് മകന്റെ പേരിൽ തുക നൽകിയതെന്ന മുൻസെക്രട്ടറിയുടെ വിശദീകരണം സമിതിക്ക് തൃപ്തികരമായിരുന്നില്ല. പ്രായമായ ആളിന് പശുവിനെ വളർത്താൻ പറ്റാത്ത സാഹചര്യമാണുള്ളതെങ്കിൽ അർഹയായ മറ്റൊരാളിന് പശുവിനെ നൽകാത്തതെന്തെന്ന സമിതിയുടെ ചോദ്യത്തിന് മറുപടി നൽകിയില്ല.

41. സമിതിയിൽ ഹാജരാക്കിയിരിക്കുന്ന 3 വാർഡുകളുടെ മിനിറ്റ്സിലും പേരുവരാത്ത ആളുകളുടെ പേര് എങ്ങനെ അന്തിമ ലിസ്റ്റിൽ കടന്നുകൂടി എന്ന സമിതിയുടെ ചോദ്യത്തിനും മറുപടി ലഭിക്കുകയുണ്ടായില്ല.

42. സെക്രട്ടറി എന്ന പദവിക്ക് ചില ഉത്തരവാദിത്വങ്ങളും കടമകളും ഉണ്ടെന്നും സർക്കാർ ഖജനാവിലെ തുക ചില വ്യവസ്ഥകളനുസരിച്ച് മാത്രമേ ചെലവാക്കാൻ പാടുള്ളുവെന്നും തെരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികൾക്ക് വ്യവസ്ഥ കളെ കുറിച്ച് നിശ്ചയമില്ലെങ്കിൽ അവയെക്കുറിച്ച് അവരെ ബോദ്ധ്യപ്പെടുത്തേണ്ട കടമകൂടി കൗൺസിൽ എക്സ് ഒഫിഷ്യോ മെമ്പറായ സെക്രട്ടറിക്കുണ്ടെന്നും, മറിച്ചെ ന്തെങ്കിലും അഭിപ്രായം സെക്രട്ടറിക്കുണ്ടെങ്കിൽ അത് രേഖപ്പെടുത്തുകയോ അതുമല്ലെ ങ്കിൽ ഓഡിറ്റ് ഒബ്ജക്ഷൻ വന്ന സമയത്ത് സെക്രട്ടറിക്ക് തന്റെ നിരപരാധിത്വം വ്യക്തമാക്കി ലിസ്റ്റിലെ ക്രമക്കേടുകൾ ചൂണ്ടിക്കാട്ടി 3 അംഗ സെല്ലിലുള്ളവരുടെ ഉത്തരവാദിത്വം വെളിച്ചത്തുകൊണ്ടുവരികയോ ചെയ്യാമായിരുന്നുവെന്നും സമിതി വ്യക്തമാക്കി.

43. പ്രസ്തുത വിഷയം സംബന്ധിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് 4-8-2008-ലെ LF 13457/Spl.Cell G1/08 നമ്പർ മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

"സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും തുക തിരിച്ചടയ്ക്കുകയോ സ്യൂട്ട് ഫയൽ ചെയ്യുകയോ ചെയ്തിട്ടില്ല. തുക തിരികെ ഈടാക്കുന്നതിന് സെക്രട്ടറി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായും അറിയിച്ചിട്ടില്ല.

## നിഗമനങ്ങൾ/ശുപാർശകൾ

44. **പദ്ധതിരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അനർഹരായ ഗുണ ഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയ അന്നത്തെ സെക്രട്ടറിയും വാർഡ് സഭയുടെ മിനിറ്റ്സിൽ രേഖപ്പെടുത്താത്ത വ്യക്തികളുടെ പേരുകൾകൂടി അന്തിമ ലിസ്റ്റിൽ ഉൾപ്പെടുത്തിയ ജനകീയാസൂത്രണ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി നഗരസഭയിൽ രൂപം കൊടുത്തിരിക്കുന്ന പ്രത്യേക സെല്ലിലെ അംഗങ്ങളും നഗരസഭയ്ക്കുണ്ടായ നഷ്ടത്തിന് തുല്യ ഉത്തരവാദികളാകയാൽ, അന്നത്തെ സെക്രട്ടറിയിൽ നിന്നും സെല്ലിലെ അംഗങ്ങളിൽ നിന്നും നഗരസഭയ്ക്കുണ്ടായ നഷ്ടം തുല്യമായി ഈടാ ക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

45. **80 ഗുണഭോക്താക്കളിൽ 12 പേർ മാത്രമാണ് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളത്. ആയതിനാൽ ബാക്കി 68 ഗുണഭോക്താക്കളും പദ്ധതി പ്രകാരം ലഭിച്ച തുക കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനായി വിനിയോഗിച്ചിട്ടുള്ള തായി വ്യക്തമാക്കുന്ന രേഖകൾ അടിയന്തിരമായി ആഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് നഗരസഭയോടും ആയത് പരിശോധിച്ച് അന്തിമ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് ലോക്കൽ ഫണ്ട് വകുപ്പിനോടും സമിതി ആവശ്യപ്പെടുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതി ക്രമവിരുദ്ധ നടപടികൾ സംബന്ധിച്ച്**

1999-2000 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 19-ാം നമ്പർ പ്രോജക്ട് പ്രകാരം ദുർബല വിഭാഗങ്ങൾക്ക് വീടുവയ്ക്കുന്നതിന് 90 ഗുണഭോക്താക്കൾക്ക് 30,000 രൂപ വീതവും 6 ഗുണഭോക്താക്കൾക്ക് 25,000 രൂപ വീതവും 28,50,000 രൂപ ചെലവാക്കിയതായി കാണുന്നു. പദ്ധതി നടത്തിപ്പിൽ നിരവധി ക്രമക്കേടുകൾ നടന്നിട്ടുള്ളതായി ആഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. 2-9-1998-ലെ ജി.ഒ.(പി) 181/98/എൽ.എ.ഡി. സർക്കാർ ഉത്തരവിലെ നിബന്ധനകൾ പലതും പാലിച്ചതായി കാണുന്നില്ല. അപേക്ഷയോടൊപ്പമുള്ള മാനദണ്ഡ സൂചികയിൽ മാർക്ക് ചെയ്യേണ്ട ഭാഗങ്ങൾ യഥോചിതം പരിഗണിക്കാതെയും മാർക്ക് ചെയ്തവ വെട്ടിത്തിരുത്തിയുമാണ് കൃത്രിമം നടത്തിയിരിക്കുന്നത്. പ്രോജക്ടിലെ നിർദ്ദേശത്തിന് വിരുദ്ധമായി സ്വന്തമായി വീടുള്ള 9 പേർക്ക് 30,000 രൂപ ക്രമത്തിൽ ആകെ 2,70,000 രൂപ ധനസഹായമായി നൽകിയിട്ടുണ്ട്. ഇത് ആഡിറ്റിൽ അംഗീകരിക്കുന്നില്ല. ഒന്നും രണ്ടും ഘട്ട ധനസഹായം ലഭ്യമായ ആറു വ്യക്തികൾ വീടിന്റെ പണി പൂർത്തിയാക്കുകയോ മൂന്നാംഘട്ട ധനസഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. നിർദ്ദിഷ്ട സമയത്തിനുള്ളിൽ പണിപൂർത്തിയാക്കാത്ത സാഹചര്യത്തിൽ ഇവർക്കു നൽകിയ 1,50,000 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല. ധനസഹായം പറ്റി വീട് പൂർത്തിയാക്കിയവർ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നും കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് വ്യവസ്ഥയുണ്ടെങ്കിലും അപ്രകാരം ചെയ്തിട്ടുള്ളതായി കാണുന്നില്ല. അംഗീകരിച്ച എസ്റ്റിമേറ്റിനേക്കാൾ അധികരിച്ച ചെലവിലും പ്ലാനിൽ നിന്നും വ്യത്യസ്തമായും വീടു നിർമ്മിച്ച രണ്ടു വ്യക്തികൾക്ക് നൽകിയ 80,000 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽപ്പറഞ്ഞ കാരണങ്ങളാൽ ഭവനനിർമ്മാണ പദ്ധതിയ്ക്കായി ചെലവഴിച്ച 28,50,000 രൂപയിൽ 4,80,000 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 7.II.1 (iv).]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ലഭിച്ച 15-4-2008-ലെ 21107/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരമുള്ള മറുപടി ചുവടെ ചേർക്കുന്നു :

46. "1999-2000 വർഷത്തെ ജനകീയാസൂത്രണം പദ്ധതിയിൽപ്പെടുത്തി ദുർബലവിഭാഗങ്ങൾക്ക് വീടുവയ്ക്കുന്നതിനു ആനുകൂല്യം നൽകിയതു സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച് 2-9-1998-ലെ ജി.ഒ. (പി) 181/98/എൽ.എ.ഡി. സർക്കാർ ഉത്തരവ് പൊതുസ്വഭാവത്തിലുള്ളതാണ്. ജനകീയാസൂത്രണം പദ്ധതിയുടെ ആദ്യകാലഘട്ടങ്ങളായതിനാൽ മാനദണ്ഡ സൂചികയിൽ മാർക്ക് രേഖപ്പെടുത്തുന്ന ഭാഗങ്ങളിൽ ഒരുപക്ഷേ തെറ്റുകൾ സംഭവിച്ചിരിക്കാം എങ്കിൽപോലും വാർഡുസഭയിൽ അംഗീകരിച്ചതും അതിനുശേഷം കൗൺസിൽ അംഗീകരിച്ചതുമായ ലിസ്റ്റിൽ നിന്നും സുതാര്യമായാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്. സ്വന്തമായി വീടുള്ള 9 പേർക്ക് 30,000 രൂപ ക്രമത്തിൽ 2,70,000 രൂപ നൽകിയെന്നതാണ് വിഷയം. താമസയോഗ്യമായ

വീടില്ലാത്തവർക്ക് വീടുനിർമ്മാണത്തിനാനുകൂല്യം നൽകുകയെന്നാണ് പദ്ധതി. ഓഡിറ്റിൽ പറഞ്ഞിട്ടുള്ള 9 വീടുകൾ വാസയോഗ്യമാണെന്നോ ടി വീടുകൾക്കാണ് ആനുകൂല്യം നൽകിയതെന്നോ കാണുന്നില്ല. വീടു നിർമ്മാണത്തിനാനുകൂല്യം നൽകുന്ന എല്ലാ ഗുണഭോക്താവിനും ചെറിയ തോതിലാണെങ്കിലും ഒരു വീടുള്ളതായിരിക്കും. ആയതു വാസയോഗ്യമല്ലാത്തതിനാലാണ് നഗരസഭ ആനുകൂല്യം നൽകിയത്. വാസയോഗ്യമായ ഒരു വീടുള്ള ഒരാൾക്കു പോലും ആനുകൂല്യം നൽകിയിട്ടില്ല. വസ്തു നികുതി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വസ്തു നികുതി നിശ്ചയിച്ചിക്കുന്നതിലും ഈടാക്കുന്നതിനും മാത്രം ഉദ്ദേശിച്ചുള്ളവയാണ്. സാമ്പത്തിക സഹായവിതരണ പദ്ധതി നടപ്പാക്കുന്നതിനുള്ള അടിസ്ഥാന രേഖയല്ല. ആയത് തക്കസമയത്ത് നടത്തുന്ന അന്വേഷണ റിപ്പോർട്ടാണ്. ഒന്നും രണ്ടും ഘട്ടം ധനസഹായം ലഭ്യമായ ആറു വ്യക്തികൾ വീടിന്റെ പണി പൂർത്തിയാക്കുകയോ മൂന്നാംഘട്ട ധനസഹായം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല എന്നതാണ് ഒരു പരാമർശം.

47. നിർമ്മാണത്തിന്റെ ഓരോ ഘട്ടവും അനുസരിച്ചാണ് ആനുകൂല്യം നൽകുന്നത്. ഇതിൽ പറഞ്ഞിട്ടുള്ള ആറുപേരിൽ ഇന്ദിരാദേവി, കളത്തുതറയിൽ, തറയുടെ പണി പൂർത്തിയാക്കിയതിനുശേഷം ടി സ്ഥലം വിറ്റുപോയിരിക്കുന്നു. ടിയാളുടെ പുതിയ മേൽവിലാസം നാളിതുവരെ ലഭിച്ചിട്ടില്ല. മേൽവിലാസം ലഭ്യമാക്കി തുക തിരിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മറ്റു അഞ്ചുപേർ അവസാന ഗഡു കൈപ്പറ്റുകയും വീടുപണി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റിനുശേഷമാണ് ഈ വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുള്ളത്. ഓരോ ഘട്ടവും പൂർത്തീകരിച്ച് പരിശോധനാ റിപ്പോർട്ട് ലഭിച്ചതിനുശേഷമാണ് തുക അനുവദിച്ചിട്ടുള്ളത്. ധനസഹായം വിതരണം ചെയ്യുന്നതിന് ഓരോ ഘട്ടവും പൂർത്തീകരിച്ചതായി സർട്ടിഫൈ ചെയ്യുന്നത് ബിൽഡിംഗ് ഇൻസ്പെക്ടറാണ്. ആയതിനാൽ മുനിസിപ്പൽ എഞ്ചിനീയറുടെ സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ പണി പൂർത്തിയായിട്ടില്ലെന്ന് അനുമാനിക്കേണ്ടതില്ല. ധനസഹായത്തിന്റെ അവസാന ഗഡു വിതരണം ചെയ്യുന്നത് മേൽക്കൂരയുടെ പണി തീർന്നെന്ന് ബോധ്യപ്പെട്ടതിനുശേഷമാണ്. ഫിനിഷിംഗ് പണി തീർന്നതിനുശേഷമാണ് മിക്കവാറും കംപ്ലീഷൻ പ്ലാൻ തരാറുള്ളത്. കെട്ടിടനിർമ്മാണം നടത്തിവരുമ്പോൾ പലപ്പോഴും പ്ലാനിൽ നിന്ന് വ്യത്യാസം വരുന്നത് സ്വാഭാവികമാണ്. ഒരു ജനകീയ പദ്ധതി ഗുണഭോക്തൃ പങ്കാളിത്തത്തോടെ നടപ്പിലാക്കുമ്പോൾ ഇതു നീതീകരിക്കാവുന്നതാണ്. അധികരിച്ച എസ്റ്റിമേറ്റിൽ വീടുപണി നടത്തിയിട്ടുണ്ടെങ്കിലും അർഹതയുള്ള ആനുകൂല്യം മാത്രമേ നഗരസഭയിൽ നിന്ന് നൽകിയിട്ടുള്ളൂ. ബാക്കി തുക ഗുണഭോക്താക്കൾ സ്വന്തം കൈയ്യിൽ നിന്നോ, മറ്റെവിടെങ്കിലും നിന്നോ സമാഹരിച്ചോ ആയിരിക്കും പ്ലാനിൽ നിന്നും അധികരിച്ച തുകയ്ക്ക് പണി നടത്തിയിട്ടുള്ളത്. ഗുണഭോക്താക്കൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണോ എന്നും ആനുകൂല്യം ഉപയോഗിച്ച് വീടു നിർമ്മാണം നടത്തിയിട്ടുണ്ടോ എന്നതുമാണ് പ്രസക്തമായ വിഷയം. പണികൾ നടന്നിട്ടുള്ളതായി ഓഡിറ്റിൽ പറഞ്ഞിട്ടുണ്ട്. അധിക ചെലവ് നടന്നിട്ടുമില്ല. ആയതിനാൽ പദ്ധതി ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ട്."

48. സ്വന്തമായി വീടില്ലാത്തവർക്കും 1½ സെന്റ് മുതൽ മൂന്നുസെന്റുവരെ ഭൂമിയുള്ളവരുമായ ദാരിദ്ര്യരേഖയിൽ താഴെയുള്ളവർക്ക് വീടുവയ്ക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയായിരുന്നു ഇതെന്ന് സമിതി ചൂണ്ടിക്കാട്ടി. എന്നാൽ സ്വന്തമായി വീടുള്ളവരും വീട്ടുകരം അടച്ചുവന്നിരുന്നവരുമായ 9 പേർക്ക് വ്യവസ്ഥകൾക്ക് വിരുദ്ധമായി ധനസഹായം അനുവദിക്കാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന സമിതിയുടെ ചോദ്യത്തിന് മറുപടി ലഭിക്കുകയുണ്ടായില്ല.

49. പ്രസ്തുത വിഷയം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 4-8-2008-ലെ LF 13457/Spl.Cell G1/08 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"ഖണ്ഡികയിലെ അപാകതകൾ പരിഹരിക്കുന്നതിന് നഗരസഭ തുടർനടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടില്ല. സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും തുക തിരികെ ഈടാക്കുകയോ സ്യൂട്ട് ഫയൽ ചെയ്യുകയോ ചെയ്തിട്ടില്ല. തുക ഈടാക്കുന്നതിന് സെക്രട്ടറി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതായും അറിയിച്ചിട്ടില്ല."

## നിഗമനങ്ങൾ/ശുപാർശകൾ

50. **സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിപ്രകാരം ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചതായി തെളിയിക്കുന്ന മുനിസിപ്പൽ എഞ്ചിനീയറുടെ/ബിൽഡിംഗ് ഇൻസ്പെക്ടറുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ്, പദ്ധതി പണവിനിയോഗം സംബന്ധിച്ച രേഖകൾ എന്നിവ ഓഡിറ്റ് മുമ്പാകെ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തുകയും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് അത് സംബന്ധിച്ച റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കുകയും ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വീടിനൊരു ടാപ്പ് പദ്ധതി—ക്രമവിരുദ്ധ നടപടികൾ സംബന്ധിച്ച്**

കോട്ടയം നഗരസഭയിലെ ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള 100 കുടുംബങ്ങൾക്ക് വീടൊന്നിന് ഒരു വാട്ടർ ടാപ്പ് കണക്ഷൻ നൽകുന്നതിനുവേണ്ടി തയ്യാറാക്കിയ 1999-2000 വർഷത്തിലെ പദ്ധതിയനുസരിച്ച് 73 ഗുണഭോക്താക്കൾക്കായി ആകെ 91,250 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 42,335 രൂപ വാട്ടർ അതോറിറ്റിക്കും, 48,915 രൂപ ഗുണഭോക്താക്കൾക്കും നേരിട്ട് നൽകുകയാണുണ്ടായത്. വാട്ടർ അതോറിറ്റി കണക്ഷനുകൾ നൽകിയതായോ, ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം മുടക്കിയതായോ ഉള്ള വിവരം ഫയലിൽ കാണുന്നില്ല. പദ്ധതിരേഖയിൽ പ്രതിപാദിക്കുന്നവിധം ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തിട്ടുള്ളതായി കാണുന്നില്ല. വനിതകൾക്കു മാത്രമായി നടപ്പിലാക്കിയ ഈ പദ്ധതിയിൽ പുരുഷൻമാരും പദ്ധതി സഹായം പറ്റിയതായി കാണുന്നു. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംബന്ധിച്ച സർക്കാർ ഉത്തരവ് പൂർണ്ണമായും പാലിച്ചിട്ടില്ല. മേൽ വിവരിച്ച സാഹചര്യങ്ങൾ പരിഗണിക്കുമ്പോൾ പദ്ധതി നിർവ്വഹണം നടന്നിട്ടില്ല എന്നതാണ് ആഡിറ്റിന്റെ നിഗമനം. ടി സാഹചര്യത്തിൽ പദ്ധതിക്കായി ചെലവഴിച്ച 91,250 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 7.II.1 (v).]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച 15-4-2008-ലെ 21107/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

51. "73 ഗുണഭോക്താക്കൾക്ക് വാട്ടർ ടാപ്പ് കണക്ഷൻ നൽകുന്നതിനുവേണ്ടി 91,250 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 52 ഗുണഭോക്താക്കൾക്ക് വാട്ടർ കണക്ഷൻ കിട്ടിയതിന്റെ കൺസ്യൂമർ നമ്പർ ലഭ്യമാണ്. പണി പൂർത്തീകരിച്ചതായുള്ള കംപ്ലീഷൻ റിപ്പോർട്ടും, ബാക്കിയുള്ള 21 പേരുടെ കൺസ്യൂമർ നമ്പറും ലഭിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 22-1-2007-ൽ എ2-17745/06-ാം നമ്പർ കത്ത് നൽകിയിട്ടുള്ളതാണെങ്കിലും നാളിതുവരെ മറുപടി ലഭിച്ചിട്ടില്ല. പദ്ധതിയിൽ ഗുണഭോക്തൃ വിഹിതം പറഞ്ഞിട്ടുണ്ടെങ്കിലും നഗരസഭ ക്യാഷ് ആയി വാങ്ങിയിട്ടില്ല. മുനിസിപ്പൽ ഫണ്ടിൽ ഗുണഭോക്തൃ വിഹിതം അടപ്പിച്ചശേഷം ടി തുക ടാപ്പ് സ്ഥാപിക്കാൻ അവർക്ക് തന്നെ മടക്കി നൽകുന്നത് പ്രായോഗികമല്ല. വാട്ടർ കണക്ഷൻ ലഭിക്കുന്നതോടെ അധികമായി വേണ്ടിവരുന്ന തുക വഹിക്കാൻ ഗുണഭോക്താക്കൾ നിർബന്ധിതരാകുന്നുണ്ട്. ആയതിനാൽ ഗുണ ഭോക്തൃ വിഹിതം വാട്ടർ കണക്ഷന് തന്നെ വിനിയോഗിക്കപ്പെടുന്നുണ്ട്. പദ്ധതിയിൽ സഹായം ലഭ്യമാക്കേണ്ടത് സ്ത്രീകൾ മാത്രമുള്ള കുടുംബത്തിന് മാത്രമാണെന്ന് പറ ഞ്ഞിട്ടില്ല. ഗുണഭോക്താക്കൾ സ്ത്രീകളായിരിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഗുണഭോ ക്താവായി തെരഞ്ഞെടുത്തിട്ടുള്ളത് സ്ത്രീകളെ ആണെങ്കിലും വീട്ടുടമസ്ഥന്റെ പേരിൽ മാത്രമേ വാട്ടർ കണക്ഷൻ നൽകുകയുള്ളൂ എന്നതുകൊണ്ടാണ് ചില പുരുഷൻമാരുടെ പേരിൽ കൺസ്യൂമർ നമ്പർ വന്നിട്ടുള്ളത്. സ്ത്രീകൾ ഗുണഭോക്താ ക്കളായിട്ടുള്ള പദ്ധതികളിൽ ഇനിമേലിൽ ഇത്തരം അപാകതകൾ വരാതെ ശ്രദ്ധി ക്കുന്നതാണ്. ടി പദ്ധതി നിർവഹണം നടന്നിട്ടുള്ളതാണ്."

52. പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച് 11-6-2008-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി വിശദീകരണം ആരായുകയുണ്ടായി.

ആകെ 73 ഗുണഭോക്താക്കൾക്കാണ് ഈ പദ്ധതിയിൻകീഴിൽ ധനസഹായം നൽകിയതെന്നും അതിൽ 52 പേരുടെ കൺസ്യൂമർ നമ്പറുകൾ ലഭിച്ചിട്ടുണ്ടെന്നും ബാക്കി 21 പേരുടെ കൺസ്യൂമർ നമ്പരിനും കംപ്ളീഷൻ സർട്ടിഫിക്കറ്റിനുമായി 22-1-2007-ൽ വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും കോട്ടയം മുൻ മുനിസിപ്പൽ സെക്രട്ടറി ശ്രീമതി ആനി സ്റ്റീഫൻ വ്യക്തമാക്കി. വനിതകൾക്കു മാത്രമായി നടപ്പിലാക്കിയ പദ്ധതിയിൽ പുരുഷൻമാരും സഹായം പറ്റിയിരിക്കുന്ന തായും 1999-2000 വർഷത്തെ പദ്ധതിയാണിതെന്നും 9 വർഷം കഴിഞ്ഞിട്ടും പദ്ധതി യുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വ്യക്തമായ രേഖകൾ ഹാജരാക്കാൻ കഴിയാ ത്തത് മുനിസിപ്പാലിറ്റിയുടെ ഭാഗത്തുനിന്നും വന്ന ഗുരുതരമായ വീഴ്ചയാണെന്നും സമിതി വിലയിരുത്തി. ഇതിൽ 91,250 രൂപയുടെ ബാദ്ധ്യതയുണ്ടെന്നും ടി തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കാനുള്ള നടപടി തുടരട്ടെയെന്നും സമിതി നിർദ്ദേശിച്ചു.

53. പ്രസ്തുത വിഷയം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 4-8-2008-ലെ LF 13457/Spl.Cell G1/08 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"അപാകതകൾ പരിഹരിക്കുന്നതിന് നഗരസഭ തുടർനടപടി സ്വീകരിച്ചിട്ടില്ല. സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും തുക (91250) തിരികെ ഈടാക്കി യിട്ടില്ല. സ്യൂട്ട് ഫയൽ ചെയ്തിട്ടില്ല. തുക ഈടാക്കുന്നതിന് നഗരസഭ സെക്രട്ടറി റവന്യൂ റിക്കവറി നടപടികളൊന്നും സ്വീകരിച്ചിട്ടില്ല."

## നിഗമനങ്ങൾ/ശുപാർശകൾ

54. **ആകെയുള്ള 73 ഗുണഭോക്താക്കളിൽ കൺസ്യൂമർ നമ്പർ ലഭിച്ച 52 വ്യക്തികൾ ഒഴികെ ബാക്കി 21 പേരുടെ കൺസ്യൂമർ നമ്പർ സഹിതമുള്ള വ്യക്തമായ രേഖകൾ ഓഡിറ്റ് വകുപ്പ് മുമ്പാകെ അടിയന്തിരമായി ഹാജരാക്കി ബോദ്ധ്യപ്പെടുത്തണമെന്നും ആയതിന് സാധിക്കാത്തപക്ഷം നഗരസഭയ്ക്ക് സംഭവിച്ച നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

55. **പദ്ധതി നിർവ്വഹണത്തിന് 9 വർഷങ്ങൾക്കുശേഷവും പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വ്യക്തമായ രേഖകൾ ഹാജരാക്കാൻ നഗരസഭ അധികൃതർക്ക് കഴിയാത്തത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയായി സമിതി കാണുന്നുവെന്നും ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരി ക്കാൻ കർശന നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഗുണഭോക്തൃ ലിസ്റ്റിൽപ്പെടാത്തവർക്ക് കറവപ്പശു വാങ്ങുന്നതിന് ധനസഹായം നൽകി.**

സർക്കാർ ഉത്തരവു നമ്പർ 220/9/ത.സ്വ.ഭ.വ., 2-10-1997, ബഹു. ഹൈക്കോടതി യുടെ 1997 ഏപ്രിൽ 4-ലെ ഒ.പി. നമ്പർ 18175/96 കേസ് വിധി എന്നിവപ്രകാരം നഗരസഭ, പഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾക്ക് വാർഡുസഭകളിലൂടെ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് മാത്രമേ അംഗീകരിക്കുവാൻ അധികാരമുള്ളൂ എന്നു വ്യക്തമാക്കുന്നു. ഇതിനു വിരുദ്ധമായി വാർഡുസഭ തെരഞ്ഞെടുക്കാത്ത വ്യക്തി കൾക്ക് കറവപ്പശുക്കളെ വാങ്ങുന്നതിന് ധനസഹായമായി നൽകിയ 24,000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 6.3.1]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച 15-4-2008-ലെ 21107/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

56. "2000-01 വർഷ കൗൺസിൽ അംഗീകരിച്ച ലിസ്റ്റുപ്രകാരമുള്ള ഗുണഭോക്താ ക്കൾക്ക് ആനുകൂല്യം നൽകുന്നതിന് ഇംപ്ലിമെന്റിംഗ് ഓഫീസർ ആയ വെറ്ററിനറി സർജനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. ഗുണഭോക്താക്കളായി അപേക്ഷ

തന്നിരുന്ന എല്ലാ ആളുകൾക്കും വർക്കിംഗ് ഗ്രൂപ്പുകൂടി മാർക്കിട്ടാണ് ലിസ്റ്റ് തയ്യാറാക്കിയത്. ഇംപ്ലിമെന്റിംഗ് ഓഫീസർക്ക് വാർഡുസഭയും, കൗൺസിലും അംഗീകരിച്ച് നഗരസഭ കൈമാറിയ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാണ്. ഓഡിറ്റിൽ ലിസ്റ്റിൽ ഇല്ലായെന്നു ചൂണ്ടികാണിക്കപ്പെട്ട നാലു ഗുണഭോക്താക്കളുടെ പേരും വാർഡ് സഭ അംഗീകരിച്ച താണ്."

57. വാർഡു സഭ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് മാത്രമേ നഗര സഭയ്ക്ക് അംഗീകരിക്കാൻ അധികാരമുള്ളൂ എന്നിരിക്കെ ഇതിനു വിരുദ്ധമായി പ്രസ്തുത പദ്ധതിക്ക് വാർഡ് സഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തവർക്കും വാർഡ് സഭവഴി തെരഞ്ഞെടുക്കാത്ത ഗുണഭോക്താക്കൾക്കും കറവപ്പശുവിനെ വാങ്ങു ന്നതിന് 24,000 രൂപ ധനസഹായം നൽകിയതിന്റെ സാംഗത്യമെന്തെന്ന് 11-6-2008-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ആരാഞ്ഞതിന് 1999-2000-ൽ ലിസ്റ്റ് തയ്യാറാക്കുന്ന കാലഘട്ടത്തിൽ താൻ അവിടെ സെക്രട്ടറിയായിരുന്നുവെന്നും 2000 മേയ് മാസം താൻ അവിടെ നിന്നും ട്രാൻസ്ഫറായി പോയിയെന്നും ബാക്കിയുള്ള കാര്യങ്ങളൊന്നും വ്യക്തമായി പറയാൻ സാധിക്കുകയില്ലെന്നും കോട്ടയം മുനിസിപ്പാലിറ്റി മുൻ സെക്രട്ടറി ശ്രീമതി ആനിസ്റ്റീഫൻ മറുപടി നൽകി.

58. പ്രസ്തുത വിഷയം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 4-8-2008-ലെ LF 13457/Spl.Cell G1/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"രൂപ 24,000 ഈടാക്കുന്നതിന് സർചാർജ് നോട്ടീസ് നൽകിയെങ്കിലും തുക ഈടാക്കുകയോ സ്യൂട്ട് ഫയൽ ചെയ്യുകയോ ചെയ്തിട്ടില്ല. തുക തിരികെ ഈടാക്കു ന്നതിന് നഗരസഭാ സെക്രട്ടറി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല."

## നിഗമനങ്ങൾ/ശുപാർശകൾ

59. **നഗരസഭയ്ക്ക് നഷ്ടമായ 24,000 രൂപ ബന്ധപ്പെട്ട മുൻ സെക്രട്ടറി യിൽനിന്നും ആർ.ആർ. നടപടിവഴി ഈടാക്കി ആയതിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കുക.**

ഓഡിറ്റ് ഖണ്ഡിക

**സമ്പൂർണ്ണ പാർപ്പിട പദ്ധതി—സ്വന്തമായി വീടുള്ളവർക്ക് ധനസഹായം നൽകിയത് നിരാകരിക്കുന്നു.**

സമ്പൂർണ്ണ പാർപ്പിട പദ്ധതിപ്രകാരം സ്വന്തമായി വീടില്ലാത്തവർക്കും ഒന്നര സെന്റുമുതൽ 3 സെന്റുവരെ സ്ഥലമുള്ളവർക്കുമാണ് ഭവനനിർമ്മാണത്തിന് ധന സഹായം നൽകുന്നത്. എന്നാൽ സ്വന്തമായി വീടുള്ളതും നഗരസഭയിൽ വസ്തു (ഭവന) നികുതി അടയ്ക്കുന്നതുമായ എം. നകുലൻ നാടാർ, സജിനി പ്രസാദ്, കെ. വി. സനൽകുമാർ, തുടങ്ങിയവർക്ക് 30,000 രൂപ വീതം ധനസഹായം നൽകിയി രിക്കുന്നതായി കാണുന്നു. ഇതു തികച്ചും നിയമവിരുദ്ധമായതിനാൽ ടി വ്യക്തികൾക്ക് ധനസഹായമായി നൽകിയ 90,000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 6.3.2]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച 15-4-2008-ലെ 21107/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

60. "ശ്രീ. കെ. വി. സനൽകുമാർ, ശ്രീമതി സജിനി പ്രസാദ്, ശ്രീ. എം. നകുലൻ നാടാർ എന്നിവർക്ക് നഗരസഭയുടെ റിക്കാർഡുകൾപ്രകാരം വീട്ടുനമ്പരും നികുതിയുമുണ്ടെങ്കിലും താമസത്തിന് പര്യാപ്തമായ ഭവനമില്ലായിരുന്നു. ഇക്കാര്യം കൗൺസിലർ, വാർഡുസഭ, വാർഡു കമ്മറ്റി എന്നിവർ പരിശോധിച്ചതും അംഗീകരിച്ചതുമാണ്. അപേക്ഷകളിന്മേൽ ബന്ധപ്പെട്ടവർ വ്യക്തമായ ശുപാർശ നൽകിയിട്ടുണ്ട്. രേഖകൾപ്രകാരം വീടും നികുതിയും ഉണ്ടെങ്കിലും ടി വീടുകളുടെ ശോച്യാവസ്ഥ ബോദ്ധ്യപ്പെട്ട് അർഹമാണെന്ന് കണ്ടെത്തിയതിനാലാണ് ആനുകൂല്യം നൽകിയത്. ടി ആനുകൂല്യം ഉപയോഗിച്ച് നിലവിൽ ഉണ്ടായിരുന്ന പഴയവീട് പൊളിച്ചുമാറ്റി അവിടെത്തന്നെ പുതിയത് നിർമ്മിച്ചിട്ടുള്ളതാണ്. ടി ആനുകൂല്യം ഉപയോഗിച്ച് മറ്റൊരു വീടും നിർമ്മിച്ചിട്ടില്ല. വീടുപണിയുടെ ഓരോ ഘട്ടവും പരിശോധിച്ചാണ് തുക നൽകിയിരിക്കുന്നത്. ഇക്കാര്യത്തിൽ മോണിട്ടറിംഗ് കമ്മറ്റി കൺവീനറുടെ ശുപാർശകൂടി പരിഗണിച്ചിട്ടുള്ളതാണ്. ടി വിവരങ്ങൾ റിപ്പോർട്ട് ചെയ്തുകൊണ്ടും ടി ഓഡിറ്റ് തടസ്സം ഒഴിവാക്കിത്തരണമെന്നും എ2-17745/06/26-11-2007-ാം നമ്പർ കത്തുപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുള്ളതാണ്."

61. 2000-2001-ലെ ജനകീയാസൂത്രണ പദ്ധതിയിലെ ഭവനനിർമ്മാണ പദ്ധതി പ്രകാരം സ്വന്തമായി വീടില്ലാത്തവർക്കും 1½ മുതൽ 3 സെന്റുവരെ സ്ഥലമുള്ളവർക്കും ധനസഹായം നൽകേണ്ടതിനുപകരം സ്വന്തമായി വീടുള്ളവരും നഗരസഭയിലേക്ക് വീട്ടുകരം അടയ്ക്കുന്നവരുമായ ശ്രീ. എം. നകുലൻ നാടാർ, ശ്രീമതി സജിനി പ്രസാദ്, ശ്രീ. കെ. വി. സനൽകുമാർ തുടങ്ങിയവർക്ക് 30,000 രൂപ വീതം ആകെ 90,000 രൂപ ധനസഹായം നൽകിയ നിയമവിരുദ്ധമായ പ്രവർത്തിയുടെ വിശദീകരണം 11-6-2008-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ആരാഞ്ഞതിന് 3 പേരും വീട്ടുകരം അടയ്ക്കുന്നുണ്ടെങ്കിലും അവരുടെ വീടുകൾ വാസയോഗ്യമായിരുന്നില്ലെന്നും പഴയ വീടുകൾ പൊളിച്ച് നീക്കി അവിടെത്തന്നെ പുതിയ വീട് നിർമ്മിക്കുകയാണ് ഉണ്ടായതെന്നുമുള്ള വിശദീകരണമാണ് ഉദ്യോഗസ്ഥരിൽനിന്നും ലഭിച്ചത്.

62. മേൽപ്പറഞ്ഞ മൂന്നുപേരുടേയും പേരുകൾ വാർഡുസഭ തീരുമാനിച്ചതാണോ അതോ ജനകീയാസൂത്രണ സെല്ലിലെ അംഗങ്ങൾ എഴുതിച്ചേർത്തതാണോയെന്ന സമിതിയുടെ ചോദ്യത്തിന് മറുപടി ലഭിക്കുകയുണ്ടായില്ല.

63. ജനകീയാസൂത്രണ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതായതിനാൽ എല്ലാ വർഷങ്ങളിലും അവസാനഘട്ടത്തിൽ വളരെ ധൃതിപിടിച്ചാണ് പ്ലാൻ ഫണ്ട് വിനിയോഗിക്കുന്നതെന്നും വാർഡ് കൗൺസിലറുടെ താൽപ്പര്യം അവഗണിച്ചുകൊണ്ട് ജനകീയാസൂത്രണ പരിപാടികൾ നടപ്പിലാക്കാൻ കഴിയില്ലെന്നും ഫണ്ട് ലാപ്സാകുന്നതിനുമുമ്പ് എത്രയും പെട്ടെന്ന് വാർഡ് കൗൺസിലർമാരിൽ നിന്നും ലിസ്റ്റ് വാങ്ങുമെന്നും മിനിറ്റ്സിൽ നോക്കുമ്പോൾ ലിസ്റ്റില്ലെങ്കിൽ അർഹതപ്പെട്ട

ആളിനെ കൗൺസിലർതന്നെ സെലക്ട് ചെയ്ത് തരികയും പിന്നീട് വാർഡ് സഭയിൽവച്ച് അതിന് സാധൂകരണം വാങ്ങുകയുമാണ് ചെയ്യുന്നത് എന്നും ഇപ്പോൾ പ്രസ്തുത ഓഡിറ്റ് പരാമർശം കണ്ടപ്പോഴാണ് അന്ന് വാർഡ് സഭ കൂടിയിട്ടില്ലായിരുന്നുവെന്നും മിനിറ്റ്സിൽ പല ഗുണഭോക്താക്കളുടെയും പേര് ഇല്ലാതിരുന്നുവെന്നും മനസ്സിലായതെന്നും അന്ന് സെക്രട്ടറിയായിരുന്ന വ്യക്തിക്ക് 36 വാർഡുകളിലേയും ലിസ്റ്റിലുള്ള പേരുകൾ ഓരോന്നും മിനിറ്റ്സിലുണ്ടോയെന്ന് നോക്കാൻ സാധിക്കില്ല എന്നും മുൻ കോട്ടയം മുനിസിപ്പാലിറ്റി സെക്രട്ടറി കൂട്ടിച്ചേർത്തു.

64. പ്രസ്തുത വിഷയം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 4-8-2008-ലെ എൽ. എഫ്. 13457/Spl.Cell.G1/08 നമ്പർ കത്തുമുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"നഗരസഭയിൽ വസ്തു നികുതി അടച്ചുവന്ന മൂന്നുപേർക്ക് ആനുകൂല്യം നൽകിയതിൽ ടി വീടുകൾ വാസയോഗ്യമായിരുന്നില്ല എന്നതിന് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. സെക്രട്ടറി തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. വീടുകൾ പൂർത്തിയാക്കിയശേഷം പുതിയ വീട്ടുനമ്പരും അസസ്സ്മെന്റും സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. എന്നിരുന്നാലും വീടുകളുടെ ശോചനീയാവസ്ഥ ബോദ്ധ്യപ്പെട്ടാണ് ആനുകൂല്യം അനുവദിച്ചത് എന്ന മറുപടി അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണ്."

## നിഗമനങ്ങൾ/ശുപാർശകൾ

65. **സ്വന്തമായി വീടില്ലാത്തവർക്ക് നൽകേണ്ടിയിരുന്ന ധനസഹായം നിലവിൽ വീടിന് കരമടയ്ക്കുന്നവർക്ക് നൽകിയ പ്രവൃത്തി യാതൊരു കാരണവശാലും ന്യായീകരിക്കത്തക്കതല്ല.**

66. **പ്ലാൻ ഫണ്ട് ലാപ്സാകുമെന്ന ഒറ്റകാരണത്താൽ വാർഡ് സഭയുടെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത വ്യക്തികളുടെ പേരുകൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും പിന്നീട് വാർഡ് സഭയിൽ വച്ച് അതിന് സാധൂകരണം വാങ്ങുകയും ചെയ്യുന്ന രീതി തെറ്റായ പ്രവണതയാണെന്നും ഭാവിയിൽ ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു. ഈ കേസിൽ വാർഡ് സഭ ചേരുകയോ പകരമുണ്ടാക്കിയ ലിസ്റ്റിന് സാധൂകരണം നൽകുകയോ ചെയ്തിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു.**

67. **പ്രസ്തുത ഭവനനിർമ്മാണ പദ്ധതിയിൽ അർഹരല്ലാത്തവരുടെ പേരുകൾ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കിയ മുൻ സെക്രട്ടറി ശ്രീ. എസ്. സുദർശനിൽ നിന്നും വാർഡ് സഭയുടെ മിനിറ്റ്സിൽ രേഖപ്പെടുത്താത്ത വ്യക്തികളുടെ പേരുകൾകൂടി അന്തിമ ലിസ്റ്റിൽ ഉൾപ്പെടുത്തിയ കൗൺസിൽ അംഗങ്ങളിൽ നിന്നും നഗരസഭയ്ക്കുണ്ടായ നഷ്ടം തുല്യമായി ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വനിതാ ഹോസ്റ്റൽ നിർമ്മാണം—ഡിസൈൻ ചാർജ്ജ് അനുവദനീയമല്ല**

നഗരസഭയുടെ വകയായി നിർമ്മിക്കാൻ പദ്ധതിയിട്ട വനിതാഹോസ്റ്റലിന്റെ ഡിസൈനും സ്കെച്ചും തയ്യാറാക്കുന്നതിനായി ആൻസൺ ആന്റ് ഗ്രൂപ്പിന് 617951

രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്ലാൻ കെ.എം.ബി.ആർ.ന് വിരുദ്ധമായതിനാൽ ചീഫ് ടൗൺ പ്ലാനർ അനുമതി നൽകിയില്ല എന്നു രേഖകളിൽ നിന്നും മനസ്സിലാക്കുന്നു. ശരിയായ കാഴ്ചപ്പാടില്ലാതെ പ്ലാൻ തയ്യാറാക്കിയതിലും അതിലും ലാഘവത്തോടെ 6 ലക്ഷം രൂപ രൂപരേഖയ്ക്കായി നൽകിയതിലും ദുരൂഹത കാണുന്നു. അതിനാൽ ഈയിനത്തിൽ ചിലവായ തുക തിരികെ ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-2004 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 6.3.3]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച 15-4-2008-ലെ 21107/AB1/08 ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

68. "സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടും കെ.എം.ബി.ആർ. പ്രകാരം തടസ്സങ്ങളില്ലാതെയും മെസേഴ്സ് ആൻസൺസ് ഗ്രൂപ്പിൽ നിന്നും പുതിയ പ്ലാനുകൾ തയ്യാറാക്കി ലഭ്യമാക്കിയിട്ടുള്ളതാണ്. സ്ട്രക്ച്ചറൽ ഡിസൈൻ തയ്യാറാക്കിയത് സൂക്ഷ്മപരിശോധനയ്ക്കായി എൽ.ബി.എസ്. സെന്ററിലേക്ക് അയച്ചിട്ടുണ്ട്. ടി മാറ്റങ്ങൾ വരുത്തി പുതിയ പ്ലാൻ തയ്യാറാക്കിയതിന് മെസേഴ്സ് ആൻസൺസ് ഗ്രൂപ്പിന് പ്രത്യേക ഫീസൊന്നും നൽകിയിട്ടില്ലാത്തതാണ്. ടി വിവരങ്ങൾ റിപ്പോർട്ട് ചെയ്തുകൊണ്ടും ടി ഓഡിറ്റ് തടസ്സം ഒഴിവാക്കിത്തരണമെന്നും എ2/17745/06/26-11-2007-ാം നമ്പർ കത്തുപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടുള്ളതാണ്."

69. വനിതാഹോസ്റ്റലിലെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്കെച്ചും ഡിസൈനും തയ്യാറാക്കുന്ന ചുമതല പുറത്തുള്ള ഒരു ആർക്കിടെക്ടിന് നൽകിയതിന്റെ വിശദീകരണം 11-6-2008-ലെ തെളിവെടുപ്പുയോഗത്തിൽ സമിതി ആവശ്യപ്പെട്ടതിന് ഡിസൈൻ ചാർജ്ജ് കൂടുതൽ കൊടുക്കാതെതന്നെ ഡിസൈൻ മാറ്റം വരുത്തി വാങ്ങിച്ചിട്ടുണ്ട് എന്നും ആയത് 2007-ൽ എൽ.ബി.എസ്സിലേക്ക് സൂക്ഷ്മപരിശോധനയ്ക്ക് അയച്ചുകൊടുത്തത് മടക്കി ലഭിച്ചിട്ടുണ്ടെന്നും കോട്ടയം മുനിസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

70. ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും 6 അസിസ്റ്റന്റ് എഞ്ചിനീയർമാരുൾപ്പെടുന്ന വിപുലമായ നഗരസഭാ എഞ്ചിനീയറിംഗ് വിഭാഗവും ടൗൺ പ്ലാനിംഗ് വിഭാഗവും ഉണ്ടായിരിക്കെ ഒരു വനിതാ ഹോസ്റ്റലിന് പ്ലാനും സ്കെച്ചും എസ്റ്റിമേറ്റും തയ്യാറാക്കുന്ന ജോലി ഇവരെ ഏൽപ്പിക്കാതെ സ്വകാര്യ ഏജൻസിയെ ഏൽപ്പിച്ച നഗരസഭയുടെ നടപടി ന്യായീകരിക്കത്തക്കതല്ല എന്ന് സമിതി അഭിപ്രായപ്പെട്ടു.

71. മുനിസിപ്പാലിറ്റിയുടെകീഴിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഉണ്ടായിരിക്കെ പുറത്തുള്ള ഒരു ആർക്കിടെക്ടിനെ പ്ലാൻ ഡിസൈൻ ചെയ്യാൻ ഏൽപ്പിക്കുകയും 2002 മാർച്ചിൽ 6,17,951 രൂപ ഫീസായി നൽകുകയും എന്നാൽ 7 വർഷം കഴിഞ്ഞിട്ടും പണി പൂർത്തീകരിക്കാതിരിക്കുകയും ചെയ്ത നടപടിക്ക് സമിതി വിശദീകരണം ആരാഞ്ഞു. കൗൺസിലിന്റെ തീരുമാനപ്രകാരമാണ് പ്ലാൻ ഡിസൈൻ ചെയ്യാൻ പുറത്തുള്ള ഒരു ആർക്കിടെക്ടിനെ ഏൽപ്പിച്ചതെന്ന് കോട്ടയം മുനിസിപ്പാലിറ്റി സെക്രട്ടറി വ്യക്തമാക്കി.

72. 6,17,951 രൂപയുടെ പെയ്മെന്റ് മുനിസിപ്പൽ ചെയർമാൻ അംഗീകരിച്ചാൽ മാത്രമേ സെക്രട്ടറിക്ക് പ്രസ്തുത തുക നൽകാൻ സാധിക്കുകയുള്ളൂവെന്നും ആയതിനാൽ ഈ വിഷയത്തിൽ സെക്രട്ടറിയും ചെയർമാനും ഉത്തരവാദികളാണെന്ന് സമിതി വ്യക്തമാക്കി.

73. സർക്കാർ അംഗീകരിച്ച ആർക്കിടെക്ടുകളുടെ ലിസ്റ്റിലുള്ള ഒരു വ്യക്തിക്കാണ് ഹോസ്റ്റലിന്റെ പ്ലാൻ ഡിസൈൻ ചെയ്യാൻ നൽകിയതെന്നും ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിൽ നിന്നും ബിൽഡിംഗ് റൂൾസിന് വിരുദ്ധമായതിനാൽ പ്ലാൻ മടക്കി വീണ്ടും റെക്ടിഫൈ ചെയ്യാൻ നോട്ടീസ് നൽകിയെന്നും അതനുസരിച്ച് സ്ട്രക്ചറും ഡിസൈനുമൊക്കെ വീണ്ടും തയ്യാറാക്കി കൊടുത്ത് അതിന് അംഗീകാരം നേടിയെടുക്കുന്ന സ്റ്റേജുവരെ കാര്യങ്ങൾ പുരോഗമിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രോജക്ട് പൂർത്തീകരിക്കുകതന്നെ ചെയ്യുമെന്നും മുൻ കോട്ടയം മുനിസിപ്പൽ സെക്രട്ടറി ശ്രീ. എസ്. സുദർശനൻ സമിതിയിൽ വിശദീകരിച്ചു.

74. പ്രസ്തുത വിഷയം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 4-8-2008-ലെ LF 13457/Spl.Cell.G1/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"രൂപ 6,17,951 ഈടാക്കുന്നതിന് സർചാർജ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ തുക ഈടാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിച്ചിട്ടില്ല. തുക ഈടാക്കുന്നതിനോ പദ്ധതി പൂർത്തീകരിക്കുന്നതിനോ നഗരസഭ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല."

## നിഗമനങ്ങൾ/ശുപാർശകൾ

75. **ആർക്കിടെക്ടിനെ സ്പെഷ്യലായി നിയമിക്കുന്നതിന് നഗരസഭ അനുമതി വാങ്ങിയിട്ടില്ലെന്നും 6,17,951 രൂപ ആർക്കിടെക്ടിന് നൽകി തയ്യാറാക്കിയ പ്ലാൻ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസിന് വിരുദ്ധമായിരുന്നതിനാൽ മൂന്നു പ്രാവശ്യം അവ ചീഫ് ടൗൺ പ്ലാനർ നിരസിക്കാനിടയായത് ആർക്കിടെക്ടിന്റെയും ലേ ഔട്ട് വേണ്ടവിധം പരിശോധിക്കാതിരുന്ന നഗരസഭയുടെ ടൗൺ പ്ലാനിംഗ് വിഭാഗത്തിന്റെയും വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു.**

76. **ആർക്കിടെക്ടുമായി ഉണ്ടാക്കിയ കരാറിൽ ഏൽപ്പിച്ച ജോലി പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിക്കാതിരുന്നതും ടിയാന്റെ വീഴ്ചമൂലം നഗരസഭയ്ക്കുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിന് വ്യവസ്ഥ ഉൾക്കൊള്ളിക്കാത്തതും നഗരസഭയുടെ ഭാഗത്തുനിന്നും സംഭവിച്ച കടുത്ത അനാസ്ഥയാണെന്ന് സമിതി മനസ്സിലാക്കുന്നു.**

77. **6,17,951 രൂപയുടെ പേമെന്റ് മുനിസിപ്പൽ ചെയർമാൻ അംഗീകരിച്ചാൽ മാത്രമേ പ്രസ്തുത തുക നല്കാൻ സെക്രട്ടറിക്ക് സാധിക്കുകയുള്ളൂവെന്നും ആയതിനാൽ നഗരസഭയ്ക്കുണ്ടായ നഷ്ടം മുൻ സെക്രട്ടറി ശ്രീ. എസ്. സുദർശനൻ, അന്നത്തെ മുനിസിപ്പൽ ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവരുടെ ബാധ്യതയായി നിശ്ചയിച്ച് അവരിൽ നിന്നും തുല്യമായി ആർ.ആർ.വഴി ഈടാക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മാന്താർ വട്ടപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ്—അംഗീകരിച്ച പദ്ധതിക്കുപകരം മറ്റൊന്നു ചെയ്തു—തുക നിരാകരിക്കുന്നു.**

വട്ടപറമ്പ് റോഡ് മണ്ണിട്ടുയർത്തി കോൺക്രീറ്റ് ചെയ്യുന്നതായിരുന്നു പദ്ധതി—പദ്ധതിയുടെ ഒന്നാമിനം റോഡ് മണ്ണിട്ടുയർത്തൽ നാമമാത്രമായി ചെയ്തശേഷം നാട്ടുകാർക്ക് എതിർപ്പുണ്ടെന്ന് മെമ്പറുടെ വാദപ്രകാരം മറ്റൊരു റോഡായ മാന്താർ മണ്ണുപറമ്പ് എന്ന റോഡാണ് കോൺക്രീറ്റ് ചെയ്തത്. തന്നെയുമല്ല എസ്റ്റിമേറ്റിലെ രണ്ടാമിനമായ 1.3.6 അനുപാതത്തിൽ ചെയ്യേണ്ട വേല 8100 ഡിഎം.3 എന്നാണ് പറഞ്ഞിരിക്കുന്നത് എന്നാൽ എം. ബുക്ക് പ്രകാരം 9699 ഡി. എം.3 വേല ചെയ്തതായി കാണുന്നു. ആയതിന് പുതുക്കിയ എസ്റ്റിമേറ്റും ഹാജരാക്കിയിട്ടില്ല. ആയതിനാൽ മാന്താർ മണ്ണുപറമ്പ് റോഡ് കോൺക്രീറ്റ് ചെയ്തയിനത്തിൽ ചെലവായ 2175 രൂപയും (മണ്ണിട്ടുയർത്തിയ വേല) നികുതിയിനത്തിലുള്ള 2383 രൂപയും കിഴിച്ച് അംഗീകാരമില്ലാതെ മാന്താർ മണ്ണുപറമ്പ് കോൺക്രീറ്റ് ചെയ്ത വേലയ്ക്ക് നൽകിയ 20,044 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 4.II.2.1.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച 15-4-2008-ലെ 21107/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

78. "2001-2002 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തിയ മാന്താർ റോഡ് കോൺക്രീറ്റിംഗ്, വട്ടപ്പറമ്പ് റോഡ് കോൺക്രീറ്റിംഗ് എന്നീ രണ്ടു വർക്കുകളാണ് ഉൾപ്പെടുത്തിയത്. എന്നാൽ വട്ടപ്പറമ്പ് റോഡിന്റെ പണി ആരംഭിച്ച സമയത്ത് നാട്ടുകാരുടെ ഭാഗത്തുനിന്നും തടസ്സങ്ങൾ ഉണ്ടായതിനാൽ അതേ റോഡിന്റെതന്നെ വേറൊരു ഭാഗമായ മാന്താർ മണ്ണുപറമ്പ് റോഡിന്റെ വർക്ക് ചെയ്യുകയാണുണ്ടായത്. വാർഡ് കൗൺസിലറുടെ നിർദ്ദേശപ്രകാരവും പദ്ധതിയിൽ ഉൾപ്പെടുത്തിയ തുക നഷ്ടപ്പെടാതിരിക്കുന്നതിനും വേണ്ടിയാണ് 25,000 രൂപ എസ്റ്റിമേറ്റുള്ള വർക്ക് ചെയ്തിട്ടുള്ളത്. ഇതിൽ എസ്റ്റിമേറ്റിൽ ഉള്ളതിനേക്കാൾ വർക്ക് കൂടുതൽ ചെയ്തതായിട്ടാണ് മെഷർമെന്റ് ബുക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ളതായി ഓഡിറ്റിൽ പറഞ്ഞിട്ടുണ്ട്. അതിൻപ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടില്ല എന്നുള്ള പരാമർശമാണ് ഓഡിറ്റിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. യഥാർത്ഥത്തിൽ വർക്ക് നടന്നിട്ടുള്ളതായി അന്വേഷണത്തിൽ അറിയുവാൻ സാധിച്ചിട്ടുള്ളതാകയാൽ ഈ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു."

79. നിർദ്ദിഷ്ട റോഡിനുപകരം മറ്റൊരു റോഡിന്റെ പണി ചെയ്തതിന്റെ വിശദീകരണം 11-6-2008-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ആരാഞ്ഞതിന് കൗൺസിലർ കോൺട്രാക്ടറെ സ്വാധീനിച്ച് നിശ്ചയിച്ചിരുന്ന റോഡ് പണിക്കുപകരം മറ്റൊരു റോഡിന്റെ പണി ചെയ്യിക്കുകയാണ് ഉണ്ടായതെന്നും പ്രസ്തുത പ്രവൃത്തിക്ക് പിന്നീട് സാധൂകരണം ലഭിച്ചിട്ടുണ്ടോ എന്നത് ഫയൽ നോക്കിയാൽ മാത്രമേ പറയാൻ

കഴിയൂ എന്നും ഇതു സംബന്ധിച്ച് തനിക്കെതിരെയുള്ള സർചാർജ്ജിനെതിരെ കേസ് ഫയൽ ചെയ്തിട്ടുണ്ടെന്നും പ്രവർത്തി പൂർത്തിയായി എന്ന് എഞ്ചിനീയർ റിപ്പോർട്ട് ചെയ്താൽ അതിന്റെ എം.ബുക്ക് മാത്രമേ പണം കൊടുക്കുമ്പോൾ പരിശോധി ക്കാറുള്ളൂവെന്നും സൈറ്റ് മാറിയെന്നുള്ള സാങ്കേതിക ക്രമക്കേട് പിന്നീട് സൂക്ഷ്മ പരി ശോധനയിലാണ് കണ്ടെത്തിയതെന്നും എസ്റ്റിമേറ്റ് അധികരിച്ചുള്ള യാതൊരു പ്രവർത്തിയും ചെയ്തിട്ടില്ലെന്നും ഇതു സംബന്ധിച്ച ഫയൽ കൺമാനില്ലെന്നും മുൻ മുനിസിപ്പൽ സെക്രട്ടറി സുദർശനൻ വിശദീകരിച്ചു.

80. പ്രസ്തുത വിഷയം സംബന്ധിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 4-8-2008-ലെ LF 13457Spl.Cell.G1/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

"മാന്താർ വട്ടപ്പറമ്പ് റോഡിനുപകരം ചെയ്ത മാന്താർ-മണ്ണുപറമ്പ് റോഡ് പണിയുടെ ഫയൽ ലഭ്യമാക്കിയിട്ടില്ല. 20,044 രൂപ ഈടാക്കുന്നതിന് സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും തുക ഈടാക്കിയിട്ടില്ല. തുക തിരികെ ഈടാ ക്കുന്നതിന് സെക്രട്ടറി റവന്യൂ റിക്കവറി നടപടിയൊന്നും സ്വീകരിച്ചിട്ടില്ല."

### നിഗമനങ്ങൾ/ശുപാർശകൾ

81. **നിശ്ചയിച്ചിരുന്ന റോഡ് പണിക്ക് പകരം മറ്റൊരു റോഡിന്റെ പണി ചെയ്ത പ്രവൃത്തിക്ക് കൗൺസിലിന്റെ സാധൂകരണം വാങ്ങി ഓഡിറ്റ് വകുപ്പിനെ അടിയന്തിരമായി ബോധ്യപ്പെടുത്താത്തപക്ഷം റോഡ് പണിക്കായി ചെലവായ തുക മുൻ സെക്രട്ടറി ശ്രീ. എസ്. സുദർശനിൽ നിന്നും ബന്ധപ്പെട്ട കൗൺ സിലറിൽ നിന്നും തുല്യമായി ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വാംബേ വീടു നിർമ്മാണ ഗുണഭോക്താവിന് കേരള വികസന പദ്ധതിയിലും ധനസഹായം**

സ്വന്തമായി സ്ഥലവും, വീടും ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയിൽ ശ്രീ. എ. ആർ. വിജയൻ, പുതുക്കേരി ചിറ വീട്ടിൽ, കാരാപ്പുഴ 16-5-2003-ലെ 253424-ാം ചെക്കു പ്രകാരം 20,000 രൂപ നൽകുകയുണ്ടായി. എന്നാൽ ഇയാൾക്ക് വീടുവയ്ക്കുന്നതിന് വാംബേ പദ്ധതിപ്രകാരം ധനസഹായം അനുവദിച്ചിട്ടുള്ളതായി ബന്ധപ്പെട്ട രേഖകൾ സൂചിപ്പിക്കുന്നു. വാംബേ പദ്ധതിപ്രകാരം ധനസഹായം നൽകിയ വ്യക്തിക്ക് കേരള വികസന പദ്ധതിയിലും ധനസഹായം നൽകിയ നടപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-2005 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ 4.II.2.2.]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 15-4-2008-ലെ 21107/AB1/08ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു :

82. "ഈ ഓഡിറ്റ് തടസ്സത്തിൽ പ്രതിപാദിച്ചിട്ടുള്ള 253424-ാം നമ്പർ ചെക്കു പ്രകാരമുള്ള തുക നൽകിയിട്ടുള്ളത് എ.ആർ.വിജയൻ, പുതുക്കേരിച്ചിറ വീട്, കാരാപ്പുഴ, കോട്ടയം എന്ന വ്യക്തിക്കാണ്. ടിയാന് വാംബേ പദ്ധതിയിൽപ്പെടുത്തി ടി ആനുകൂല്യം നൽകിയിട്ടില്ല. ജനകീയാസൂത്രണ പദ്ധതിപ്രകാരം സ്ഥലം വാങ്ങുന്നതിനു മാത്രമേ ആനുകൂല്യം നൽകിയിട്ടുള്ളൂ. വാംബേ പദ്ധതിപ്രകാരം വീടുവയ്ക്കുന്നതിന് ടിയാന് ആനുകൂല്യം നൽകിയിട്ടുണ്ട്. രണ്ട് പദ്ധതിപ്രകാരം ഒരേ ആനുകൂല്യം കൈപ്പറ്റിയിട്ടില്ലാത്തതിനാൽ നിയമപരമായ തടസ്സങ്ങൾ ഒന്നും ഇല്ലാത്തതാണ്."

83. വാംബേ പദ്ധതിപ്രകാരം 20,000 രൂപ ധനസഹായം ലഭിച്ച പുതുക്കേരിച്ചിറ വീട്ടിൽ എം.ആർ. വിജയനുതന്നെ കേരള വികസന പദ്ധതിയിലും ധനസഹായം നൽകിയ നടപടിക്ക് എന്ത് വിശദീകരണമാണ് നൽകാനുള്ളതെന്ന 11-6-2008-ലെ തെളിവെടുപ്പ് യോഗത്തിലെ സമിതിയുടെ ചോദ്യത്തിന് കേരള വികസന പദ്ധതി സ്ഥലം വാങ്ങുന്നതിന് ധനസഹായം നൽകുന്നതിന് വേണ്ടിയുള്ളതായിരുന്നെന്നും വാംബേ പദ്ധതി സ്ഥലമുള്ളവർക്ക് വീടുവയ്ക്കുന്നതിനുള്ളതാണെന്നും കോട്ടയം മുൻ മുനിസിപ്പാലിറ്റി സെക്രട്ടറി വ്യക്തമാക്കി. സ്ഥലം വാങ്ങുന്നതിനുള്ള 20,000 രൂപ മാത്രമേ ടിയാന് നൽകിയിട്ടുള്ളൂവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

84. 2002-2003-ലെ കേരള വികസന പദ്ധതി സ്ഥലം ഇല്ലാത്തവർക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിനുള്ളതായിരുന്നുവെന്നും വാംബേ പദ്ധതി സ്ഥലമുള്ളവർക്ക് വീടുവയ്ക്കുന്നതിനുള്ളതാണെന്നും ശ്രീ. എം. ആർ. വിജയന് കേരള വികസന പദ്ധതി പ്രകാരം സ്ഥലം വാങ്ങുന്നതിനായി മാത്രമാണ് ധനസഹായം നൽകിയതെന്നും എന്നാൽ വീട് നിർമ്മിക്കാൻ ധനസഹായം നൽകിയിട്ടില്ലെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ വ്യക്തമാക്കി.

85. 11-6-2008-ലെ തെളിവെടുപ്പ് യോഗത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നല്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടിരുന്നു.

86. പ്രസ്തുത വിഷയം സംബന്ധിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 4-8-2008-ലെ എൽ.എഫ്. 13457/സ്പെ.സെൽ.ജി1/08 നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടിയിൽ വ്യത്യസ്തമായ അഭിപ്രായമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയത് ചുവടെ ചേർക്കുന്നു :

"ശ്രീ. എ. ആർ. വിജയനിൽ നിന്നും തുക ഈടാക്കുന്നതിന് സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും തുക ഈടാക്കിയിട്ടില്ല. സ്വന്തമായി സ്ഥലവും വീടുമില്ലാത്തവർക്ക് സ്ഥലവും വീടും നൽകുന്നതിനുള്ള 82/2002-03 നമ്പർ പദ്ധതിയിൽ ഉൾപ്പെടുത്തി ടിയാളിന് സ്ഥലം വാങ്ങാൻ മാത്രം ധനസഹായം നൽകുകയും വാംബേ പ്രകാരം വീടിന് 40,000 രൂപ അനുവദിക്കുകയും 35,000 രൂപ വിതരണം നടത്തുകയും ബാക്കി തുക പണി പൂർത്തിയാക്കുന്ന മുറയ്ക്ക് നൽകുന്നതാണെന്നും നഗരസഭാ സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ അധികമായി നൽകിയ തുക ഈടാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടില്ല.

## നിഗമനങ്ങൾ/ശുപാർശകൾ

87. **ശ്രീ. എ. ആർ. വിജയന് കേരള വികസന പദ്ധതിയിൽപ്പെടുത്തി സ്ഥലം വാങ്ങുന്നതിന് മാത്രമാണ് ആദ്യം ധനസഹായം നൽകിയിട്ടുള്ളതെന്നും പിന്നീട്**

**വാംബേ പദ്ധതിയിൽപ്പെടുത്തിയാണ് വീട് വെയ്ക്കുന്നതിന് ധനസഹായം നൽകി യതെന്നുമുള്ള നഗരസഭാ സെക്രട്ടറിയുടെ മറുപടിയും 4-8-2008-ലെ എൽ.എഫ്.എ. കത്തുപ്രകാരം സ്വന്തമായി സ്ഥലവും വീടുമില്ലാത്തവർക്ക് സ്ഥലവും വീടും നൽകു ന്നതിനുള്ള 62/2002-03 നമ്പർ പദ്ധതിയിൽപ്പെടുത്തി ടിയാന് സ്ഥലം വാങ്ങാൻ മാത്രം ധനസഹായം നൽകുകയും വാംബേ പദ്ധതി പ്രകാരം വീട് വെയ്ക്കുന്ന തിന് 40,000 രൂപാ അനുവദിച്ചതിൽ 35,000 രൂപ നൽകുകയും ചെയ്തിട്ടു ണ്ടെന്നും അധികമായി നൽകിയ തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല എന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നൽകിയ മറുപടിയും പരിശോധിച്ചതിൽ അധികമായി നൽകിയ തുക എത്രയെന്നോ ഏതുവിധത്തിലാണ് തുക അധിക മായി നൽകിയതെന്നോ വ്യക്തമാകാത്ത സാഹചര്യത്തിൽ ഈ രണ്ടു മറുപടികളും പരിശോധിച്ച് വ്യക്തമായ മറുപടി നൽകുന്നതിന് എൽ.എഫ്.എ.ഡി. യോട് സമിതി ആവശ്യപ്പെടുന്നു.**

88. **ശ്രീ. എ. ആർ. വിജയന് നൽകിയ തുകകളുടെ വിനിയോഗം സംബന്ധിച്ച വിശദവിവരങ്ങളും തുക യഥാർത്ഥ ആവശ്യത്തിനുതന്നെ വിനിയോഗി ച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ചും സമിതിയെ അറിയിക്കണമെന്ന് തദ്ദേശസ്വയം ഭരണ വകുപ്പിനോടും ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ട വിവരം അറിയിക്കണ മെന്ന് എൽ.എഫ്.എ.ഡി. യോടും സമിതി നിർദ്ദേശിക്കുന്നു.**

### പാലാ മുനിസിപ്പാലിറ്റി

ഓഡിറ്റ് ഖണ്ഡിക

പാലാ മുനിസിപ്പാലിറ്റിയുടെ 1999-2000, 2000-01, 2001-02 വർഷങ്ങളിലെ ജനകീയാസൂത്രണ പദ്ധതിയിലൂടെ ഓഡിറ്റ് സമയത്ത്, ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടപ്പാക്കിയ ഇൻഡോർ സ്റ്റേഡിയം നിർമ്മാണത്തിൽ മരാമത്ത് ചട്ടങ്ങൾ കൃത്യമായി പാലിക്കാതിരുന്നതുമൂലവും ഭരണപരമായ കെടുകാര്യസ്ഥതമൂലവും 10,97,527 രൂപ പൂർണ്ണമായി പാഴ്ചെലവായതായി ശ്രദ്ധയിൽപ്പെട്ടു. സ്റ്റേഡിയം നിർമ്മി ക്കേണ്ടുന്ന സ്ഥലത്തെ സംബന്ധിച്ച് രൂക്ഷമായ അഭിപ്രായഭിന്നത മുനിസിപ്പൽ കൗൺസിലിലെ അംഗങ്ങൾക്കിടയിൽ നിലനിൽക്കുമ്പോൾ, ടി തർക്കം പരിഹരിക്കാതെ മുനിസിപ്പൽ സ്റ്റേഡിയത്തോട് ചേർന്ന് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കാൻ തീരുമാനിച്ചു. പ്രവൃത്തി നടപ്പാക്കാനാരംഭിച്ച് പുരോഗതി ഘട്ടമെത്തിയപ്പോൾ ടി സ്ഥാനത്ത് സ്റ്റേഡിയം നിർമ്മിക്കുന്നതിൽ എതിർപ്പുള്ള മുനിസിപ്പൽ കൗൺസിൽ അംഗങ്ങളും സമാന ചിന്താഗതിയുള്ളവരും ചേർന്ന് പണി തടസ്സപ്പെടുത്തുകയും ആത്യന്തികമായി പണി ഉപേക്ഷിക്കുകയും ചെയ്തു. നാളിതുവരെ പ്രവൃത്തിക്കായി ചെലവ് ചെയ്ത 10,97,527 രൂപ പാഴായി പോവുകയും ചെയ്തു. പണി ഉപേക്ഷിക്കു ന്നതിന് നിദാനമായ വർക്ക് സൈറ്റിനെ സംബന്ധിക്കുന്ന തർക്കം വർക്ക് ഓർഡർ കൊടുക്കുമ്പോൾ നിലവിലുണ്ടായിരുന്നതിനാൽ തർക്കം പരിഹരിക്കാതെ വർക്ക് ഓർഡർ കൊടുത്തത് പൂർണ്ണമായും ക്രമവിരുദ്ധമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നം. 6.4.]

89. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും 19-6-2008-ലെ 33868/എ.ബി1/08/ത.സ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം ലഭിച്ച മറുപടി ചുവടെ ചേർക്കുന്നു.

"1. സർക്കാരിന്റെ 21-1-2006-ലെ സ.ഉ. (എം. എസ്.) നം. 30/2006 ത.സ്വ.ഭ.വ. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം പ്രാരംഭഘട്ടചെലവുകൾക്കായി ചെലവായ 10,97,527 രൂപ 12% പലിശയും ചേർത്ത് 1995-2000, 2000-05 കാലയളവുകളിലെ കൗൺസിലർമാരിൽ നിന്നും തുല്യമായി 49,821 രൂപ പ്രകാരം ഈടാക്കുന്നതിന് എച്ച്.സി. 559/06 തീയതി 23-1-2006 പ്രകാരം കൗൺസിലർമാർക്ക് നോട്ടീസ് നൽകിയിരുന്നു.

2. എന്നാൽ, സർക്കാരിന്റെ 21-3-2006-ലെ സ.ഉ. (എം.എസ്) 760/06/ത.സ്വ. ഭ.വ. നമ്പർ ഉത്തരവ് പ്രകാരം റിക്കവറി നടപടികൾ തത്ക്കാലം നടപ്പിലാക്കേണ്ടതില്ലെന്നും ഇതിൽ അന്തിമ തീരുമാനം പിന്നീട് പുറപ്പെടുവിക്കുന്നതാണെന്നും ഉത്തരവായിട്ടുള്ളതാണ്. തുടർ ഉത്തരവുകൾ ഉണ്ടായിട്ടില്ല."

90. പ്രസ്തുത ഓഡിറ്റ് ഖണ്ഡിക സംബന്ധിച്ച 11-6-2008-ലെ തെളിവെടുപ്പു യോഗത്തിൽ സമിതി വിശദീകരണം ആരാഞ്ഞതിന്, സ്റ്റേഡിയം നിർമ്മാണം പൂർത്തിയായോ എന്ന സമിതിയുടെ ചോദ്യത്തിന് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ല എന്ന് പാലാ മുനിസിപ്പാലിറ്റി സെക്രട്ടറി ശ്രീ. രഘുരാമൻ മറുപടി നൽകി.

91. 3-1-2005-ന് ലോക്കൽ ഫണ്ട് ഓഡിറ്റ് പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടിന് 17-11-2005-ൽ നഗരസഭാ സെക്രട്ടറി ആദ്യ മറുപടി നൽകിയെന്നും ഓഡിറ്റ് പരാമർശത്തിനായി സംസ്ഥാന പെർഫോമൻസ് വിഭാഗം 11-2-2005-ൽ നേരിട്ട് അന്വേഷണം നടത്തുകയുണ്ടായിയെന്നും സ്റ്റേഡിയം നിർമ്മിക്കുന്നതിൽ തടസ്സം വന്നതിനും തുക പാഴായിപ്പോയതിനും കാരണം കൗൺസിൽ അംഗങ്ങൾക്കിടയിലുള്ള ചേരിപ്പോരാണെന്ന് വ്യക്തമായതിനെതുടർന്ന് സർക്കാർ നടത്തിയ ശ്രമങ്ങൾക്ക് ക്രിയാത്മകമായ പ്രതികരണം നഗരസഭാധികൃതരിൽ നിന്നുമുണ്ടാകാതിരുന്ന സാഹചര്യത്തിൽ ചട്ടങ്ങൾക്കു വിരുദ്ധമായി ചെലവഴിച്ച 16,44,092 രൂപ പലിശ സഹിതം സെക്രട്ടറി, കൗൺസിൽ അംഗങ്ങൾ എന്നിവരിൽ നിന്നും ഒരു മാസത്തിനകം ഈടാക്കുന്നതിന് 21-1-2006-ലെ ഉത്തരവുപ്രകാരം നിർദ്ദേശിച്ചുവെങ്കിലും പ്രസ്തുത ഉത്തരവ് 21-3-2006-ലെ ഉത്തരവുപ്രകാരം സർക്കാർ താത്ക്കാലികമായി മരവിപ്പിച്ചുവെന്നും സമിതി ചൂണ്ടിക്കാട്ടി.

92. ഒന്നിലധികം കമ്മിറ്റി മീറ്റിംഗുകളുടെ അടിസ്ഥാനത്തിൽ സ്റ്റേഡിയം പണി തുടങ്ങുന്നതിനായി കൗൺസിൽ അംഗങ്ങൾ ഏകകണ്ഠമായി തീരുമാനിക്കുകയും അതിനുശേഷം അവിടെ സ്റ്റേഡിയം പണിയണ്ട എന്നുള്ള തർക്കം ആളുകളിൽ നിന്നും വരുകയും പദ്ധതി നിർത്തിവയ്ക്കുകയും ചെയ്തതിനാൽ അന്നത്തെ സെക്രട്ടറിയുടെയും ബന്ധപ്പെട്ട കൗൺസിൽ അംഗങ്ങളുടെയും കൈയ്യിൽ നിന്നും തുക തിരിച്ചു പിടിക്കുന്നതിനായി സർക്കാർ തീരുമാനിച്ചു. കൗൺസിൽ അംഗങ്ങളുടെ ഭാഗം കേൾക്കാതെ സർക്കാർ ഉത്തരവിറക്കിയതിനാൽ തങ്ങളുടെ ഭാഗം കൂടി കേൾക്കണമെന്ന് പറഞ്ഞ് അവർ അന്നത്തെ സർക്കാരിന് അപേക്ഷ കൊടുത്തതിനെതുടർന്നാണ് പ്രസ്തുത ഉത്തരവ് താൽക്കാലികമായി നിർത്തിവയ്ക്കാൻ സർക്കാർ തീരുമാനമെടുത്ത

തെന്നും, കഴിഞ്ഞമാസം കൂടുതൽ അന്വേഷണം നടത്തിയതിൽനിന്നും കുറച്ച് വർക്ക് ചെയ്തിട്ടുള്ളതായി വ്യക്തമായിട്ടുണ്ടെന്നും ഇപ്പോൾ പ്രസ്തുത പ്രോജക്ട് മിക്കവാറും നിർത്തിവച്ചതുപോലെയാണെന്നും ഇതിനുവേണ്ടി സർക്കാർ ഗ്രാന്റായി കൊടുത്ത 12 ലക്ഷം രൂപ മുനിസിപ്പാലിറ്റിയിൽ നിന്നും ഈടാക്കാനായി കത്തുനൽകിയിട്ടുണ്ടെന്നും എന്നാൽ ഇപ്പോൾ ഈ വിഷയം സമിതിയുടെ പരിഗണനയിലായതിനാൽ സ്റ്റേ പിൻവലിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും അതിന്റെ റിക്കവറി എങ്ങനെ വേണമെന്നുള്ളതും മുനിസിപ്പാലിറ്റിക്കുണ്ടായ നഷ്ടത്തെ സംബന്ധിച്ചും സമിതി തീരുമാനിക്കട്ടെ എന്നതാണ് സർക്കാർ നിലപാട് എന്നും പ്രവർത്തി ഏറ്റെടുത്ത കോൺട്രാക്ടറുടെ ഭാഗത്തും കുറച്ച് വീഴ്ചയുണ്ടായിട്ടുണ്ടെന്നും എൽ.എസ്.ജി.ഡി.എസ്.പി.എ.ഒ. സമിതിയിൽ വിശദീകരിച്ചു.

93. സെലക്ഷൻ നോട്ടീസ് നൽകിയ സമയത്ത് എതിരഭിപ്രായം ഉണ്ടായിരുന്നുവെന്ന് ഓഡിറ്റ് ഒബ്ജക്ഷനിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശരിയല്ലെന്നും കൗൺസിൽ അംഗങ്ങൾ ഏകകണ്ഠമായാണ് തീരുമാനിച്ചതെന്നും എല്ലാ നടപടിക്രമങ്ങളും പാലിച്ച് ചെയർമാന്റെ അനുവാദത്തോടുകൂടിയാണ് സെലക്ഷൻ ലിസ്റ്റ് കൊടുത്തതെന്നും സമിതിയിൽ വ്യക്തമാക്കപ്പെട്ടു. സി.ടി.പി.യും ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റും സ്പോർട്സ് കൗൺസിലും സൈറ്റ് അംഗീകരിച്ചതാണ്. കുറെ വർക്ക് നടത്തുന്നതുവരെ ആരിൽ നിന്നും ഒരു തടസ്സവും വന്നിട്ടില്ലെന്നും 12-2-1999-ൽ കരാറുകാരന് വർക്ക് ഓർഡർ നൽകിയതുശേഷമുള്ള കൗൺസിലിലാണ് ഒബ്ജക്ഷൻ വന്നതെന്നും പ്രസ്തുത പണി തടസ്സപ്പെടുത്തുന്നതിനായി മൂന്ന് പ്രാവശ്യം പോലീസിൽ പരാതി നൽകിയെന്നും പാലാ മുനിസിപ്പാലിറ്റി സെക്രട്ടറി കൂട്ടിച്ചേർത്തു.

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

94. **ഇൻഡോർ സ്റ്റേഡിയം നിർമ്മാണം സംബന്ധിച്ച് കൗൺസിൽ അംഗങ്ങൾ ഏകകണ്ഠമായി തീരുമാനമെടുത്തതിനെതുടർന്നാണ് സെക്രട്ടറി തുടർ നടപടികൾ സ്വീകരിച്ചിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. കൗൺസിലിന്റെ ഏകകണ്ഠമായ തീരുമാനത്തിന് തടസ്സം വന്നതിനും തുക പാഴായിപ്പോയതിനും കാരണം കൗൺസിൽ അംഗങ്ങൾക്കിടയിലെ ചേരിപ്പോരും തർക്കവുമാണെന്നു വ്യക്തമായതിനാൽ നഗരസഭയ്ക്ക് ഉണ്ടായതായ 16,44,092 രൂപയുടെ നഷ്ടം 12% പലിശ ഉൾപ്പെടെ നഗരസഭ ചെയർമാനിൽ നിന്നും അന്നത്തെ കൗൺസിൽ അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കാൻ സമിതി നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

### കാസറഗോഡ് നഗരസഭ

ഓഡിറ്റ് ഖണ്ഡിക

**വിൽപ്പന നികുതി കുറഞ്ഞ നിരക്കിൽ ഈടാക്കിയത് അടയ്ക്കാതിരിക്കൽ— വൈകി അടയ്ക്കൽ**

1998-99, 1999-2000 വർഷങ്ങളിൽ കാസർകോട് നഗരസഭയിൽ നടപ്പിലാക്കിയ വിവിധ മരാമത്ത് പണികളിൽ നിന്ന് നിയമാനുസൃതരീതിയിൽ വിൽപ്പന നികുതി, വരുമാന നികുതി എന്നിവ ഈടാക്കാത്തതിനാലും ഈടാക്കിയവ കൃത്യ

സമയത്ത് അടയ്ക്കാതിരിക്കുകയോ കുറച്ചുമാത്രം അടയ്ക്കുകയോ ചെയ്തതിനാലും സംസ്ഥാന ഖജനാവിന് മൊത്തം 12,59,009 രൂപ വിൽപ്പന നികുതി ഇനത്തിലും കേന്ദ്രസർക്കാരിന് 47,981 രൂപ വരുമാന നികുതി ഇനത്തിലും നഷ്ടപ്പെട്ടിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക II.4 (i).]

95. പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് ത.സ്വ.ഭ.വകുപ്പിൽ നിന്നും 27-5-2008-ലെ 211049/എ.ബി1/08/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

1. "ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ അല്ലാത്ത കരാറുകാരനിൽനിന്നും വിൽപ്പന നികുതി ഇനത്തിൽ 9,88,416 രൂപ ഈടാക്കേണ്ടതാണ്. അതിൽ പിരിച്ചെടുത്ത തുക 2,27,646 രൂപ ട്രഷറിയിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. എന്നാൽ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഇല്ലാത്തവരും അധിക വിൽപ്പന നികുതി അടയ്ക്കേണ്ടവരുമായി 48 പേരുണ്ട്. ആ ഇനത്തിൽ (അധിക വിൽപ്പന നികുതി ഇനത്തിൽ) 7,60,762 രൂപ മേൽപ്പടി കരാറുകാരിൽ നിന്നും ഈടാക്കേണ്ടതുണ്ട്. അപ്രകാരം ഈടാക്കുന്നതിലേക്കായി ബന്ധപ്പെട്ട കരാറുകാർക്ക് 5-7-2003-ന് നോട്ടീസ് നൽകുകയും അവർ പണമടയ്ക്കാത്തതിനാൽ 30-7-2003-ലും രജിസ്റ്റേർഡ് നോട്ടീസും, 31-12-2007-ലും പണം തിരിച്ചടയ്ക്കണമെന്ന് കാണിച്ച് നോട്ടീസ് നൽകിയിരുന്നു. തുക തിരിച്ചടച്ചിട്ടില്ലാത്തതിനാൽ അവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുന്നതിന് പി. ഡബ്ല്യു.7969/03 നമ്പരായി 4-2-2008 തീയതിയിൽ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

2. ശേഷിച്ചത് 38 ഗുണഭോക്തൃസമിതിയുടെ കൺവീനർമാരാണ് സർക്കാർ ഉത്തരവ് ജി.ഒ.(പി) 218/98/എൽ.എ.ഡി. 23-10-1998, സർക്കാർ സർക്കുലർ നം. 27582/പി3./99/ ത.ഭ.വ. തദ്ദേശഭരണ (പി) വകുപ്പ് തീയതി 29-6-1999 എന്നിവ അനുസരിച്ച് ഗുണഭോക്തൃ സമിതികളെ വിൽപ്പന നികുതി ബാദ്ധ്യതയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. അതനുസരിച്ച് 2,60,946 രൂപ ബാദ്ധ്യതയിൽ നിന്നും അവരെ ഒഴിവാക്കേണ്ടതാണ്. എന്നാൽ ടി തുക സമിതികൾക്കുവേണ്ടി നഗരസഭകൾ സർക്കാരിൽ അടയ്ക്കേണ്ടതുണ്ട്. ടി തുക പണികളുടെ എസ്റ്റിമേറ്റുകളിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. ആയത് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ ചെയ്യാതിരുന്നതിനാൽ, ടി തുക നഗരസഭാ ഫണ്ടിൽ തന്നെയാണെന്ന് കണക്കാക്കേണ്ടിയിരിക്കുന്നു. വിൽപ്പന നികുതി ഇനത്തിൽ ടി 2,60,946 രൂപ ഫണ്ടിൽ നിന്നും പിൻവലിച്ച് അടയ്ക്കുന്നതിനുവേണ്ടി നഗരസഭാ കൗൺസിൽ തീരുമാനത്തിനായി സമർപ്പിച്ചിട്ടുണ്ട്. തീരുമാനം ലഭിക്കുന്ന മുറയ്ക്ക് തുക സർക്കാരിൽ ഒടുക്കുന്നതാണ്. ഗുണഭോക്തൃ സമിതികൾ ലാഭമോ നഷ്ടമോ ഇല്ലാത്ത പ്രവർത്തന സമിതികളായതിനാൽ ഗുണഭോക്തൃ സമിതികളെ ആദായ നികുതി അടയ്ക്കുന്നതിൽ നിന്നും സർക്കാർ മുകളിൽ പരാമർശിച്ച ജി.ഒ. (പി) 218/98/എൽ.എ.ഡി. തീയതി 23-10-1998 ഉത്തരവ് പ്രകാരം ഒഴിവാക്കിയിട്ടുണ്ട്."

96. 1998-1999, 1999-2000 വർഷങ്ങളിൽ കാസർകോഡ് നഗരസഭയിൽ നടപ്പിലാക്കിയ വിവിധ മരാമത്ത് പണികളിൽ നിന്ന് നിയമാനുസൃതമായ രീതിയിൽ വിൽപ്പന നികുതി, വരുമാന നികുതി എന്നിവ ഈടാക്കാത്തതിനാലും ഈടാക്കിയവ കൃത്യ സമയത്ത് അടയ്ക്കാതിരുന്നതിനാലും സംസ്ഥാന സർക്കാരിന്

12,59,009 രൂപ വിൽപ്പന നികുതി ഇനത്തിലും കേന്ദ്ര സർക്കാരിന് 47,981 രൂപ വരുമാന നികുതി ഇനത്തിലും നഷ്ടപ്പെട്ടതിന്റെ വിശദീകരണം 11-6-2008-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ആരാഞ്ഞതിന് ഗുണഭോക്തൃ സമിതി കൺവീനർമാർ അല്ലാത്ത കരാറുകാരിൽ നിന്നും വിൽപ്പന നികുതി ഇനത്തിൽ 9,88,416 രൂപയിൽ 2,27,646 രൂപ സർക്കാരിൽ ഒടുക്കിയിട്ടുണ്ടെന്ന് സെക്രട്ടറി വ്യക്തമാക്കി. 1999-2000-ൽ ഈടാക്കിയ വിൽപ്പന നികുതി 4-2-2008-ൽ മാത്രമാണ് സെയിൽസ് ടാക്സ് വകുപ്പിലേക്ക് അടച്ചിട്ടുള്ളതെന്നും തുക അടയ്ക്കുവാൻ വന്ന 8 വർഷത്തെ കാലതാമസത്തിന് പിഴ അടച്ചിട്ടുണ്ടോയെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് വിൽപ്പന നികുതി തുക മാത്രമേ അടച്ചിട്ടുളളുവെന്നും പിഴ ഒരു ബാധ്യതയായി നഗരസഭയുടെ മേൽ നിലനിൽക്കുമെന്നും ആയത് വിൽപ്പന നികുതി വകുപ്പ് കണക്കാക്കി അറിയിക്കുമെന്നും വ്യക്തമാക്കപ്പെട്ടു. തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയത് ആരാണെന്നുള്ള ചോദ്യത്തിന് വ്യക്തമായ മറുപടി ലഭിച്ചില്ല. പീനൽ ഇന്ററസ്റ്റിനെതിരെ അപ്പീൽ നൽകാൻ വ്യവസ്ഥയുണ്ടെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു.

97. ബാക്കി തുകയായ 7,60,770 രൂപ (9,88,416-2,27,646) യിൽ നിന്ന്, 25 കരാറുകാർക്ക് സെയിൽസ് ടാക്സ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉളളതുകൊണ്ടു കൂടിയ നിരക്കിലുള്ള വിൽപ്പന നികുതി അടയ്ക്കേണ്ടതിനാൽ 1,89,671 രൂപ കുറവു ചെയ്യേണ്ടതാണെന്നും സെയിൽസ് ടാക്സ് രജിസ്ട്രേഷൻ ഇല്ലാത്ത 23 പേരിൽ നിന്നും 5,71,091 രൂപ ഈടാക്കേണ്ടതുണ്ടെന്നും ഇതു സംബന്ധിച്ച് ബന്ധപ്പെട്ട കരാറുകാർക്ക് 5-7-2003-ന് രജിസ്റ്റേർഡ് നോട്ടീസും 30-7-2003-ൽ രജിസ്റ്റേർഡ് നോട്ടീസും 31-12-2007-ൽ പണം അടയ്ക്കണമെന്ന നോട്ടീസും നൽകുകയുണ്ടായെന്ന് കാസർഗോഡ് മുനിസിപ്പാലിറ്റി സെക്രട്ടറി വിശദീകരിച്ചു.

98. കരാറുകാർ സെയിൽസ് ടാക്സ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കാതിരുന്നതിനാൽ അഡീഷണൽ ടാക്സ് പിരിച്ചുവെന്നും ആദ്യത്തെ സ്റ്റേജിലുള്ള ബില്ലുകളിലെ ടാക്സ് മാത്രമേ പിരിച്ചിട്ടുണ്ടായിരുന്നുള്ളുവെന്നും അപ്രകാരം സംഭവിച്ചതിനുത്തരവാദി ബിൽ ആതറൈസ് ചെയ്ത ഓഫീസറാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

99. നോമിനി വർക്കിനും ടാക്സ് ആവശ്യമുണ്ടോ എന്ന് സമിതി ആരാഞ്ഞതിന്, നോമിനിക്കും ടാക്സ് നൽകണമെന്ന് എസ്.പി.എ.ഒ., എൽ.എസ്.ജി.ഡി. ശ്രീ. എസ്. ഡി. പിള്ള വ്യക്തമാക്കി.

100. കരാറുകാരുടെ പക്കൽനിന്നും വിൽപ്പന നികുതിയും ആദായനികുതിയും ഈടാക്കിയതിനുശേഷം മാത്രമേ ഫൈനൽ പേയ്മെന്റ് നടത്താറുള്ളു എന്നതിനാൽ ഇപ്രകാരം വിൽപ്പന നികുതി കുറഞ്ഞ നിരക്കിൽ ഈടാക്കുന്നതിനും ഈടാക്കിയ നികുതി അടയ്ക്കാതിരിക്കുന്നതിനും ഇടയായതെങ്ങനെയെന്ന് സമിതി ആരാഞ്ഞു. കരാറുകാരും വിൽപ്പന നികുതി രജിസ്ട്രേഷൻ ചെയ്യണമെന്നുള്ള വ്യവസ്ഥ 1-4-1996 മുതലാണ് നടപ്പാക്കിയതെന്നും 27-4-1998-ലാണ് ഈ വിവരം ഗസറ്റിൽ വിജ്ഞാപനം ചെയ്തതെന്നും അതിനുശേഷം നാലഞ്ചുമാസം കഴിഞ്ഞാണ് ഈ വിവരം കാസർഗോഡ് നഗരസഭയുടെ ശ്രദ്ധയിൽപ്പെടുന്നതെന്നും മുൻ നഗരസഭാ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. 31-3-1998-നും അതിനുമുമ്പും പൂർത്തീകരിച്ച മരാമത്തുപണികളുടെ ബില്ലുകളാണ് ഓഡിറ്റ് പരാമർശത്തിൽ വന്നിട്ടുളളതെന്നും

പേയ്മെന്റ് നൽകാൻ 2 വർഷത്തോളം വൈകുകയും 1998 മുതൽ 2000 വരെയുള്ള കാലഘട്ടത്തിൽ ബില്ലുകൾ പാസ്സാക്കുകയും ചെയ്തവയാണ് ഇവയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

101. 1999-2000 കാലഘട്ടത്തിൽ പിരിച്ചെടുത്ത വിൽപ്പന നികുതി സർക്കാരിലേക്ക് അടയ്ക്കുന്നതിന് 8 മുതൽ 10 വർഷത്തോളം കാലതാമസമുണ്ടായത് എന്തുകൊണ്ടാണെന്നും ഇതിന് പിഴപ്പലിശ ഒടുക്കേണ്ടി വരികയില്ലേയെന്നും സമിതി ആരാഞ്ഞു. തുക അടയ്ക്കുന്നതിൽ നഗരസഭയുടെ ഭാഗത്തു കാലതാമസമുണ്ടായിട്ടുണ്ടെന്നും 4-2-2008-നാണ് തുക ഒടുക്കിയിട്ടുള്ളതെന്നും പിഴപ്പലിശ ഒടുക്കേണ്ടിവരുമെന്നും നഗരസഭാ സെക്രട്ടറി വ്യക്തമാക്കി. എന്നാൽ ഇപ്പോൾ പിഴപ്പലിശ സംബന്ധിച്ച് അപ്പീൽ നൽകുന്നതിന് വ്യവസ്ഥ ഉള്ളതിനാൽ നഗരസഭ അതിനുള്ള നടപടി സ്വീകരിക്കുമെന്ന് അദ്ദേഹം ഉറപ്പുനൽകി. യഥാസമയം നികുതിപ്പണം അടച്ചില്ലെങ്കിൽ 24% നിരക്കിൽ പലിശ ഈടാക്കുമെന്നും ആയതിനാൽ പലിശ തന്നെ ഭീമമായ ഒരു തുക വരുമെന്നും സമിതി ചൂണ്ടിക്കാട്ടി.

102. ഭൂരിപക്ഷം മരാമത്തുപണികളും 31-3-1998-ന് മുമ്പ് നടന്നതാകയാൽ അന്നത്തെ നിരക്കനുസരിച്ചുള്ള ടാക്സ് മാത്രമേ ചുമത്തിയിട്ടുള്ളുവെന്നും പിന്നീട് പേയ്മെന്റ് നടന്ന സമയം രജിസ്ട്രേഷൻ ഇല്ലാത്ത കരാറുകാരനെ സംബന്ധിച്ച് അക്കൗണ്ട്സ് സെക്ഷനിൽ നിന്നും പരിശോധന നടന്നതായി കാണുന്നില്ല എന്നും മുൻ മുനിസിപ്പൽ എഞ്ചിനീയർ സമിതിയെ ധരിപ്പിച്ചു.

103. പ്രസ്തുത പ്രവൃത്തി നടന്നത് 1998-നു മുമ്പാണെന്നും അന്ന് നിലവിലുണ്ടായിരുന്ന ഫസ്റ്റ് ടൈം ടാക്സ് മാത്രമേ ബില്ലിൽ രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നുള്ളുവെന്നും എന്നാൽ അഡീഷണൽ ടാക്സ് നിലവിൽ വന്നതും മേൽപ്പറഞ്ഞ പ്രവൃത്തിക്ക് പേയ്മെന്റ് നടത്തിയതും 1998-നുശേഷമാണെന്നും കാസർഗോഡ് മുനിസിപ്പാലിറ്റിയിലെ മുൻ മുനിസിപ്പൽ എഞ്ചിനീയർ സമിതിയെ അറിയിച്ചു. പല കൺസ്ട്രക്ഷൻ കമ്പനികൾക്കും രജിസ്ട്രേഷൻ ഇല്ല എന്നു പറഞ്ഞതാണ് തടസ്സം വന്നതെന്നും എന്നാൽ അക്കൂട്ടത്തിൽ ശ്രീ. എൽ. എ. മുഹമ്മദ് എന്നയാളിന്റെ 'വെസ്റ്റേൺ കൺസ്ട്രക്ഷൻ' കമ്പനി ഉൾപ്പെടെ 5-8 കമ്പനികൾക്ക് രജിസ്ട്രേഷൻ ഉണ്ടായിരുന്നുവെന്നും 1998-99-ൽ ചെലവ് ഓഡിറ്റ് നടന്ന അവസരത്തിൽ ഒരു പരാതികളും ആരും ഉയർത്തിയിരുന്നില്ലെന്നും 90% പ്രവൃത്തികളും വിൽപ്പന നികുതി നിയമത്തിന്റെ സെക്ഷൻ 7(3)-ന് ഭേദഗതി വരുന്നതിനുമുമ്പ് പൂർത്തിയാക്കിയവയാണെന്നും അതനുസരിച്ചാണ് പ്രവൃത്തിയുടെ റേറ്റ് നിശ്ചയിച്ചിരിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

104. നികുതിയിനത്തിൽ സംസ്ഥാന ഖജനാവിന് സംഭവിച്ച 12,59,009 രൂപയുടെ നഷ്ടവും കേന്ദ്ര സർക്കാരിന് സംഭവിച്ച 47,981 രൂപയുടെ നഷ്ടവും സംബന്ധിച്ച വിശദവിവരങ്ങൾ അടങ്ങുന്ന എല്ലാ ഫയലുകളും അനുബന്ധ രേഖകളും രണ്ടാഴ്ചയ്ക്കുള്ളിൽ കാസർഗോഡ് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ മുമ്പാകെ ഹാജരാക്കാൻ കാസർഗോഡ് മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് സമിതി നിർദ്ദേശം നൽകി.

105. പ്രസ്തുത വിഷയം സംബന്ധിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് 18-10-2008-ലെ എൽ.എഫ്.1891/സ്പെഷ്യൽ സെൽ ജി1/08 നമ്പർ കത്ത് മുഖേന ലഭ്യമാക്കിയ പുനഃപരിശോധനാ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

റിപ്പോർട്ട് പരാമർശ പ്രകാരം കരാറുകാരിൽ നിന്നും വിൽപ്പന നികുതി ഇനത്തിൽ പിരിച്ചെടുത്ത തുകയായ 2,27,646 രൂപ അടവാക്കിയിരുന്നില്ല.

106. ഈ തുക 30-1-2008-ലെ ഡിഡി നമ്പർ 871814 പ്രകാരം ഒടുക്ക് വരുത്തിയിട്ടുള്ളതായി നഗരസഭാ സെക്രട്ടറിയുടെ 31-1-2008-ലെ എ1 841/2000 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ആയതിന്റെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

107. ഈ തുക അടവാക്കാൻ കാലതാമസം നേരിട്ടതിലൂടെ 3,46,022 രൂപ (മൂന്ന് ലക്ഷത്തി നാല്പത്തിയാറായിരത്തി ഇരുപത്തി രണ്ട് രൂപ) പിഴ പലിശ ഒടുക്കുവാൻ വിൽപ്പന നിതുതി ഓഫീസർ നിർദ്ദേശിച്ചിരുന്നതായും (നമ്പർ ഡബ്ല്യൂ. സി/എൽടി 2007-08 തീയതി 18-2-2008) പിഴ പലിശ ഒഴിവാക്കി കിട്ടുന്നതിന് കോമേഴ്സ്യൽ ടാക്സ് ഓഫീസർക്ക് അപ്പീൽ പെറ്റീഷൻ നൽകിയിരുന്നതായും ആയതിന്റെ അടിസ്ഥാനത്തിൽ കോമേഴ്സ്യൽ ടാക്സ് ഓഫീസറുടെ 23-5-2008-ലെ ഡിമാന്റ് നോട്ടീസായി കുടിശ്ശിക ഇനത്തിൽ അസ്സൽ തുക 2,27,646 രൂപയും പലിശ ഇനത്തിൽ 5,915 രൂപയും കൂടി ആകെ 2,33,565 രൂപ (രണ്ടു ലക്ഷത്തി മുപ്പത്തി മൂവായിരത്തി അഞ്ഞൂറ്റി അറുപത്തി അഞ്ചു രൂപ) നാല് തുല്യ ഗഡുക്കളായി അടവാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതായി മുനിസിപ്പൽ സെക്രട്ടറിയുടെ 27-6-2008-ലെ എ3 11308/06 നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്. എന്നാൽ ആദ്യം അടവാക്കിയിട്ടുള്ള 2,27,646 രൂപ ഏത് ഇനത്തിൽപ്പെടുത്തിയിട്ടുണ്ടെന്നുള്ളത് കോമേഴ്സ്യൽ ടാക്സ് ഓഫീസറുടെ 23-5-2008-ലെ ഡിമാന്റ് നോട്ടീസിൽ കാണിച്ചിട്ടില്ല.

108. മേൽ വിവരങ്ങൾ പരിശോധിച്ച് ശരിയാണെന്ന് ഉറപ്പു വരുത്തിയിട്ടുണ്ട്. ഇതിനു പുറമേ മേൽ വിവരിച്ച പ്രകാരം കുടിശ്ശിക ചുമത്തിയിട്ടുള്ള 2,33,565 രൂപ ഒഴിവാക്കി കിട്ടുന്നതിന് 26-6-2008-ൽ ഫിനാൻസ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് എ1.841/2000 നമ്പരായി അപ്പീൽ പെറ്റീഷൻ നൽകിയിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. എന്നാൽ ഇതിന്മേൽ നാളിതുവരെ തുടർ നടപടികൾ സ്വീകരിച്ചു കാണുന്നില്ല.

109. കേരള ജനറൽ സെയിൽസ് ടാക്സ് ആക്ട് 1963 സെക്ഷൻ 7 (ബി) ഭേദഗതി വരുത്തിക്കൊണ്ട് 1-4-1998 മുതൽ മുൻകാല പ്രാബല്യത്തോടെ ഉയർന്ന നിരക്കിൽ വില്പ്പന നികുതി ഈടാക്കുന്നതിന് 29-7-1998-ലെ 1221 നമ്പരായി ഉത്തരവായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഉത്തരവ് തീയതിക്കുമുമ്പ് (29-7-1998) പൂർത്തീകരിച്ചിട്ടുള്ള കരാർ ജോലികൾക്കും സെക്ഷൻ 7 എഎഎഎ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ സെയിൽസ് ടാക്സ് രജിസ്ട്രേഷൻ എടുത്തിട്ടുള്ള കരാറുകാർ നടത്തിയിട്ടുള്ള കരാർ ജോലികൾക്ക് ഉയർന്ന നിരക്കിൽ വില്പന നികുതി ഈടാക്കേണ്ടതില്ല. എന്നാൽ 1998-99, 1999-2000 വർഷങ്ങളിൽ നിശ്ചിത സമയത്തിനുള്ളിൽ സെയിൽസ് ടാക്സ് രജിസ്ട്രേഷൻ എടുത്തിട്ടില്ലാത്ത കരാറുകാരിൽ

നിന്നും 29-7-1998-ന് ശേഷം പൂർത്തീകരിച്ചിട്ടുള്ള കരാർ ജോലികളിന്മേൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കേണ്ടതുണ്ട്. ആയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. 1963 വിൽപ്പന നികുതി ആക്റ്റ് സെക്ഷൻ 7 (ബി) ഭേദഗതി അനുസരിച്ച് 1-4-1998-നുമുമ്പ് പൂർത്തീകരിച്ചിട്ടുള്ളതും ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള പ്രവൃത്തികളിന്മേലുള്ള വില്പ്പന നികുതി ഒഴിവാക്കാവുന്നതാണ്.

110. 1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഖണ്ഡിക 27 എ-യിൽ പരാമർശിച്ചിട്ടുള്ള 41 കരാറുകാരിൽ 14 കരാറുകാർക്കുമാത്രമാണ് നിശ്ചിത സമയത്തിനുള്ളിൽ സെയിൽസ് ടാക്സ് രജിസ്ട്രേഷൻ ഉള്ളത്. [പട്ടിക 1 (ബി)-ൽ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്. 3,06,857 രൂപ] ബാക്കി 27 കരാറുകാരിൽ 29-7-1998-നു മുമ്പ് കരാർ ജോലി പൂർത്തിയാക്കി ബിൽ നൽകിയിട്ടുള്ളതുമായ കരാറുകാർക്ക് 1,22,191 രൂപ വില്പന നികുതി ഒഴിവാക്കി കൊടുക്കാവുന്നതും (പട്ടിക 1 എ കാണുക) 49,187 രൂപ അടവാക്കേണ്ടതുമാണ്. അടവാക്കേണ്ട തുകയുടെ വിശദാംശങ്ങൾ പട്ടിക 1-ൽ (അനുബന്ധം II) ചേർത്തിട്ടുണ്ട്.

111. 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 16 ബി1 ഉൾപ്പെടുന്ന 23 കരാറുകാരിർ 4 കരാറുകാർക്ക് മാത്രമാണ് സെയിൽസ് ടാക്സ് രജിസ്ട്രേഷൻ ഉള്ളത്. ആയതിനാൽ അവരിൽ നിന്നും ഇടാക്കേണ്ടിയിരുന്ന 92,182 രൂപ ഈടാക്കേണ്ടതില്ല. കൂടാതെ ബാക്കി 19 കരാറുകാരിൽ നിന്നും 56,810 രൂപ ഈടാക്കേണ്ടതുണ്ടെങ്കിലും 1-4-1998-നു മുമ്പ് പൂർത്തിയായ പ്രവൃത്തികളിൽ നിന്നും 20,412 രൂപയും നിയമപരമായ നികുതി ഈടാക്കേണ്ടതില്ലാത്ത ഡ്രെയിനേജ് വൃത്തിയാക്കൽ പ്രവൃത്തികളിൽ നിന്നുള്ള 1,744 രൂപയും അടക്കം 22,156 രൂപ ഒഴിവാക്കാവുന്നതാണ്. (വിശദവിവരങ്ങൾ പട്ടിക 2 (എ) അനുബന്ധം II-ൽ ചേർത്തിട്ടുണ്ട്.) ഈടാക്കേണ്ട ബാക്കി തുകയായ 34,654 രൂപയുടെ വിവരങ്ങൾ പട്ടിക 2-ൽ (അനുബന്ധം II)-ൽ ചേർത്തിട്ടുണ്ട്.

112. ടി ഖണ്ഡികയിന്മേൽ ഉൾപ്പെടുന്ന 19 കരാറുകാരിൽ 5 കരാറുകാർക്ക് മാത്രമാണ് നിശ്ചിത സമയത്തിനുള്ളിലുള്ള സെയിൽസ് ടാക്സ് രജിസ്ട്രേഷൻ ഉള്ളത് (പട്ടിക 2 (സി) കാണുക-40,854 രൂപ) മറ്റുള്ള 14 കരാറുകാരിർ നിന്നും 61,529 രൂപ ഈടാക്കേണ്ടതുണ്ട്. ഈടാക്കേണ്ട തുകയുടെ വിശദാംശങ്ങൾ പട്ടിക 2 (ബി) (അനുബന്ധം II)-ൽ ചേർത്തിട്ടുണ്ട്.

113. ടി ഖണ്ഡികയിൽ ഉൾപ്പെടുന്ന 6 കരാറുകാരിൽ 3 കരാറുകാർക്ക് മാത്രമാണ് നിശ്ചിതസമയത്തിനുള്ളിലുള്ള സെയിൽ ടാക്സ് രജിസ്ട്രേഷൻ ഉള്ളത്. (പട്ടിക 2 ഇ കാണുക-28,168 രൂപ) ബാക്കി 3 കരാറുകാരിൽ നിന്നും 2,992 രൂപ ഈടാക്കേണ്ടതുണ്ട്. ഇടാക്കേണ്ട തുകയുടെ വിശദാംശങ്ങൾ പട്ടിക 2 (ഡി) (അനുബന്ധം II)-ൽ ചേർത്തിട്ടുണ്ട്.

114. 26-9-1999-ലെ സർക്കുലർ നമ്പർ 27582/പി3/99 തഭവ പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് സമിതിയിൽ നിന്നും ആദായനികുതി, വിൽപ്പനനികുതി എന്നിവ ഈടാക്കേണ്ടതില്ല എങ്കിലും, എസ്റ്റിമേറ്റിൽ ടി തുക ഉൾപ്പെടുത്തേണ്ടതും നഗരസഭ നേരിട്ട് അടവാക്കേണ്ടതുമാണ്. എന്നാൽ മേൽ ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള 2,60,946 രൂപ അടവാക്കുന്നതിനുള്ള നടപടികൾ നാളിതുവരെ നഗരസഭ കൈകൊണ്ടിട്ടില്ല.

നിഗമനങ്ങൾ/ശുപാർശകൾ

115. **സെയിൽസ് ടാക്സ് ഇനത്തിൽ നഗരസഭ പിരിച്ചെടുത്ത 2,27,646 രൂപ 4-2-2008-ൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ കോമേഴ്സ്യൽ ടാക്സ് ഓഫീസറുടെ 23-5-2008-ലെ Demand Notice-ൽ വീണ്ടും 2,27,646 രൂപ കൂടി Demand ചെയ്തതായി കാണുന്നു. വീണ്ടും ഈ തുക Demand Notice-ൽ ഉൾപ്പെട്ടതെങ്ങനെയെന്ന് വ്യക്തമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

116. **കോമേഴ്സ്യൽ ടാക്സ് ഓഫീസറുടെ 23-5-2008-ലെ demand notice പ്രകാരം അസ്സൽ തുകയായ 2,27,646 രൂപയും പലിശ ഇനത്തിൽ 5915 രൂപയും കൂടി ആകെ 2,33,565 രൂപ ഒഴിവാക്കി കിട്ടുന്നതിന് 26-6-2008-ൽ ഫിനാൻസ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ അപ്പീൽ പെറ്റീഷന്റെ നിലവിലെ സ്ഥിതി സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

117. **23-10-1998-ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി) 218/98/എൽ.എ.ഡി., 29-6-1999-ലെ സർക്കാർ സർക്കുലർ നമ്പർ 27582/P3/99/ത.സ്വ.ഭ.വ. പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് സമിതിയിൽ നിന്നും ആദായ നികുതി, വിൽപ്പന നികുതി എന്നിവ ഈടാക്കേണ്ടതില്ല എങ്കിലും എസ്റ്റിമേറ്റിൽ ടി തുക ഉൾപ്പെടുത്തേണ്ടതും നഗരസഭ നേരിട്ട് അടവാക്കേണ്ടതുമാണ്. ആയതിനാൽ 2,60,946 രൂപ നഗരസഭ നേരിട്ട് അടവാക്കി സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**K.U.D.F.C ലോൺ പലിശയ്ക്ക് വരുമാന നികുതി അനുവദനീയമല്ല**

ലോൺ തിരിച്ചടച്ചപ്പോൾ പലിശയിന്മേലുള്ള വരുമാന നികുതിയായി 42,821 രൂപ അടയ്ക്കുകയുണ്ടായി. കെ.യു.ഡി.എഫ്.സി.ക്ക് ലഭിക്കുന്ന പലിശ ആ സ്ഥാപനത്തിന്റെ വരുമാനമാകയാൽ അതിന്റെ നികുതി നൽകേണ്ടത് ആ സ്ഥാപനം തന്നെയാണ്. മറ്റൊരു സ്ഥാപനത്തിന്റെ വരുമാനത്തിന് നഗരസഭ നികുതി നൽകുന്നത് അനുവദനീയമല്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ II.4.(ii).]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും 27-5-2008-ലെ 21104/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്തു പ്രകാരം ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

118. "കെ.യു.ആർ.ഡി.എഫ്.സി. ഒരു സർക്കാർ ധനകാര്യ സ്ഥാപനമായതിനാൽ ആ വിശ്വാസ്യതയുടെ അടിസ്ഥാനത്തിലാണ് ടി സ്ഥാപനത്തിൽ നിന്ന് ആവശ്യപ്പെട്ടതനുസരിച്ച് തുക നൽകിയത്. കെ.യു.ആർ.ഡി.എഫ്.സി. മുതലും പലിശയും, പലിശയുടെ 2% നികുതിയും എന്നാണ് സ്റ്റേറ്റ്മെന്റിൽ ആവശ്യപ്പെട്ടത്. എന്നാൽ ഓഡിറ്റ് നിർദ്ദേശമനുസരിച്ച് കെ.യു.ആർ.ഡി.എഫ്.സി.ക്ക് 30-1-2007, 15-2-2007, 1-1-2008 എന്നീ തീയതികളിൽ എ1-9473/2009 ഫയൽ നമ്പറിൽ തുക

തിരികെ നൽകുവാൻ ആവശ്യപ്പെട്ട് കത്ത് അയച്ചിട്ടും യാതൊരു മറുപടിയും ലഭിച്ചിട്ടില്ല. തുടർന്ന് മേൽ നടപടികൾക്കായി നഗരകാര്യ ഡയറക്ടർക്ക് 18-1-2008-ന് കത്തെഴുതിയിട്ടുണ്ട്.

ഭരണ വകുപ്പ് നടപടികൾ

119. കെ.യു. ഡി.എഫ്.സി. 18-2-2004-ൽ 2/81 നമ്പരായി നൽകിയ മറുപടി അനുസരിച്ച് ടി സ്ഥാപനം നഗരസഭയിൽ നിന്നും ഈടാക്കിയത് പലിശയിന്മേലുള്ള വരുമാന നികുതി അല്ല-കേന്ദ്ര സർക്കാരിന്റെ Interest Tax Act 1974 Section 26-C പ്രകാരമുള്ള പലിശ നികുതിയാണ്. ഈ നികുതി ഉപഭോക്താക്കളിൽ നിന്നും ഈടാക്കുവാൻ ധനകാര്യ സ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. ആയത് അടയ്ക്കുവാൻ ഉപഭോക്താവായ നഗരസഭയ്ക്ക് ബാധ്യതയും ഉണ്ട്."

120. കെ.യു. ഡി.എഫ്.സി. യിൽ നിന്ന് എടുത്ത ലോൺ തിരിച്ചടച്ചപ്പോൾ പലിശയിന്മേലുള്ള വരുമാന നികുതിയായി 42,821 രൂപ മുനിസിപ്പാലിറ്റി അടച്ചതിന്റെ സാംഗത്യം സമിതി ആരായുകയുണ്ടായി. പലിശയിനത്തിൽ ലഭിച്ച തുക കെ. യു.ഡി.എഫ്.സി. യുടെ വരുമാനമാകയാൽ അതിന്റെ നികുതി നൽകേണ്ടിയിരുന്നത് പ്രസ്തുത സ്ഥാപനം തന്നെയാണെന്ന് സമിതി ചൂണ്ടിക്കാട്ടി.

121. 1974-ലെ ഇന്ററസ്റ്റ് ടാക്സ് നിയമത്തിലെ വകുപ്പ് 26-C അനുസരിച്ച് അധിക തുകയായ 42,821 രൂപ മുനിസിപ്പാലിറ്റി തന്നെയാണ് അടയ്ക്കേണ്ടിയിരുന്നതെന്ന് കെ.യു.ഡി.എഫ്.സി.യിലെ എം.ഡി 6-2-2008-ൽ കത്തു മുഖേന മുനിസിപ്പാലിറ്റിയെ അറിയിച്ചിട്ടുള്ളതായി കാസർഗോഡ് മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

## നിഗമനങ്ങൾ/ശുപാർശകൾ

122. **നഗരസഭ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പച്ചക്കറി കൃഷി വികസനം അനാവശ്യ ചെലവ്-നഷ്ടം**

500 ഗുണഭോക്താക്കൾക്ക് 25 രൂപ വിലയുള്ള വിത്തുകളുടെ പായ്ക്കറ്റ് നൽകി പച്ചക്കറി കൃഷി വിപുലപ്പെടുത്തുവാനുള്ള പദ്ധതി പ്രകാരം അപേക്ഷ ക്ഷണിച്ചപ്പോൾ ആകെ 44 അപേക്ഷകൾ ലഭിച്ചിരിക്കേ നിർവ്വഹണ ഉദ്യോഗസ്ഥൻ 12,500 രൂപ ചെലവ് ചെയ്ത് 500 വിത്തു പായ്ക്കറ്റുകൾ വാങ്ങി പദ്ധതിപ്പണം ദുർവ്യയം ചെയ്തിരിക്കുന്നു. 456 പായ്ക്കറ്റിനു വേണ്ടി ചെലവാക്കിയ തുകയായ (456 x 25)= 11,400 രൂപ ആഡിറ്റിൽ അംഗീകരിക്കുന്നില്ല. തന്നെയുമല്ല പദ്ധതിപ്പണം ചെലവഴിക്കുമ്പോൾ പാലിക്കേണ്ട യാതൊരു നിബന്ധനകളും നിർവ്വഹണ ഉദ്യോഗസ്ഥൻ പാലിച്ചിട്ടുമില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2002-03 വർഷത്തെ സമാഹൃത റിപ്പോർട്ട് ഖണ്ഡിക നമ്പർ II.4.(iii).]

പ്രസ്തുത ഓഡിറ്റ് ഖണ്ഡികയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും 27-5-2008-ലെ 21104/AB1/08/ത.സ്വ.ഭ.വ. നമ്പർ കത്തു മുഖേന ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

123. "31-12-2003-ൽ കൃഷി ഫീൽഡ് ഓഫീസർ തസ്തികയിൽ നിന്ന് വിരമിച്ച നിർവഹണോദ്യോഗസ്ഥന്റെ ഡി.സി.ആർ.ജി. യിൽ നിന്ന് 11,400 രൂപ ഈടാക്കിയിട്ടുണ്ട്. ഓഡിറ്റിൽ പരാമർശിത പാരഗ്രാഫ് പരിഹരിച്ചിട്ടുള്ളതാണ്. "

124. പച്ചക്കറി കൃഷിയുമായി ബന്ധപ്പെട്ട അധികചെലവ് സംബന്ധിച്ച് വിശദീകരണം 11-6-2008-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതി ആരായുകയുണ്ടായി.

125. പ്രസ്തുത ഓഡിറ്റ് തടസ്സത്തിനുത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥൻ കൃഷി ഫീൽഡ് ഓഫീസർ തസ്തികയിൽ നിന്ന് വിരമിച്ച വ്യക്തിയാണെന്നും പ്രസ്തുത വ്യക്തിയുടെ ഡി.സി.ആർ.ജി. യിൽ നിന്ന് 11,400 രൂപ ഈടാക്കിയിട്ടുണ്ടെന്നും ടി തുക കൃഷി വകുപ്പിനാണ് നൽകേണ്ടതെന്നും കാസർഗോഡ് മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത തുക ഈടാക്കിയതിന്റെ രേഖ ഓഡിറ്റിന് ഹാജരാക്കുവാൻ നഗരസഭാ സെക്രട്ടറിയോട് സമിതി നിർദ്ദേശിക്കുകയുണ്ടായി.

126. എന്നാൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 18-10-2008-ലെ എൽ. എഫ്.1891/Spl.Cell G1/08 നമ്പർ കത്ത് പ്രകാരം 11,400 രൂപ ഉത്തരവാദിയായ കൃഷി ഓഫീസറുടെ ഡി.സി.ആർ.ജി.യിൽ നിന്നും പിടിച്ചിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും കൃഷി വകുപ്പിൽ നിന്നും മുനിസിപ്പൽ ഫണ്ടിലേക്ക് വരവ് കാണിക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

## നിഗമനങ്ങൾ/ശുപാർശകൾ

127. **11,400 രൂപ ഉത്തരവാദിയായ കൃഷി ഓഫീസറുടെ ഡി.സി.ആർ.ജി. യിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിലേയ്ക്ക് അടവാക്കിയതിന്റെ രേഖകൾ അടിയന്തിരമായി ഓഡിറ്റ് വകുപ്പിന് കൈമാറണമെന്നും അതു സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.**

സി. എം. ദിനേശ് മണി,
*ചെയർമാൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2010 ഡിസംബർ 28.

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശുപാർശകളും

| ക്രമനമ്പർ | ബന്ധപ്പെട്ട സ്ഥാപനം | ഖണ്ഡിക | നിഗമനങ്ങൾ/ശുപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | കോട്ടയം നഗരസഭ | 23 | സോഫ്റ്റ്‍വെയർ ടെക്നോളജി പാർക്ക് പദ്ധതിയുടെ സാദ്ധ്യതാ പഠനത്തിൽ മുനിസിപ്പാലിറ്റിക്ക് വന്ന പിഴവാണ് പദ്ധതി പരാജയപ്പെടാനുള്ള സുപ്രധാന കാരണമെന്ന് സമിതി വിലയിരുത്തുന്നു. സോഫ്റ്റ്‍വെയർ ടെക്നോളജി പാർക്കിന്റെ പണി 1998-99 സാമ്പത്തിക വർഷം ആരംഭിക്കുകയും 2002-03 വരെ 31,86,773 രൂപ ചെലവാക്കുകയും ചെയ്തിട്ടും പദ്ധതി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. പദ്ധതി സംബന്ധിച്ച ഫയലുകൾ വിശദമായി പരിശോധിച്ചതിൽ നഗരസഭയുടെ ഭാഗത്ത് അക്ഷന്തവ്യമായ കൃത്യവിലോപവും അനാസ്ഥയും ഉണ്ടായതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതിയുടെ താഴെ പറയുന്ന ശുപാർശകളിന്മേൽ അടിയന്തിര നടപടി സ്വീകരിച്ച് 3 മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.<br><br>1. S.T.P.I. ക്ക് നൽകിയ 15 ലക്ഷം രൂപയിൽ 6,26,220 രൂപ 8-2-2007-ൽ തിരികെ നൽകിയതായി അറിയിച്ചിട്ടുണ്ട്. ബാക്കി 8,73,780 രൂപയിൽ അവർ വാങ്ങി നഗരസഭയ്ക്ക് കൈമാറിയിട്ടുള്ള ഉപകരണങ്ങളുടെ വില കിഴിച്ചുള്ള തുക അടിയന്തിരമായി തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുക. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | 2. പദ്ധതിക്കു വേണ്ടി വാങ്ങിയ ജനറേറ്റർ നഗരസഭയിലും നഗരസഭയിലെ ജനറേറ്റർ ക്രിമറ്റോറിയത്തിലും മാറ്റി സ്ഥാപിക്കുക എന്ന 15-10-2007-ലെ തീരുമാനം അടിയന്തിരമായി പ്രാവർത്തികമാക്കുക.<br>3. പദ്ധതി ഉപേക്ഷിച്ചതിനാൽ 22 മുറികളും ലേലം ചെയ്തുകൊടുക്കുന്നതിന് 22-9-2004-ൽ കൗൺസിൽ തീരുമാനിച്ച് 3 വർഷങ്ങൾക്ക് ശേഷവും ലേലം നടത്താതിരുന്നതിനുത്തരവാദികളായ മുൻ അസിസ്റ്റന്റ് ജില്ലാ വ്യവസായ വികസന ഓഫീസർമാർ ശ്രീമതി ജാൻസി. ഇ.എം, ശ്രീ. എം. വി. മാണി എന്നിവർക്കെതിരെ വകുപ്പുതലനടപടി സ്വീകരിക്കുന്നതിനോടൊപ്പം മുറികൾ ലേലം ചെയ്യുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുക.<br>4. പദ്ധതി ഉപേക്ഷിച്ച സാഹചര്യത്തിൽ കണക്റ്റഡ് ലോഡ് കൂടുതൽ ആവശ്യമില്ലാത്തതിനാൽ കൂടിയ കണക്ടഡ് ലോഡിനായി ഇലക്ട്രിസിറ്റി ബോർഡിൽ ഡെപ്പോസിറ്റു ചെയ്ത 4.35 ലക്ഷം രൂപ തിരികെ വാങ്ങുന്നതിനുവേണ്ട നടപടി സ്വീകരിച്ചു റിപ്പോർട്ട് ചെയ്യുക.<br>5. S.T.P.I-യിൽ നിന്നും ലഭിക്കാനുള്ള ഉപകരണങ്ങളും നഗരസഭ നേരിട്ട് വാങ്ങിയതുമായ ഉപകരണങ്ങളിൽ നഗരസഭയ്ക്ക് നേരിട്ട് ഉപയോഗിക്കാൻ കഴിയാത്തവയുമായവ ലേലം ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് നൽകുക. |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| 2 | | 34 | മുനിസിപ്പൽ പ്രദേശത്ത് കറവപ്പശു വളർത്തൽ പ്രോത്സാഹിപ്പിക്കുകയും നിർദ്ധനരായ സ്ത്രീകൾക്ക് തൊഴിലവസരം സൃഷ്ടിക്കുകയും ചെയ്യുക എന്ന സദുദ്ദേശ്യത്തോടെ രൂപം നൽകിയ പദ്ധതിക്കുവേണ്ടി വിശ്വാസയോഗ്യമല്ലാത്ത ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത് സെക്രട്ടറി ആണെന്നിരിക്കെ ബന്ധപ്പെട്ട സെക്രട്ടറിയും, വാർഡ് സഭയുടെ മിനിറ്റ്സിൽ രേഖപ്പെടുത്താത്ത വ്യക്തികളുടെ പേരുകൾ കൂടി അന്തിമ ലിസ്റ്റിൽ ഉൾപ്പെടുത്തിയ കൗൺസിൽ അംഗങ്ങളും നഗരസഭ, പഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾക്ക് വാർഡുസഭകളിലൂടെ തിരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് മാത്രമേ അംഗീകരിക്കുവാൻ അധികാരമുള്ളൂ എന്ന് വ്യക്തമാക്കുന്ന 220/9 ത.സ്വ.ഭ.വ നമ്പർ dated 2-10-97 സർക്കാർ ഉത്തരവിനു വിരുദ്ധമായാണ് പ്രവർത്തിച്ചിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ അന്നത്തെ സെക്രട്ടറിയിൽ നിന്നും ചെയർമാനിൽ നിന്നും കൗൺസിൽ അംഗങ്ങളിൽ നിന്നും തുല്യമായി അനർഹർക്ക് ആനുകൂല്യം നൽകിയ ഇനത്തിൽ നഗരസഭയ്ക്കുണ്ടായ നഷ്ടം ഈടാക്കാൻ സമിതി നിർദ്ദേശിക്കുന്നു. |
| 3 | | 44 | പദ്ധതിരേഖയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അനർഹരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കിയ അന്നത്തെ സെക്രട്ടറിയും വാർഡ് സഭയുടെ മിനിറ്റ്സിൽ രേഖപ്പെടുത്താത്ത വ്യക്തികളുടെ പേരുകൾ കൂടി അന്തിമ ലിസ്റ്റിൽ ഉൾപ്പെടുത്തിയ ജനകീയാസൂത്രണ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി നഗരസഭയിൽ രൂപം കൊടുത്തിരിക്കുന്ന പ്രത്യേക സെല്ലിലെ അംഗങ്ങളും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നഗരസഭയ്ക്കുണ്ടായ നഷ്ടത്തിന് തുല്യ ഉത്തരവാദികളാകയാൽ, അന്നത്തെ സെക്രട്ടറിയിൽ നിന്നും സെല്ലിലെ അംഗങ്ങളിൽ നിന്നും നഗര സഭയ്ക്കുണ്ടായ നഷ്ടം തുല്യമായി ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 4 | | 45 | 80 ഗുണഭോക്താക്കളിൽ 12 പേർ മാത്രമാണ് വിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുള്ളത്. ആയതിനാൽ ബാക്കി 68 ഗുണഭോക്താക്കളും പദ്ധതി പ്രകാരം ലഭിച്ച തുക കാലി ത്തൊഴുത്ത് നിർമ്മിക്കുന്നതിനായി വിനിയോഗിച്ചിട്ടുള്ളതായി വ്യക്തമാ ക്കുന്ന രേഖകൾ അടിയന്തിരമായി ആഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാ ക്കണമെന്ന് നഗരസഭയോടും ആയത് പരിശോധിച്ച് അന്തിമ റിപ്പോർട്ട് സമി തിക്ക് ലഭ്യമാക്കണമെന്ന് ലോക്കൽ ഫണ്ട് വകുപ്പിനോടും സമിതി ആവശ്യപ്പെടുന്നു. |
| 5 | | 50 | സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി പ്രകാരം ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട് പണി പൂർത്തീകരിച്ചതായി തെളിയിക്കുന്ന മുനിസിപ്പൽ എഞ്ചിനീയറുടെ/ ബിൽഡിംഗ് ഇൻസ്പെക്ടറുടെ കംപ്ലീ ഷൻ സർട്ടിഫിക്കറ്റ്, പദ്ധതി പണ വിനിയോഗം സംബന്ധിച്ച രേഖകൾ എന്നിവ ഓഡിറ്റ് മുമ്പാകെ പരിശോധ നയ്ക്ക് ഹാജരാക്കി ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തുകയും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് അത് സംബന്ധിച്ച റിപ്പോർട്ട് സമി തിയ്ക്ക് ലഭ്യമാക്കുകയും ചെയ്യണ മെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 6 | | 54 | ആകെയുള്ള 73 ഗുണഭോക്താക്കളിൽ കൺസ്യൂമർ നമ്പർ ലഭിച്ച 52 |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വ്യക്തികൾ ഒഴികെ ബാക്കി 21 പേരുടെ കൺസ്യൂമർ നമ്പർ സഹിതമുള്ള വ്യക്തമായ രേഖകൾ ഓഡിറ്റ് വകുപ്പ് മുമ്പാകെ അടിയന്തിരമായി ഹാജരാക്കി ബോദ്ധ്യപ്പെടുത്തണമെന്നും ആയതിനു സാധിക്കാത്തപക്ഷം നഗരസഭയ്ക്ക് സംഭവിച്ച നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 7 | | 55 | പദ്ധതി നിർവ്വഹണത്തിന് 9 വർഷങ്ങൾക്കുശേഷവും പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വ്യക്തമായ രേഖകൾ ഹാജരാക്കാൻ നഗരസഭ അധികൃതർക്കു കഴിയാത്തത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയായി സമിതി കാണുന്നുവെന്നും ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടികൾ സ്വീകരിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 8 | | 59 | നഗരസഭയ്ക്കു നഷ്ടമായ 24,000 രൂപ ബന്ധപ്പെട്ട മുൻസെക്രട്ടറിയിൽ നിന്നും ആർ.ആർ നടപടി വഴി ഈടാക്കി ആയതിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കുക. |
| 9 | | 65 | സ്വന്തമായി വീടില്ലാത്തവർക്ക് നൽകേണ്ടിയിരുന്ന ധനസഹായം നിലവിൽ വീടിന് കരമടയ്ക്കുന്നവർക്ക് നൽകിയ പ്രവൃത്തി യാതൊരു കാരണവശാലും ന്യായീകരിക്കത്തക്കതല്ല. |
| 10 | | 66 | പ്ലാൻ ഫണ്ട് ലാപ്സാകുമെന്ന ഒറ്റ കാരണത്താൽ വാർഡ് സഭയുടെ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത വ്യക്തികളുടെ പേരുകൾ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തുകയും പിന്നീട് വാർഡ് സഭയിൽ വച്ച് അതിന് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സാധൂകരണം വാങ്ങുകയും ചെയ്യുന്ന രീതി തെറ്റായ പ്രവണതയാണെന്നും ഭാവിയിൽ ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണെന്നും സമിതി ശുപാർശ ചെയ്യുന്നു. ഈ കേസിൽ വാർഡ് സഭ ചേരുകയോ പകരമുണ്ടാക്കിയ ലിസ്റ്റിന് സാധൂകരണം നൽകുകയോ ചെയ്തിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. |
| 11 | | 67 | പ്രസ്തുത ഭവന നിർമ്മാണ പദ്ധതിയിൽ അർഹരല്ലാത്തവരുടെ പേരുകൾ ഉൾപ്പെടുത്തി ലിസ്റ്റ് തയ്യാറാക്കിയ മുൻ സെക്രട്ടറി ശ്രീ. എസ്. സുദർശനിൽ നിന്നും വാർഡ് സഭയുടെ മിനിറ്റ്സിൽ രേഖപ്പെടുത്താത്ത വ്യക്തികളുടെ പേരുകൾ കൂടി അന്തിമ ലിസ്റ്റിൽ ഉൾപ്പെടുത്തിയ കൗൺസിൽ അംഗങ്ങളിൽ നിന്നും നഗരസഭയ്ക്കുണ്ടായ നഷ്ടം തുല്യമായി ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 12 | | 75 | ആർക്കിടെക്ടിനെ സ്പെഷ്യലായി നിയമിക്കുന്നതിന് നഗരസഭ അനുമതി വാങ്ങിയിട്ടില്ലെന്നും 6,17,951 രൂപ ആർക്കിടെക്ടിന് നൽകി തയ്യാറാക്കിയ പ്ലാൻ കേരള മുനിസിപ്പൽ ബിൽഡിംഗ് റൂൾസിന് വിരുദ്ധമായിരുന്നതിനാൽ മൂന്ന് പ്രാവശ്യം അവ ചീഫ് ടൗൺ പ്ലാനർ നിരസിക്കാനിടയായത് ആർക്കിടെക്ടിന്റെയും ലേ ഔട്ട് വേണ്ടവിധം പരിശോധിക്കാതിരുന്ന നഗരസഭയുടെ ടൗൺ പ്ലാനിംഗ് വിഭാഗത്തിന്റെയും വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. |
| 13 | | 76 | ആർകിടെക്ടുമായി ഉണ്ടാക്കിയ കരാറിൽ ഏൽപ്പിച്ച ജോലി പൂർത്തിയാക്കുന്നതിന് സമയപരിധി നിശ്ചയിക്കാതിരുന്നതും ടിയാന്റെ വീഴ്ചമൂലം നഗരസഭയ്ക്കുണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിന് വ്യവസ്ഥ ഉൾക്കൊള്ളിക്കാത്തതും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നഗരസഭയുടെ ഭാഗത്തുനിന്നും സംഭവിച്ച കടുത്ത അനാസ്ഥയാണെന്ന് സമിതി മനസ്സിലാക്കുന്നു. |
| 14 | | 77 | 6,17,951 രൂപയുടെ പേമെന്റ് മുനിസിപ്പൽ ചെയർമാൻ അംഗീകരിച്ചാൽ മാത്രമേ പ്രസ്തുത തുക നല്കാൻ സെക്രട്ടറിക്ക് സാധിക്കുകയുള്ളൂവെന്നും ആയതിനാൽ നഗരസഭയ്ക്കുണ്ടായ നഷ്ടം മുൻ സെക്രട്ടറി ശ്രീ. എസ്. സുദർശനൻ, അന്നത്തെ മുനിസിപ്പൽ ചെയർമാൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എന്നിവരുടെ ബാധ്യതയായി നിശ്ചയിച്ച് അവരിൽ നിന്നും തുല്യമായി ആർ.ആർ. വഴി ഈടാക്കേണ്ടതാണെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 15 | | 81 | നിശ്ചയിച്ചിരുന്ന റോഡ് പണിക്കു പകരം മറ്റൊരു റോഡിന്റെ പണി ചെയ്ത പ്രവൃത്തിക്ക് കൗൺസിലിന്റെ സാധൂകരണം വാങ്ങി ഓഡിറ്റ് വകുപ്പിനെ അടിയന്തിരമായി ബോധ്യപ്പെടുത്താത്തപക്ഷം റോഡുപണിക്കായി ചെലവായ തുക മുൻ സെക്രട്ടറി ശ്രീ. എസ്. സുദർശനിൽ നിന്നും ബന്ധപ്പെട്ട കൗൺസിലറിൽ നിന്നും തുല്യമായി ഈടാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 16 | | 87 | ശ്രീ. എ. ആർ. വിജയന് കേരള വികസന പദ്ധതിയിൽപ്പെടുത്തി സ്ഥലം വാങ്ങുന്നതിന് മാത്രമാണ് ആദ്യം ധനസഹായം നൽകിയിട്ടുള്ളതെന്നും പിന്നീട് വാംബേ പദ്ധതിയിൽപ്പെടുത്തിയാണ് വീട് വയ്ക്കുന്നതിന് ധനസഹായം നൽകിയതെന്നുമുള്ള നഗരസഭാ സെക്രട്ടറിയുടെ മറുപടിയും 4-8-2008-ലെ എൽ.എഫ്.എ. കത്തുപ്രകാരം സ്വന്തമായി സ്ഥലവും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വീടുമില്ലാത്തവർക്ക് സ്ഥലവും വീടും നൽകുന്നതിനുള്ള 62/2002-03 നമ്പർ പദ്ധതിയിൽപ്പെടുത്തി ടിയാന് സ്ഥലം വാങ്ങാൻ മാത്രം ധനസഹായം നൽകുകയും വാംബേ പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിന് 40,000 രൂപ അനുവദിച്ചതിൽ 35,000 രൂപ നൽകുകയും ചെയ്തിട്ടുണ്ടെന്നും അധികമായി നൽകിയ തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല എന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നൽകിയ മറുപടിയും പരിശോധിച്ചതിൽ അധികമായി നൽകിയ തുക എത്രയെന്നോ ഏതുവിധത്തിലാണ് തുക അധികമായി നൽകിയതെന്നോ വ്യക്തമാകാത്ത സാഹചര്യത്തിൽ ഈ രണ്ടു മറുപടികളും പരിശോധിച്ച് വ്യക്തമായ മറുപടി നൽകുന്നതിന് എൽ. എഫ്. എ. ഡി. യോട് സമിതി ആവശ്യപ്പെടുന്നു. |
| 17 | | 88 | ശ്രീ. എ. ആർ. വിജയന് നൽകിയ തുകകളുടെ വിനിയോഗം സംബന്ധിച്ച വിശദവിവരങ്ങളും തുക യഥാർത്ഥ ആവശ്യത്തിനുതന്നെ വിനിയോഗിച്ചിട്ടുണ്ടോ എന്നതു സംബന്ധിച്ചും സമിതിയെ അറിയിക്കണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനോടും ആയത് പരിശോധിച്ച് ബോദ്ധ്യപ്പെട്ട വിവരം അറിയിക്കണമെന്ന് എൽ.എഫ്.എ.ഡി. യോടും സമിതി നിർദ്ദേശിക്കുന്നു. |
| 18 | പാലാ മുനിസിപ്പാലിറ്റി | 94 | ഇൻഡോർ സ്റ്റേഡിയം നിർമ്മാണം സംബന്ധിച്ച് കൗൺസിൽ അംഗങ്ങൾ ഏകകണ്ഠമായി തീരുമാനമെടുത്തതിനെതുടർന്നാണ് സെക്രട്ടറി തുടർനടപടികൾ സ്വീകരിച്ചിട്ടുളളതെന്ന് സമിതി മനസ്സിലാക്കുന്നു. കൗൺസിലിന്റെ ഏകകണ്ഠമായ തീരുമാനത്തിന് തടസ്സം വന്നതിനും തുക പാഴായി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പോയതിനും കാരണം കൗൺസിൽ അംഗങ്ങൾക്കിടയിലെ ചേരിപ്പോരും തർക്കവുമാണെന്നു വ്യക്തമായതിനാൽ നഗരസഭയ്ക്ക് ഉണ്ടായതായ 16,44,092 രൂപയുടെ നഷ്ടം 12% പലിശ ഉൾപ്പെടെ നഗരസഭ ചെയർമാനിൽ നിന്നും അന്നത്തെ കൗൺസിൽ അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കാൻ സമിതി നിർദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളുടെ വിശദവിവരം സമിതിയെ അറിയിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 19 | കാസറഗോഡ് നഗരസഭ | 115 | സെയിൽസ് ടാക്സ് ഇനത്തിൽ നഗരസഭ പിരിച്ചെടുത്ത 2,27,646 രൂപ 4-2-2008-ൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ കോമേഴ്സ്യൽ ടാക്സ് ഓഫീസറുടെ 23-5-2008-ലെ Demand Notice-ൽ വീണ്ടും 2,27,646 രൂപ കൂടി Demand ചെയ്തതായി കാണുന്നു. വീണ്ടും ഈ തുക Demand Notice-ൽ ഉൾപ്പെട്ടതെങ്ങനെയെന്ന് വ്യക്തമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 20 | | 116 | കോമേഴ്സ്യൽ ടാക്സ് ഓഫീസറുടെ 23-5-2008-ലെ demand notice പ്രകാരം അസ്സൽ തുകയായ 2,27,646 രൂപയും പലിശ ഇനത്തിൽ 5,915 രൂപയും കൂടി ആകെ 2,33,565 രൂപ ഒഴിവാക്കി കിട്ടുന്നതിന് 26-6-2008-ൽ ഫിനാൻസ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നൽകിയ അപ്പീൽ പെറ്റീഷന്റെ നിലവിലെ സ്ഥിതി സമിതിയെ അറിയിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 21 | | 117 | 23-10-1998-ലെ സർക്കാർ ഉത്തരവ് ജി.ഒ. (പി) 218/98/എൽ.എ.ഡി. 29-6-1999-ലെ സർക്കാർ സർക്കുലർ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നമ്പർ 27582/P3/99/ത.സ്വ.ഭ.വ. പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് സമിതിയിൽ നിന്നും ആദായ നികുതി, വിൽപ്പന നികുതി എന്നിവ ഈടാക്കേണ്ടതില്ല എങ്കിലും എസ്റ്റിമേറ്റിൽ ടി തുക ഉൾപ്പെടുത്തേണ്ടതും നഗരസഭ നേരിട്ട് അടവാക്കേണ്ടതുമാണ്. ആയതിനാൽ 2,60,946 രൂപ നഗരസഭ നേരിട്ട് അടവാക്കി സമിതിക്ക് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 22 | | 122 | നഗരസഭ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശുപാർശ ചെയ്യുന്നു. |
| 23 | | 127 | 11,400 രൂപ ഉത്തരവാദിയായ കൃഷി ഓഫീസറുടെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിലേക്ക് അടവാക്കിയതിന്റെ രേഖകൾ അടിയന്തിരമായി ഓഡിറ്റ് വകുപ്പിന് കൈമാറണമെന്നും അതു സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |

അനുബന്ധം II

**പട്ടിക 1**

ഓഡിറ്റ് റിപ്പോർട്ട് 1998-99 ഖണ്ഡിക 27(എ)

**സെയിൽസ് ടാക്സ് രജിസ്ട്രേഷൻ ഇല്ലാത്തതും 1998-99 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഉയർന്ന നിരക്കിൽ വിൽപ്പന നികുതി ഈടാക്കേണ്ടതുമായ കരാറുകാരുടെ വിവരം**

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | ഖണ്ഡിക പ്രകാര മുള്ള തുക | അനക്സർ 1 പ്രകാരമുള്ള തുക | | അടവാ ക്കേണ്ട തുക |
|---|---|---|---|---|---|
| | | | വൗച്ചർ നമ്പർ | തുക | |
| 1 | 2 | 3 | 4 | 5 | 6 |
| 1 | ടി. എ. അഹമ്മദ് | 41954 | 841/11-11-1998<br>254/30-12-1998<br>204/18-3-1999<br>224/25-3-1999 | (-)214<br>2619<br>(-)597<br>388 | 2196 |
| 2 | എം. എ. അബ്ദുൾ നാസർ | 7094 | 269/31-3-1999 | 4388 | 4388 |
| 3 | ബി. മുഹമ്മദ് കുഞ്ഞ് | 3377 | 840/11-11-1998 | 1984 | 1984 |
| 4 | കെ. മുഹമ്മദ് | 3755 | 105/12-11-1998 | 2718 | 2718 |
| 5 | പി. എം. മുഹമ്മദ് കുഞ്ഞ് | 12131 | 759/10-1998<br>851/11-1998 | 1748<br>160 | 1908 |
| 6 | M/s ഭാരത് എന്റർപ്രൈസസ് | 10534 | 790/24-10-1998 | 5830 | 5830 |
| 7 | M/s ന്യൂലൈൻ ഇൻഡസ്ട്രീസ് | 8761 | 107/19-11-1998 | 876 | 876 |
| 8 | ഹുസൈൻകുഞ്ഞ് | 3457 | 1076/15-1-1999 | 2940 | 2940 |
| 9 | ബി. അബുബക്കർ | 5172 | 1339/31-3-1999<br>270/31-3-1999 | 2166<br>3006 | 5172 |
| 10 | M/s ഹൈടെക്ക് ബോർവെൽസ് | 12335 | 452/31-3-1999<br>457/31-3-1999<br>251/30-3-1999<br>252/30-3-1999<br>285/31-3-1999 | 1055<br>3016<br>652<br>3551<br>4061 | 12335 |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 11 | മുഹമ്മദ് അസ്സാം | 3539 | 181/8-3-1999<br>254/30-3-1999 | 1195<br>2344 | 3539 |
| 12 | കെ. എ. മുഹമ്മദ് അഷറഫ് | 2872 | 239/26-3-1999<br>240/26-3-1999 | 772<br>2100 | 2872 |
| 13 | മുഹമ്മദ് കുഞ്ഞി | 2429 | 255/30-3-1999 | 2429 | 2429 |
| | | | ആകെ | | 49187 |

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്),

*ജില്ലാ ഓഫീസ്, കാസർഗോഡ്.*

## പട്ടിക 1 എ

ഓഡിറ്റ് റിപ്പോർട്ട് 1998-99 ഖണ്ഡിക 27(എ)

**വിൽപ്പന നികുതി ആക്റ്റ് 1963 സെക്ഷൻ 7 ബി ഭേദഗതി നമ്പർ 1221/29-7-1998 പ്രകാരം വിൽപ്പന നികുതി ഒഴിവാക്കാവുന്ന കരാർ ജോലികളുടെ വിവരം**

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | ഖണ്ഡിക പ്രകാര മുള്ള തുക | അനക്സർ 1 പ്രകാരമുള്ള തുക | | | റിമാർക്ക് |
|---|---|---|---|---|---|---|
| | | | വൗച്ചർ നമ്പർ | തുക | ഒഴിവാ ക്കാവുന്ന തുക | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | ടി. എം. അബ്ദുള്ള കുഞ്ഞി | 6539 | 58/3-4-1998<br>228/21-5-1998<br>229/21-5-1998 | 3200<br>2097<br>1242 | 6539 | |
| 2 | ടി. എ. അഹമ്മദ് | 41954 | 64/4-4-1998<br>65/4-4-1998<br>66/4-4-1998<br>87/18-4-1998<br>88/18-4-1998<br>89/18-4-1998<br>6/22-4-1998<br>43/17-6-1998 | 1730<br>909<br>1196<br>3534<br>2493<br>1906<br>9947<br>979 | 22694 | കുടിവെള്ള വിതരണം |
| | | | 1071/14-1-1999<br>970/10-12-1998 | 6298<br>10766 | 6298<br>10766 | |
| 3 | ഇ. ഐ. അഹമ്മദ് | 10231 | | 10231 | 10231 | |
| 4 | എം. എ. അബ്ദുൾ നാസർ | 7094 | 1/17-4-1998 | 2706 | 2706 | |
| 5 | എ. ഷംസുദ്ദീൻ | 4101 | 7/22-4-1998 | 4101 | 4101 | |
| 6 | എം. മുഹമ്മദ് കുഞ്ഞ് | 3127 | 9/22-4-1998 | 3127 | 3127 | |
| 7 | അഹമ്മദ് ഷഫീക്ക് | 1922 | 17/23-4-1998<br>893/20-11-1998<br>953/5-12-1998<br>1178/12-2-1999 | 2274<br>(-)4553<br>4179<br>22 | 1922 | |
| 8 | ബി. മുഹമ്മദ് കുഞ്ഞ് | 3377 | 216/16-5-1998 | 1393 | 1393 | |
| 9 | എം. എ. ഷമീർ | 9935 | 13/12-5-1998<br>40/12-6-1998<br>51/22-6-1998 | 5961<br>2318<br>1656 | 9935 | |

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| 10 | കെ. മുഹമ്മദ് | 3755 | 23/18-5-1998 | 1037 | 1037 | |
| 11 | ബി. എം. അബ്ദുൾ ഖാദർ | 5520 | 24/18-5-1998 | 5520 | 5520 | |
| 12 | എം. എം. മുഹമ്മദ് കുഞ്ഞ് | 1840 | 25/18-5-1998 | 1840 | 1840 | |
| 13 | പി. എം. മുഹമ്മദ് കുഞ്ഞി | 12131 | 335/18-6-1998 | 10223 | 10223 | |
| 14 | M/s ഭാരത് എന്റർപ്രൈസസ് | 10534 | 39/12-6-1998 | 4704 | 4704 | |
| 15 | പി. അബ്ദുള്ള കുഞ്ഞി | 1468 | 45/17-6-1998<br>1073/14-1-1999<br>1074/14-1-1999<br>1075/14-1-1999<br>1077/14-1-1999 | 736<br>183<br>183<br>183<br>183 | 1468 | |
| 16 | M/s ന്യൂലൈൻ ഇൻഡസ്ട്രീസ് | 8761 | 76/29-6-1998 | 7885 | 7855 | |
| 17 | ടി. എം. അബ്ദുൾ ഖാദർ | 2940 | 585/3-8-1998 | 2940 | 2940 | |
| 18 | M/s ലോഫ് കൺസ്ട്രക്ഷൻസ് | 375 | 760/22-10-1998 | 375 | 375 | |
| 19 | ഹുസൈൻകുഞ്ഞ് | 3457 | 849/12-11-1998 | 517 | 517 | |
| 20 | എൻ. കെ. അബ്ദുൾ റഹിമാൻ | 3680 | 850/12-11-1998 | 3680 | 3680 | |
| 21 | സി. എ. മുഹമ്മദ് | 1648 | 1223/24-2-99 | 1648 | 1648 | |
| 22 | സി. എച്ച്. കരുണാകരൻ | 642 | 531/27-8-1999 | 642 | 642 | തെരുവ് വിളക്ക് നന്നാക്കിയത് (നിയമപരമായി നികുതി ഈടാക്കേണ്ടതില്ല). |
| | | | | ആകെ | 122191 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്),
ജില്ലാ ഓഫീസ്, കാസർഗോഡ്.

## പട്ടിക 1 ബി

ഓഡിറ്റ് റിപ്പോർട്ട് 1998-99 ഖണ്ഡിക 27 (എ)

**വിൽപ്പന നികുതി രജിസ്ട്രേഷനുള്ള കരാറുകാരുടെ വിവരം**

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | തുക | രജിസ്ട്രേഷൻ നമ്പർ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | പി. എ. മുഹമ്മദ് ഷാഫി | 4937<br>909 | 36113122/36150171/26-10-1998 |
| 2 | പി. എ. മുഹമ്മദ് അഷറഫ് | 18067 | 36113161/36150139/21-11-1998 |
| 3 | കെ. അബ്ദുൾ റഹിമാൻ ഹാജി | 14849 | 36113160/36150138/21-11-1998 |
| 4 | മുഹമ്മദ് ഖനി | 3967 | 36113262/36150185/8-4-1999 |
| 5 | ടി. എ. മുഹമ്മദ് കുഞ്ഞ് | 23845 | 36113265/36150186/18-2-1999 |
| 6 | എം. എ. അഷറഫ് | 20806 | 36113225/36150062/19-2-1999 |
| 7 | സി. എം. അബ്ദുൾ റഹിമാൻ | 16922 | 36113384/36150063/19-11-1999 |
| 8 | എം. എസ്. മുഹമ്മദ് | 8536 | 36113263/36150107/8-4-1999 |
| 9 | മുഹമ്മദ് കുഞ്ഞ് (എം. കെ. ചെർക്കളം) | 7360 | 36113078/36150130/9-9-1998 |
| 10 | എം. അബുബക്കർ സിദ്ദിഖ് | 9511 | 36150047/10-8-1999 |
| 11 | അബ്ബാസ് ബാങ്ങോട് | 9038 | 36113316/36150195/9-7-1999 |
| 12 | എം. എ. അബ്ദുൾ ലത്തീഫ് (പവർ ഓഫ് അറ്റോണി- പി. എ. മുഹമ്മദ് അഷറഫ്) | 4662 | 361150139/21-11-1998 |
| 13 | എ. അസൈനാർ | 5817 | 36113187/23-5-1999 |
| 14 | എൽ. എ. മുഹമ്മദ് | 157631 | 36113068/1-9-1998 |
| | ആകെ | 306857 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്),
*ജില്ലാ ഓഫീസ്, കാസർഗോഡ്.*

## പട്ടിക 2

ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 16 (ബി1)

**രജിസ്ട്രേഷൻ ഇല്ലാത്ത കരാറുകാരുടെ വിവരം**

| ക്രമനമ്പർ | കരാറുകാരന്റെ പേര് | തുക |
|---|---|---|
| 1 | എം. മുഹമ്മദ് കുഞ്ഞി | 1,537 |
| 2 | കെ. എ. ഫൈസൽ | 4,407 |
| 3 | M/s. ഇൻഡ്യാ ബോർവെൽസ് | 10,048 |
| 4 | ഇ. ഐ. മുഹമ്മദ് | 776 |
| 5 | പി. എം. ഹസ്സൻകുട്ടി | 461 |
| 6 | എം. ഷമീർ | 4,961 |
| 7 | എ. അസൈനാർ | 2,632 |
| 8 | അബ്ദുൾ ലത്തീഫ് | 174 |
| 9 | പി. അബ്ദുള്ള കുഞ്ഞി | 1,976 |
| 10 | പി. എം. അഹമ്മദ് | 30 |
| 11 | എ. അബൂബക്കർ സിദ്ദിഖ് | 169 |
| 12 | എം. എം. മുഹമ്മദ് കുഞ്ഞി | 1,042 |
| 13 | ബി. എം. അബ്ദുൾ ഖാദർ | 2,273 |
| 14 | കെ. എ. ജലീൽ | 1,238 |
| 15 | പി. എം. മുഹമ്മദ് കുഞ്ഞി | 1,676 |
| 16 | എ. അബാസ് അബ്ദുള്ള | 354 |
| 17 | മുഹമ്മദ് കുഞ്ഞി | 900 |
| | ആകെ | 34,654 |

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്),
*ജില്ലാ ഓഫീസ്, കാസർഗോഡ്.*

പട്ടിക 2 (എ)

ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 16 (ബി1)

**രജിസ്ട്രേഷൻ ഉള്ള കരാറുകാരുടെ വിവരം**

| ക്രമനമ്പർ | കരാറുകാരന്റെ പേര് | തുക | രജിസ്ട്രേഷൻ നമ്പർ |
|---|---|---|---|
| 1 | ടി. എ. മുഹമ്മദ് കുഞ്ഞ് | 4,191 | 36113265/36150186/18-2-1999 |
| 2 | പി .എ. മുഹമ്മദ് ഷാഫി | 4,352 | 36113122/36150171/26-10-1998 |
| 3 | എം. എ. അബ്ദുൾ ലത്തീഫ് (പവർ ഓഫ് അറ്റോണി- പി. എ. മുഹമ്മദ് അഷറഫ്) | 5,171 | 36150139/21-11-1998 |
| 4 | എൽ.എ. മുഹമ്മദ് | 78,468 | 36113068/1-9-1998 |
| | ആകെ | 92,182 | |

**ഒഴിവാക്കുന്ന മറ്റ് സംഖ്യകൾ**

| | പേര് | തുക | റിമാർക്ക് |
|---|---|---|---|
| 5 | ടി. എ. അഹമ്മദ് | 6,415<br>564 | 24-3-1998-ന് പണി പൂർത്തീകരിച്ചു.<br>17-2-1998-ന് പണി പൂർത്തീകരിച്ചു |
| 6 | എം. മുഹമ്മദ് കുഞ്ഞി | 4,028<br>5,316 | 20-3-1998-ന് പണി പൂർത്തീകരിച്ചു<br>20-8-1998-ന് പണി പൂർത്തീകരിച്ചു |
| 7 | കെ. എ. ഫൈസൽ | 871 | ഡ്രെയിനേജ് വൃത്തിയാക്കിയത് |
| 8 | അബ്ദുൾ ലത്തീഫ് | 873 | ഡ്രെയിനേജ് വൃത്തിയാക്കിയത് |
| 9 | വി. കെ. അബ്ദുൾ റഹിമാൻ | 4,089 | 31-3-1998-ന് പണി പൂർത്തീകരിച്ചു |
| | ആകെ | 22,156 | |

ആകെ 92,182 + 22,156=1,14,338.

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്),
*ജില്ലാ ഓഫീസ്, കാസർഗോഡ്.*

പട്ടിക 2 (ബി)

ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 16 (ബി 2)

**വിൽപ്പന നികുതി രജിസ്ട്രേഷൻ ഇല്ലാത്ത കരാറുകാരുടെ വിവരം**

| ക്രമനമ്പർ | കരാറുകാരന്റെ പേര് | തുക |
|---|---|---|
| 1 | M/s. ഹൈടെക് ബോർവെൽസ് | 1,154 |
| 2 | കെ. എ. മുഹമ്മദ് അഷ്റഫ് | 2,417 |
| 3 | ബി. എം. അബ്ദുൾ ഖാദർ | 4,502 |
| 4 | ബി. മുഹമ്മദ് കുഞ്ഞി | 1,359 |
| 5 | എം. പ്രകാശൻ | 15,460 |
| 6 | എം. ഇ. ഷമീർ | 4,597 |
| 7 | എം. മൊയ്തീൻ കുഞ്ഞി | 689 |
| 8 | എം. എ. അബ്ദുൾ ലത്തീഫ് | 2,483 |
| 9 | പി. അബ്ദുള്ള കുഞ്ഞി | 762 |
| 10 | അബ്ദുൾ നാസർ | 3,352 |
| 11 | സി. എ. അബ്ദുള്ള കുഞ്ഞി | 3,654 |
| 12 | കെ. അബ്ദുള്ള കുഞ്ഞി | 4,340 |
| 13 | ടി. എ. അഹമ്മദ് കുഞ്ഞി | 13,340 |
| 14 | എം. സക്കറിയ | 3,420 |
| | ആകെ | 61,529 |

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്),

*ജില്ലാ ഓഫീസ്, കാസർഗോഡ്.*

## പട്ടിക 2 (സി)

ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 16 (ബി 2)

**വിൽപ്പന നികുതി രജിസ്ട്രേഷനുള്ള കരാറുകാരുടെ വിവരം**

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | തുക | രജിസ്ട്രേഷൻ നമ്പർ |
|---|---|---|---|
| 1 | പി. എ. മുഹമ്മദ് ഷാഫി | 1,160 | 36113122/36150171/26-10-1998 |
| 2 | ടി. എ. മുഹമ്മദ് കുഞ്ഞ് | 7,747 | 36113265/36150186/18-2-1999 |
| 3 | എ. അസൈനാർ | 20,029 | 36113187/23-5-1999 |
| 4 | എം. എസ്. മുഹമ്മദ് | 6,179 | 36150107/8-4-1999 |
| 5 | എം. അബൂബക്കർ സിദ്ദിഖ് | 5,739 | 36113518/36150047/10-8-1999 |
| | ആകെ | 40,854 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്),
*ജില്ലാ ഓഫീസ്, കാസർഗോഡ്*

## പട്ടിക 2 (ഡി)

ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 16 (ബി 3)

**വിൽപ്പന നികുതി രജിസ്ട്രേഷനില്ലാത്ത കരാറുകാരുടെ വിവരം**

| ക്രമനമ്പർ | കരാറുകാരന്റെ പേര് | തുക |
|---|---|---|
| 1 | അബ്ദുൾ ബാങ്ങോട് | 1,353 |
| 2 | ടി. എ. അഹമ്മദ് | 954 |
| 3 | കെ. എ. മുഹമ്മദ് | 685 |
| | ആകെ | 2,992 |

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്),
*ജില്ലാ ഓഫീസ്, കാസർഗോഡ്.*

പട്ടിക 2 (ഇ)

ഓഡിറ്റ് റിപ്പോർട്ട് 1999-2000 ഖണ്ഡിക 16 (ബി 3)

**വിൽപ്പന നികുതി രജിസ്ട്രേഷനുള്ള കരാറുകാരുടെ വിവരം**

| ക്രമനമ്പർ | കരാറുകാരന്റെ പേര് | തുക | രജിസ്ട്രേഷൻ നമ്പർ |
|---|---|---|---|
| 1 | മുഹമ്മദ് അഷറഫ് | 14,949 | 36113161/36150139/21-11-1998 |
| 2 | എം. എസ്. മുഹമ്മദ് | 8,527 | 36113263/36150107/8-4-1999 |
| 3 | അസൈനാർ തളങ്കര | 4,692 | 36113187/23-5-1999 |
| ആകെ | | 28,168 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്),

*ജില്ലാ ഓഫീസ്, കാസർകോഡ്.*